2019 NOV \ VOL 18 \ ISSUE 11 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## ആവറേജ് മനുഷ്യരുടെ ആശങ്കകൾ

കവർസ്റ്റോറി – ജിന്റോ ജോൺ

മിഷൻ

## നോർത്ത് ഈസ്റ്റ് യാത്രാനുഭവങ്ങൾ

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ

## അരുത്! ആ കുഞ്ഞിന് ജീവനുണ്ട്

ചിഞ്ചു ബിബിൻ

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH



*Virgin of Carmel Saving Souls in Purgatory, by Cusco School, c. 17th century*

# നിസ്സാര പാപങ്ങൾക്കും ശുദ്ധീകരണസ്ഥലമോ?

മഹാനായ വി. ആൽബർട്ട് ശുദ്ധീകരണ സ്ഥലത്തിൽ? മഹാ പണ്ഡിതനായിരുന്നു വി. ആൽബർട്ട്. അദ്ദേഹം അനേകം പുണ്യങ്ങളിൽ മികച്ചു നിന്നവനായിരുന്നെങ്കിലും സ്വന്തം അറിവിനെക്കുറിച്ച് സന്തോഷിച്ച ആൽബർട്ടിനെ ദൈവം ശുദ്ധീകരണസ്ഥലത്തേക്ക് കൊണ്ടുപോയി എന്ന് വി. ജോൺ മരിയവിയാനിയുടെ ഒരു പ്രസംഗത്തിൽ പറയുന്നുണ്ട്. തന്റെ സഹോദരി തിന്മ നിറഞ്ഞ ഒരു ഗാനം അൽപം സന്തോഷത്തോടെ കേട്ടതിനാൽ, അതിനു പരിഹാരം ഭൂമിയിൽ വച്ചു ചെയ്യാത്തതിനാൽ ശുദ്ധീകരണ സ്ഥലത്തിൽ അനേകവർഷങ്ങൾ ചെലവഴിച്ചുവെന്ന് വി. പീറ്റർ ഡാമിയനും പറയുന്നു.

വി. അന്റോണിയസ് രേഖപ്പെടുത്തുന്നു, അദ്ദേഹത്തിന്റെ ഡൊമിനിക്കൻ ആശ്രമത്തിലെ ഭക്തനായ ഒരു വ്യക്തി മരിച്ച് വളരെ നാളുകൾക്കു ശേഷം ആത്മാവ് കഠിന വേദനയിൽ പിടയുന്ന രൂപത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു: "ഈ ലോകത്ത് ജീവിച്ചിരുന്ന കാലത്ത് ശുദ്ധീകരണ സ്ഥലത്തിലെ ആത്മാക്കൾക്കു വേണ്ടി പ്രാർഥനകൾ അർപ്പിക്കാൻ ഞാൻ ശ്രദ്ധിച്ചില്ല. അതുകൊണ്ട് ഇപ്പോൾ എനിക്കായി അർപ്പിക്കപ്പെടുന്ന ബലികളും പ്രാർഥനകളും ഞാൻ ജീവിച്ചിരുന്നപ്പോൾ പ്രാർഥിക്കേണ്ടിയിരുന്ന ആത്മാക്കൾക്കായി നൽകാൻ നീതിമാനായ ദൈവം കൽപിച്ചു. ജീവിതകാലത്ത് ഞാൻ ചെയ്ത സദ്പ്രവൃത്തികളുടെയെല്ലാം ഫലം ഞാൻ സ്വർഗത്തിൽ ചെല്ലുമ്പോൾ ദൈവം എനിക്കു തരും. പക്ഷേ, അതിനുമുമ്പ് ഞാൻ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളോടു കാണിച്ച അവഗണനക്ക് പരിഹാരം ചെയ്യേണ്ടിയിരിക്കുന്നു."

നമ്മുടെ നിസ്സാര പാപങ്ങൾക്കും ദൈവസന്നിധിയിൽ പരിഹാരം ആവശ്യമാണ്. ലഘുവായി നമുക്കു തോന്നുന്ന തെറ്റുകൾ യഥാർഥത്തിൽ ദൈവത്തിന്റെ അനന്തനന്മക്കെതിരായ ഗൗരവമേറിയ ധിക്കാര പ്രവൃത്തികളാണ്.


ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കളേക്കാൾ അടിയന്തര സഹായം ആവശ്യമുള്ള വേറെ ആരാണുള്ളത്? അനുദിന ദിവ്യബലികളിൽ അവരെ ഓർക്കാം. ആഴ്ചയിൽ ഒരു ദിവസത്തെ എല്ലാ പുണ്യ പ്രവൃത്തികളും പ്രാർഥനകളും സഹനങ്ങളും അവർക്കായി സമർപ്പിക്കാം.

സഭ നിർദേശിച്ചിട്ടുള്ള ദണ്ഡവിമോചന മാർഗങ്ങൾ വഴി നമ്മുടെയും മരിച്ചുപോയ ആത്മാക്കളുടെയും ശുദ്ധീകരണകാലം നമുക്കു കുറയ്ക്കാം.

വി. കാതറിൻ പറയുന്നു: "എനിക്ക് വിശുദ്ധരിൽനിന്ന് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ, അതിലേറെ അനുഗ്രഹങ്ങൾ ശുദ്ധീകരിക്കപ്പെട്ട ആത്മാക്കളിൽ നിന്നും ലഭിച്ചിട്ടുണ്ട്."

"ഈശോയേ, മറിയമേ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു; ശുദ്ധീകരണാത്മാക്കളെ രക്ഷിക്കണമേ."

*(റഫറൻസ്: "ശുദ്ധീകരണാത്മാക്കളും നമ്മളും" - ഫാ. തോമസ് അമ്പാട്ടുകുഴിയിൽ വി. സി.)*




# മികച്ച സമ്പാദ്യം

കേടുവരാത്തതും മൂല്യശോഷണം സംഭവിക്കാത്തതും സുരക്ഷിതത്വം നൽകുന്നതും ഭാവിയെ ശോഭനവുമാക്കുന്നതുമായ സമ്പാദ്യം എന്താണ്? ജോലി, വിദ്യാഭ്യാസം, സ്വർണം, സ്വഭാവം എന്നിങ്ങനെ പല വിധത്തിലുള്ള ഉത്തരങ്ങളാണ് സന്മാർഗ ക്ലാസ്സിലെ കുട്ടികൾ അധ്യാപകനോടു പറഞ്ഞത്. "പ്രിയ കുട്ടികളേ ഇതെല്ലാം ഓരോ വിധത്തിൽ നല്ലതാണ് പക്ഷേ, ഒരു വ്യക്തിയുടെ മികച്ച സമ്പാദ്യം എന്നു പറയുന്നത് ശരിയായ തീരുമാനങ്ങൾ എടുക്കാനുള്ള അയാളുടെ കഴിവാണ്". നമ്മൾ എടുക്കുന്നതും നമുക്കു വേണ്ടി മറ്റുള്ളവർ എടുക്കുന്നതുമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് നമ്മുടെ ജീവിതം അപഗ്രഥിക്കപ്പെടുന്നത്.

ഒരു സാധാരണ കുടുംബത്തിലാണ് ഫെബിൻ ജനിച്ചത്. കിലോമീറ്ററുകളോളം നടന്നാണ് സ്കൂൾ പഠനം പൂർത്തിയാക്കിയത്. കോളേജിലെ സുഹൃത്തുക്കളാണ് അവന് ക്രിസ്തുവിനെ ആഴത്തിൽ പരിചയപ്പെടുത്തിയത്. ദൈവത്തിനോട് ആലോചന ചോദിക്കാതെ ഒരു തീരുമാനവും എടുക്കില്ലെന്ന് അതിനുശേഷം അവൻ ഉറപ്പിച്ചു. ബിരുദ പഠനം കഴിഞ്ഞപ്പോൾ കൂട്ടുകാർക്കൊപ്പം കിട്ടിയ ജോലി ദൈവനിശ്ചയം അല്ല എന്നുകണ്ട് നിരസിച്ചപ്പോൾ ഉണ്ടായ ആക്ഷേപങ്ങൾ അവനെ നിരാശപ്പെടുത്തിയില്ല. മാസങ്ങൾക്കു ശേഷം അതിലും നല്ല ജോലി ലഭിച്ചപ്പോഴും പ്രാർഥിച്ചതിനു ശേഷമാണ് തീരുമാനം എടുത്തത്. "ഞാനെടുക്കുന്ന എല്ലാ തീരുമാനവും ശരിയാകണമെന്നില്ല. പക്ഷേ ദൈവസന്നിധിയിൽ ഞാൻ തീരുമാനങ്ങൾ എടുക്കുന്നതുകൊണ്ട് ദൈവം അവ ക്രമപ്പെടുത്തും എന്നെ സംരക്ഷിക്കും"

നമ്മൾ എടുക്കുന്ന തീരുമാനങ്ങളാണ് ജീവിതത്തെ നിയന്ത്രിക്കുന്നതും രൂപപ്പെടുത്തുന്നതും. ബിസിനസിൽ തകർച്ച നേരിട്ട ഒരു വ്യക്തിയെ അതിൽ നിന്നും കരകയറാൻ സഹായിച്ച ഒരു രീതി കേട്ടിട്ടുണ്ട്. ദിവസവും അയാൾ കണ്ണാടിയുടെ മുമ്പിൽ നിന്നു പറയും "തോൽക്കാൻ ഞാൻ തിരുമാനിച്ചിട്ടില്ല ദൈവം എന്റെ കൂടെയുണ്ട്". സ്നേഹിക്കാനും വെറുക്കാനും, ചേർത്തു നിറുത്താനും ആട്ടിയകറ്റാനും വളർത്താനും തളർത്താനും നാം എടുക്കുന്ന തീരുമാനങ്ങളാണ് നമ്മുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്നത്.

എപ്പോൾ എഴുന്നേൽക്കണം, കിടക്കണം, എന്തു ഭക്ഷണം കഴിക്കണം, ഏതു വസ്ത്രം ധരിക്കണം, എന്തൊക്കെ വാങ്ങണം ഇങ്ങനെ ചെറുതും വലുതുമായ ഒട്ടേറെ തീരുമാനങ്ങൾ ദിവസവും എടുക്കുന്നുണ്ട്. ദിവസവും എടുക്കുന്ന ചെറിയ തീരുമാനങ്ങളിൽ വിശ്വസ്തതയും ദൈവാശ്രയവും പുലർത്താൻ ശ്രമിക്കുമ്പോൾ പ്രധാനപ്പെട്ട തീരുമാനങ്ങൾ ശാന്തമായും ഉചിതമായും കൈക്കൊള്ളുന്നതിന് നമുക്കു സാധിക്കും. വേദപുസ്തകം ഇങ്ങനെ പറയുന്നു: "കുശവൻ കളിമണ്ണു കുഴച്ച് കിണഞ്ഞു പരിശ്രമിച്ച് ഉപയോഗയോഗ്യമായ പാത്രങ്ങൾ ഉണ്ടാക്കുന്നു. ഒരേ മണ്ണിൽ നിന്ന് ഒരേ രീതിയിൽ അവൻ ശുദ്ധവും അശുദ്ധവുമായ ഉപയോഗങ്ങൾക്കുള്ള പാത്രങ്ങൾ ഉണ്ടാക്കുന്നു. ഓരോന്നിന്റെയും ഉപയോഗം അവനാണ് നിർണയിക്കുന്നത്" (ജ്ഞാനം 15:7).



എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

കെയ്റോസ്
Kairos | November 2019 | Vol 18 | Issue 11

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Joseph Ezhumayil *(KJYC Animator)*

**Printer and Publisher**
RejiJ. Karot 9447394142

**Executive Director**
Ginees Francis 9562379515 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@kairos.global)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr.Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

**Circulation Managers**
Aldrin Joseph +91 6238279115 circulations@kairos.global
Leema Alex +91 6238105775 circulations@kairos.global

**Associate Circulation Managers**
*Australia:* Mintu Vijoy, Melbourne +61 452538785
*Bahrain:* Roshan George, Manama + 973 36906995
*Cambodia:* Sophearong Ravy, Phnom Penh +855 964265472
*Canada:* Joby Joseph, Ontario +12899 686 074
*Germany:* Anna Paul, Berlin +49 176 83495451
*India:* Aldrin Joseph, Cochin +916238279115
Jackulin Sheela, Mumbai +91 9967329244
*Ireland:* Suresh V Joy, Dublin. +35 3879630904
*Israel:* Jaison K Thattil, Tel Aviv +972 559425308
*Kuwait:* Anish Thomas Kappil, Salmiya +965 90063685
*Malaysia:* Deepu James, KL Sentral +60 12649 4628
*Netherlands:* Jojo Varghese, Utrecht +31 684974552
*New Zealand:* Derick Daniel, Auckland +64 291270650
*Oman:* Jiju Paul, Muscat +968 99467516
*Papua New Guniea:* Abin Michael, Port Moresby +675 74794368
*Qatar:* Jomichan P George, Doha + 974 33688437
*Singapore:* Jilu Nobin, Sengkang +65 93294529
*Switzerland:* Joseph C Robert, Zurich +41 762499295
*Thailand:* Mary Harris, Bangkok +66 843138626
*UAE:* Thomas Komban, Dubai + 971 553009006
*Uganda:* Dominic Mathew, Kampala +256 757207200
*UK:* Mathachan Madukkakuzhy Stoke on Trent + 44 7969365686
*USA:* Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@kairos.global

**Office**
Smitha Jose: smitha.jose@kairos.global
Manu Antony +91 9656430440 manu.antony@kairos.global


**Design**
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

**Mailing Address**
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos Twitter.com/kairosmalayalam

# താളുകളിൽ




*Cover Model:*
Alen Joseph

*Photo by:*
Ajosh Paracken

28 ഫാമിലി കഫേ

ചിഞ്ചു ബിബിൻ




കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT APP ONLINE (ENG) ONLINE (MAL)

# മറുപടീസ്

## സ്ഥിരം പംക്തികൾ

06 ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവൽ

08 എഡ്യുസ്പീക്കിങ്
ഡോ. എഡ്വേർഡ് എടേഴത്ത്

38 മിഷൻ
ഡോ. ചാക്കോച്ചൻ ഞാവള്ളിൽ

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

44 സ്മാർട്ട്കിഡ്സ്
വെങ്കി & ആലീസ് മാത്യു

32 ടീൻ സ്പിരിറ്റ്
ടോണി സി. തോമസ്

## ഇന്റർനെറ്റിനെക്കുറിച്ച് ഇത്തിരിക്കാര്യം




14 യൂത്ത്ക്ലാസ്സ്
സാജൻ സി.എ

## നമ്മുടെ കണ്ണുകൾക്കും ഒരു **വൈപ്പർ** ഉണ്ടായിരുന്നെങ്കിൽ



കത്തോലിക്കാ സഭയിലെ സിസ്റ്റേഴ്സിന്റെ ആതുര സേവനങ്ങളെക്കുറിച്ചും അതുപോലുള്ള മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും റിന്റോ പയ്യപ്പിള്ളി എഴുതിയ അനുഭവങ്ങൾ എന്തുകൊണ്ടും നന്നായിരുന്നു. ഇത് ഒരനുഭവം മാത്രം. ഇതുപോലെ എന്തുമാത്രമാണ് നമ്മുടെ ഈ അമ്മമാർ നിശ്ശബ്ദമായി ചെയ്യുന്ന സേവനങ്ങൾ. ഒരുപക്ഷേ, സാധാരണ മനുഷ്യർക്ക് ചെയ്യാൻ പറ്റാത്തതും. ഈ കാലഘട്ടത്തിൽ പറയേണ്ടതു തന്നെയാണ് ഇത്തരം കാര്യങ്ങൾ. ഇതുപോലെയുള്ള സമൂഹങ്ങളെ അടച്ചാക്ഷേപിക്കുന്നവർക്ക് തിരിച്ചു പറയാൻ ഒന്നുമില്ലാത്ത രീതിയിലുള്ള വായനാനുഭവം. റിന്റോയ്ക്കും കെയ്റോസിനും അഭിനന്ദനങ്ങൾ.


***റിൻസൻ ഫ്രാൻസിസ്, മഞ്ഞുമ്മൽ***



നിങ്ങൾ
എനിക്കു സാക്ഷികൾ
ആയിരിക്കും

*(അപ്പ: 1,8)*

ശശി ഇമ്മാനുവൽ



*തിരക്കുപിടിച്ച ഓട്ടങ്ങൾക്കിടയിൽ നമ്മെ അൽപമൊന്ന് ശാന്തമാക്കി ചെറിയൊരു ധ്യാനത്തിലേക്ക് കൈ പിടിച്ചു നടത്തുകയാണ് ഈ പംക്തി. യുവജനങ്ങൾക്കിടയിൽ ഏറെ നാളുകളായി ക്ലാസ്സുകളും പരിശീലന പരിപാടികളുമായി പ്രവർത്തിച്ചു വരുന്ന ലേഖകൻ നല്ലൊരു പ്രഭാഷകനും അധ്യാപകനുമാണ്.* sasiimmanuel@gmail.com

# കുറ്റവും ശിക്ഷയും

**അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചുള്ള സ്വർഗത്തിന്റെ സന്തോഷത്തെക്കുറിച്ച് ചില ധ്യാനചിന്തകൾ.**

ചുങ്കക്കാരും പാപികളും അവന്റെ വാക്കു കേൾക്കാൻ അടുത്തുവന്ന ആ ദിനം. ഫരിസേയരും നിയമജ്ഞരും ഈർഷ്യയോടെ പിറുപിറുത്ത നേരം. അന്ന് നസറായൻ അവരോടു പറഞ്ഞത് നഷ്ടപ്പെട്ടുപോയ ഒരാടിന്റെ അമൂല്യതയെക്കുറിച്ചായിരുന്നു. ഉപമയുടെ ഒടുവിൽ "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചുള്ള സ്വർഗീയ സന്തോഷത്തെക്കുറിച്ച് പറയാനും അവിടന്ന് മറന്നില്ല.

ഇനി ഈ സംഭവത്തെ ഒന്ന് ധ്യാനിക്കാം. പ്രഭാഷകനും എഴുത്തുകാരനും പണ്ഡിതനുമായിരുന്ന ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ തന്റെ അജപാലന ജീവിതത്തിലെ ഹൃദയസ്പർശിയായ ഒരു അനുഭവം പങ്കുവച്ചതിങ്ങനെയാണ്:

ഒരു ദിനം അദ്ദേഹം ഒരു റസ്റ്റോറന്റിൽ ഇരിക്കുമ്പോഴാണ് പന്ത്രണ്ടു വയസ്സ് പ്രായം വരുന്ന ഒരു ബാലനെ കാണാനിടയായത്. ചെരുപ്പുകൾ പോളിഷ് ചെയ്താണ് അവൻ ഉപജീവനം നടത്തിയിരുന്നത്. റസ്റ്റോറന്റിലെ വെൽവെറ്റു കൊണ്ടുള്ള കർട്ടനിൽ ഒരു കൗതുകത്തിന് അവൻ ഊഞ്ഞാലാടുകയും അവനെ ആ ഹോട്ടലിലെ മുഖ്യ വെയിറ്റർ ശകാരിച്ച് അവിടെ നിന്നും പുറത്താക്കുന്നതും ഷീൻ മെത്രാന്റെ ശ്രദ്ധയിൽ പെട്ടു. അദ്ദേഹം അവനെ പിന്തുടർന്നു. പുറത്തു തെരുവീഥിയിൽ വച്ച് അവനോട് സംസാരിച്ചപ്പോൾ അവൻ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട ഒരു ബാലനാണെന്ന് മനസ്സിലായി. അവൻ പഠിച്ചിരുന്ന കത്തോലിക്കാ വിദ്യാലയത്തിലെ പാസ്റ്റർ പാതിരിയാണവനെ പുറത്താക്കിയത്. ഇനിയൊരിക്കലും അവന് ഒരു കത്തോലിക്കാ സ്കൂളിലും പ്രവേശനം ലഭിക്കില്ലെന്നും പഠിത്തം തുടരാനാവില്ലെന്നും കൂട്ടത്തിലുണ്ടായിരുന്ന ഒരു കന്യാസ്ത്രീ ശിക്ഷയുടെ തുടർച്ചയായി ശാപസൂചകമായി പറയുകകൂടി ചെയ്തിരുന്നു.

അദ്ദേഹം അവനെയും കൂട്ടി അവരിരുവരുടെയും അടുക്കൽ ചെന്നു. ഇതുപോലെ തന്നെ മതസ്ഥാപനങ്ങൾ നടത്തിയിരുന്ന സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട മൂന്നു കുട്ടികളുടെ ഉദാഹരണ കഥകൾ പറഞ്ഞു. അവരിൽ ഒന്നാമൻ ഭൂമി ശാസ്ത്ര ക്ലാസ്സിൽ അലസമായും അലക്ഷ്യമായും ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നതിന്റെ പേരിലും, രണ്ടാമൻ സ്ഥിരമായി ശണ്ഠ കൂടിയിരുന്നതിന്റെ പേരിലും, മൂന്നാമൻ തന്റെ കിടക്ക വിരിക്കിടയിൽ ചീത്ത പുസ്തകങ്ങൾ സൂക്ഷിച്ചിരുന്നതിന്റെ പേരിലുമാണ് ശിക്ഷിക്കപ്പെട്ടത്. അവർ മറ്റാരുമായിരുന്നില്ല, ഹിറ്റ്ലറും മുസ്സോളിനിയും സ്റ്റാലിനുമായിരുന്നു. അന്ന് ഈ മൂന്നു പേരെയും പുറത്താക്കിയ വിദ്യാലയ സാരഥികൾ അപ്രകാരം ശിക്ഷിക്കുന്നതിനും ഉപേക്ഷിക്കുന്നതിനും പകരം ദൈവനിയോഗത്തോടു ചേർന്നു അവരെ തിരുത്തുവാനും കുട്ടികൾ എന്ന നിലയിൽ ശരിയായ വഴിയിലേയ്ക്ക് തിരിയുവാൻ പ്രേരിപ്പിക്കാനും ശ്രമിച്ചിരുന്നെങ്കിൽ അവർ എത്ര വ്യത്യസ്തരായി മാറുമായിരുന്നു. ലോകമഹായുദ്ധങ്ങൾവരെ ഒഴിവായി ചരിത്രം തന്നെ മറ്റൊരു വഴിയെ ആകുമായിരുന്നു. ആ വൈദികനും കന്യാസ്ത്രീക്കും ഫുൾട്ടൺ ജെ. ഷീനിന്റെ ഈ വാക്കുകൾ വെളിച്ചം പകർന്നു. അവൻ ആ ബാലനെ തിരികെ പ്രവേശിപ്പിച്ചു. കാലക്രമത്തിൽ അവനു ദൈവവിളിയുണ്ടാവുകയും അവനൊരു വൈദികനായി മാറുകയും ചെയ്തു എന്നതാണ് കഥയുടെ ട്വിസ്റ്റ്.

ശിക്ഷാവിധിയുടെ വാളോങ്ങി, പലരേയും പടിക്കു പുറത്ത് നിറുത്തി, എന്നന്നേക്കും അവരെ നഷ്ടപ്പെടുത്തുക എന്ന ഒരു ദുരവസ്ഥ നമുക്ക് എവിടേയും കാണാവുന്നതാണ്. കരുണയുടെ വാതായനങ്ങൾ പ്രതീകാത്മകമായി ഒരു വർഷം തുറന്നിട്ടിട്ടും മതിവരാത്തമട്ടിൽ ഫ്രാൻസിസ് പാപ്പ, അദ്ദേഹത്തിന്റെ ഹൃദയത്തോടു ചേർന്നു നിൽക്കുന്ന പ്രമേയങ്ങളുടെ പ്രവാഹമെന്നറിയപ്പെട്ട സുവിശേഷത്തിന്റെ ആഹ്വാനത്തിൽ എഴുതി: "തെരുവിൽ ആയിരുന്നതുമൂലം പരിക്കുപറ്റിയ, വേദനിക്കുന്ന, അഴുക്കു പുരണ്ട ഒരു സഭയാണ് സ്വന്തം സുരക്ഷിതത്വത്തിലേയ്ക്ക് ചുരുങ്ങുകയും അതിനോട് ഒട്ടി നിൽക്കുകയും ചെയ്യുന്നതിനാൽ അനാരോഗ്യമുള്ള ഒരു സഭയെക്കാൾ എനിക്കിഷ്ടം". ആരോഗ്യവും സൗന്ദര്യവും, വിശുദ്ധിയുമുള്ള, ഒരു തെറ്റിലും വീഴാത്തവരെ തേടിയല്ല, പന്നിക്കുഴിയിൽ നിന്ന് കയറി വന്ന ധൂർത്തപുത്രനെയും ശയ്യ പങ്കിടാൻ വന്ന ആറാമന്

**അന്ന് പുറത്താക്കപ്പെട്ട ആ കുട്ടികളായിരുന്നു പിന്നീട് ചോരക്കറയാൽ ലോകചരിത്രം മാറ്റി വരച്ച ഹിറ്റ്ലർ, മുസ്സോളിനി, സ്റ്റാലിൻ എന്നീ മൂന്നുപേർ.**



വെള്ളമെടുക്കാൻ വന്നവളെയുമൊക്കെ തേടിയായിരുന്നു മിശിഹാ വന്നതെന്ന ഓർമപ്പെടുത്തൽ.

എന്തിനാണ് വിശുദ്ധ കുർബാനയെ 'ദിവ്യ കാരുണ്യമെന്ന്' വിളിക്കുന്നത് എന്നായിരുന്നു അയാളുടെ സംശയം. ദിവ്യ സ്നേഹം എന്നൊക്കെ ആയാലും പോരേ? സ്നേഹം നീ അർഹിക്കുന്ന കനിവിന്റെ പേരാണെങ്കിൽ കാരുണ്യം നീ അർഹിക്കാത്ത കനിവിന്റെ പേരെന്ന് ഗുരുവിന്റെ തിരുത്ത്.

ശരിയാണ് എന്റെ ഉമിനീരിൽ പരിഭവമില്ലാതെ അലിയാൻ മാത്രം ദൈവം ചെറുതാകാൻ എന്ത് യോഗ്യതയുണ്ട് എനിക്ക്? അന്ന് അർഹിക്കാത്ത സ്നേഹത്തിന്റെ വിരുന്നൂട്ടി സമരിയാക്കാരിയെയും, സക്കേവൂസിനെയും ശ്ലീഹന്മാരെയും വഴി നടത്തിയവൻ ഇന്നും അതു തുടരുന്നു, ഓരോ ബലിയിലൂടെയും. നന്മയുള്ളിടത്തെല്ലാം എല്ലാക്കാലത്തും തിന്മയുമുണ്ടായിരുന്നു. ഈ യാഥാർഥ്യം അറിയാത്തവരൊന്നുമല്ല ഇന്ന് സഭയുടെ ചെറിയ ഇടർച്ചകളെ പർവതീകരിച്ച് ഒളിഞ്ഞും തെളിഞ്ഞും കല്ലെറിയുന്നത്. സഭയെന്ന കരുണയുടെ സമാഗമ കൂടാരത്തെ ഇന്നിന്റെ സക്കേവൂസിനും മഗ്ദലേന മറിയത്തിനുമൊക്കെ അപ്രാപ്യമാക്കി, അവരെ നിത്യ നരകാഗ്നിയിലേക്ക് തള്ളി വീഴ്ത്തുക എന്ന ഒരു തരം പൈശാചിക തന്ത്രമാണിത്.

തെറ്റുകളുടെ പടുകുഴിയിലേയ്ക്ക് പതിക്കാൻ ഒരു യുവാവിന് മുമ്പിൽ ഇന്ന് അനേക വാതിലുകൾ തുറന്നിട്ടിരിക്കുകയാണ് ലോകം. ഇനി എങ്ങാനും വീണു പോയാൽ നിഷ്കരുണം അവരെ തിരിച്ചുവരാനാവാത്തവിധം സംഹരിക്കുക, ഇതാണ് പുതിയ കാലഘട്ടത്തിന്റെ നാട്ടുകൂട്ടം. ഇനി പ്രതീക്ഷയ്ക്ക് വകയില്ലെന്ന് കരുതി കുനിഞ്ഞിരിക്കുകയാണ് യോഹന്നാന്റെ സുവിശേഷത്തിലെ ആ പിടിക്കപ്പെട്ട വ്യഭിചാരിണി. പഴുതടച്ച വിധി വാചകമാണ് അന്നത്തെ ന്യായാധിപ സംഘം പുറപ്പെടുവിച്ചിരിക്കുന്നത്. പക്ഷേ, അന്ന് അവളോട് കരുണ കാണിക്കാൻ കാത്തിരുന്ന മട്ടിൽ കർത്താവ് ഒരു പഴുതു കണ്ടെത്തി; കല്ലുകൾ താഴെ വീണു; അവൾ സ്വതന്ത്രയായി; പാപത്തിൽ നിന്നും, ഭയത്തിൽ നിന്നും, വെറുപ്പിൽ നിന്നും.

നമ്മുടെ ദേവാലയത്തിന്റെ പടിവാതിൽക്കൽ പ്രാർഥനാഗ്രൂപ്പ് നടക്കുന്ന മുറിയുടെ തൊട്ടടുത്ത് അഴുക്കുപുരണ്ട ഒരു പാവം ആത്മാവ് കാത്ത് നിൽക്കുന്നുണ്ടോ എന്നറിയാൻ ഇടയ്ക്ക് നമുക്ക് വാതിലുകൾ തുറന്നിടാം. വിധിച്ച് മാറ്റി നിറുത്താനും, തള്ളിക്കളയാനും മാത്രമറിയുന്ന ഒരു ലോകത്തിൽ, സഹോദരൻ തെറ്റു ചെയ്താൽ ഏഴ് എഴുപത് തവണ കരുണ കാട്ടണമെന്ന് പഠിപ്പിച്ച ഒരു ഗുരുവിന്റെ വാക്കുകളുടെ മിഴിവ് ലോകമറിയുന്നത് അങ്ങനെയാണ്. സ്വന്തം മകളുടെ ഘാതകനെ മകനെപ്പോലെ വിരുന്നൂട്ടിയ വൃദ്ധമാതാപിതാക്കളെ അത്ര വേഗം നമുക്ക് മറക്കാനാവുമോ? രക്തസാക്ഷിണിയായ സി. റാണി മരിയയുടെ മാതാപിതാക്കൾ. ഒടുവിൽ ആ കൊലപാതകി ഇന്ന് ക്രിസ്തുവിന്റെ പാതതന്നെ തേടിയെത്തി. സമീന്ദർ സിംഗ് പറയുന്നു: ഒരാളെ കൊല്ലുക വളരെ എളുപ്പാണ്. എന്നാൽ, ഇവർ ചെയ്തത് (സിസ്റ്ററിന്റെ കുടുംബം) ആർക്കും അത്ര സാധ്യമായ കാര്യമല്ല.

മനോഭാവത്തിൽ ഫരിസേയരും നിയമജ്ഞരുമായവർ ഈർഷ്യയോടെ ഇന്നും പിറുപിറുക്കുന്നു. കുറ്റം വിധിച്ച് ശിക്ഷ നടപ്പാക്കാനുള്ള തിടുക്കത്തിനിടയിൽ നമുക്ക് യേശുവിനോട് ആലോചന ചോദിക്കാൻ (കല്ലെറിഞ്ഞു കൊല്ലണോ വേണ്ടയോ? *Ref. യോഹ 8*) സമയമില്ലാതായിട്ടുണ്ട്. വിശുദ്ധനെന്ന് വിളിക്കപ്പെടാൻ ഇനി അധികം ദൂരമില്ലാത്ത ഫുൾട്ടൻ ജെ. ഷീൻ മെത്രാന്റെ കണ്ണുകൾ, ശിക്ഷിക്കപ്പെട്ട ആ കുഞ്ഞിൽ ഒളിഞ്ഞിരുന്ന സാധ്യത തിരിച്ചറിഞ്ഞു. അവനുവേണ്ടി വാദിച്ചു, നിലകൊണ്ടു. അവനിന്ന് ഒരു വൈദികനാണ്. ദൈവത്തിന്റെ തിരിച്ചറിയൽ കാർഡാണ് കരുണ എന്ന് പിന്നെയും ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു. മറക്കാതെ എന്നും ഓർമിക്കണം ഈ തിരുവചനം. "നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ 53:5).

ഒരിക്കലെങ്കിലും അവിടത്തെ കരുണ ലഭിക്കാത്തവരായി നമ്മിലാരുണ്ട്. മനുഷ്യന്റെ സകല കുറ്റങ്ങൾക്കുമുള്ള ശിക്ഷാവിധി ഏറ്റെടുത്ത ഒരാൾ കാൽവരിയിലെ മരക്കുരിശിൽ കിടന്നുപറയുന്നതു കാതോർക്കാം, "കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കും." ✦

ഡോ. എഡ്വേർഡ് എടേഴത്ത്



*ജീസസ് യൂത്തിന്റെ നാൾവഴികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ, ലക്ഷ്യങ്ങൾ, ഗുണനിരൂപണങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ തുറന്നെഴുത്താണ് ഈ പംക്തി. ജീസസ് യൂത്ത് രൂപപ്പെടുന്ന ആദ്യ നാളുകൾ മുതലേ സജീവമായി മുൻനിരയിലുള്ള പ്രധാനിയാണ് ഇതിന്റെ ലേഖകൻ ഡോ. എഡ്വേർഡ് എടേഴത്ത്. വായനക്കാരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമായി ബന്ധപ്പെടാൻ:*
*edward.edezhath@gmail.com*

# സുവിശേഷങ്ങളിലെ യേശുവിനെ തിരിച്ചറിയണം

ജീസസ് യൂത്ത് മുന്നേറ്റത്തിന് അതിന്റെ പേരു കിട്ടിയത് 1985-ലെ സമ്മേളനത്തിൽ നിന്നാണല്ലോ. അന്നത്തെ ഒരു ഗ്രൂപ്പുചർച്ച വ്യക്തിപരമായി ഓരോരുത്തരും കണ്ടെത്തിയ യേശുവിനെ കുറിച്ചായിരുന്നു. ചെറു ഗ്രൂപ്പുകളിൽ ഒന്നിച്ചു വന്ന കോൺഫറൻസ് പ്രതിനിധികൾക്കെല്ലാം ആ ചർച്ചയുടെ ഭാഗമായി ഒരു വലിയ കാർഡ് നൽകി. അതിൽ യേശുവിന്റെ പത്ത് ചിത്രങ്ങൾ ഉണ്ടായിരുന്നു. പഠിപ്പിക്കുന്ന, പ്രാർഥിക്കുന്ന, വഴികാട്ടുന്ന, ഇടയനായ, സഹിക്കുന്നവനായ, കുഞ്ഞിനെ താലോലിക്കുന്ന, എന്നുതുടങ്ങി വിവിധ ഭാവങ്ങളിലുള്ള യേശു. ഓരോരുത്തരും തനിക്കു പ്രിയപ്പെട്ട യേശുവിനെ ആലോചിച്ച് തെരഞ്ഞെടുത്ത്, യേശുവിൽ എന്നെ ആകർഷിക്കുന്നതെന്ത് എന്നു പങ്കുവയ്ക്കേണ്ടിയിരുന്നു. ആ സമ്മേളനത്തിൽ പലരേയും ഏറ്റവും സ്പർശിച്ചത് ഈ ശില്പശാലയായിരുന്നു.

തുടർന്നുള്ള വർഷങ്ങളിൽ ജീസസ് യൂത്ത് കോളേജുകളിൽ സജീവ സാന്നിധ്യമായി. കാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യൂത്ത് എൻകൗണ്ടർ പ്രോഗ്രാം, കാമ്പസ് മീറ്റിങ്ങുകൾ, നേതൃസമ്മേളനങ്ങൾ, ടാലന്റ് ഗാലറി എന്നിങ്ങനെ വിവിധ പരിപാടികൾ അരങ്ങേറി. പലപ്പോഴും ഈ പരിപാടികളിൽ 'സുവിശേഷങ്ങളിലെ യേശു'എന്നൊരു സെഷൻ ഉൾക്കൊള്ളിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈശോയെക്കുറിച്ച് കേൾക്കാത്തവരായി ഒരുപക്ഷേ ആരുംതന്നെ ഉണ്ടാകില്ല. എന്നാൽ ബൈബിളിൽ നാലു ജീവചരിത്രകാരന്മാർ അവിടത്തെപ്പറ്റി പറയുന്നത് ഒരു പുതുതാത്പര്യത്തോടെ നോക്കിക്കാണുന്നത് ആ ചെറുപ്പക്കാർക്കെല്ലാം ഏറെ പുതുമയുള്ളതും പുത്തൻ ഉണർവു നല്കുന്നതുമായ അനുഭവമായിരുന്നു.

## സ്രോതസ്സുകളിലേയ്ക്കുള്ള യാത്ര ഏറെ രസകരമാകാം

സുവിശേഷങ്ങളിലെ യേശുവിനെ കണ്ടുമുട്ടിയ എന്റെ ആദ്യകാല അനുഭവങ്ങൾ-എന്റെ സ്കൂൾ കാലയളവിൽ ഒരു പുതിയ ബൈബിൾ തർജ്ജമ പുറത്തിറങ്ങി. എന്റെ പിതൃസഹോദരി ഏറെ താത്പര്യത്തോടെ അത് കഴിയുന്നത്ര കരങ്ങളിലെത്തിക്കാൻ പരിശ്രമിച്ചിരുന്നു. വീട്ടിൽ ബൈബിൾ എപ്പോഴും കണ്ടിരുന്നതുകൊണ്ട് നേരത്തെ തന്നെ ഞാൻ വചന വായന, പ്രത്യേകിച്ച് സുവിശേഷവായന തുടങ്ങി. ഒരുവിധത്തിൽ 'വിദഗ്ധരുടെ' പഠനങ്ങൾ കേൾക്കുന്നതിനു

മുമ്പ് ജീവിതത്തിൽ ഈ നേരിട്ടുള്ള അനുഭവം കിട്ടിയത് നന്നായെന്നും തോന്നുന്നു.

കോളേജ് പഠന കാലത്തെ ബൈബിൾ വിചിന്തന ഗ്രൂപ്പുകൾ അടുത്ത സുപ്രധാന പഠന വഴികളായി. ചെറിയ സൗഹൃദ കൂട്ടായ്മകളിൽ ഞങ്ങൾ സുവിശേഷ ഭാഗങ്ങൾ വായിച്ച് ഉൾക്കാഴ്ചകൾ പങ്കുവയ്ക്കുമായിരുന്നു. ഏറെ സമ്പന്നമായ അനുഭവമായി അത്. അന്നു പരിചയപ്പെട്ട വിവിധ പഠന രീതികളിൽ 'സെറന്റിപ്പിറ്റി' രീതി പ്രത്യേകം ഓർക്കുന്നു. വിവിധ ചോദ്യങ്ങൾ പിന്നിട്ട് വചന ഭാഗത്തെക്കുറിച്ച് അപ്രതീക്ഷിതമായ കണ്ടെത്തൽ പ്രദാനം ചെയ്യുന്ന രീതിയായിരുന്നു അത്.

അന്നെല്ലാം എതിർപ്പിന്റെ ശബ്ദമുയർത്തിയ വിപ്ലകാരിയായ യേശു, യുവജന കൂട്ടായ്മകളിലെ ആവർത്തിച്ചു കടന്നുവന്ന ഇഷ്ട വിഷയമായിരുന്നു. സുവിശേഷത്തിലെ സംഭവങ്ങളും യേശുവിന്റെ വാക്കുകളും ഇതിന് നല്ല അടിസ്ഥാനവുമായി. ഒരു കാര്യം പ്രത്യേകം ഓർക്കുന്നു, അനേകം യുവാക്കൾ ഹൃദയപൂർവം യേശുവിലേയ്ക്കു തിരിഞ്ഞതിന് ഒരു പ്രധാന കാരണം, സുവിശേഷങ്ങളിൽ അവർ കണ്ട ക്രിസ്തു എപ്പോഴും മൃദുലനും ഭക്തനും ആയി കാണപ്പെടുന്നവനല്ല, മറിച്ച് തന്റെ കാലഘട്ടത്തിലെ അനീതിയും അഴിമതിയും കണ്ടപ്പോൾ ഏറെ പ്രകോപിതനായ ഊർജസ്വലനായ ഒരു യുവാവായിരുന്നു എന്നതാണ്. ഫ്രാൻസിസ് പാപ്പ 'ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ സൂചിപ്പിക്കുന്നതും ഇതുതന്നെ: "യുവജനങ്ങളേ, യേശു നിങ്ങളെ അകലെ നിന്നോ പുറത്തുനിന്നോ അല്ല പഠിപ്പിക്കുന്നത്. സുവിശേഷത്തിൽ അവതരിപ്പിക്കപ്പെട്ട യുവാവായ യേശുവിനെപ്പറ്റി ധ്യാനിക്കുകയെന്നത് നിങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്തെന്നാൽ, അവിടന്ന് യഥാർഥത്തിൽ നിങ്ങളിൽ ഒരാളായിരുന്നു. നിങ്ങളുടെ യുവഹൃദയങ്ങളുടെ അനേകം സവിശേഷതകളിൽ പങ്കുണ്ടായിരുന്നു" (31).

## യേശുവിന്റെ സ്നേഹത്തിലാകാൻ യുവാക്കളെ സഹായിക്കണം

വലിയൊരു യുവജന സുവിശേഷ പ്രവർത്തകനായിരുന്ന ജോൺ പോൾ രണ്ടാമൻ നമ്മുടെയെല്ലാം ഉള്ളിലുണ്ടാകേണ്ട ഒരു വ്യഗ്രതയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. "കുട്ടികളും യുവാക്കളും അടങ്ങുന്ന ഈ ജനക്കൂട്ടത്തിന് എപ്രകാരമാണ്, ദൈവം മനുഷ്യനായ യേശുക്രിസ്തുവിനെ നമുക്ക് വെളിവാക്കാനാവുക?" തുടർന്ന് ആ വിശുദ്ധ പാപ്പ യേശുവുമായുള്ള ആ കണ്ടുമുട്ടലിന്റെയും ക്രിസ്തീയ ദൗത്യനിറവിലേക്കുള്ള വളർച്ചയുടെയും വിവിധ വശങ്ങളെക്കുറിച്ച് സംസാരിക്കുന്നു. ഈ ചിന്തകൾ നമുക്ക് ഏറെ പ്രിയങ്കരമാണ്, കാരണം ജീസസ് യൂത്തിലും ഇതേ ചോദ്യങ്ങൾ നാം തുടരെ ഉയർത്തുന്നു. കാലം മാറി, ജീവിതശൈലിയും വിനിമയ രീതികളും മാറിമറിഞ്ഞിരിക്കുന്നു. ഈ നവീന പശ്ചാത്തലത്തിൽ യുവജനങ്ങൾക്ക് യേശുവിനെ കണ്ടുമുട്ടി അവിടത്തെ ശിഷ്യരായി വളരാൻ പറ്റിയ മാർഗമെന്താണ്? തീർച്ചയായും വൈവിധ്യമാർന്ന അജപാലന സമീപനങ്ങൾ സാധ്യമാണ്. എന്നാലും അതിൽ ഏറ്റവും പ്രധാന മാർഗം സുവിശേഷങ്ങളിലെ യേശുവിനെ കാണാൻ കണ്ണു തുറക്കാൻ യുവാക്കളെ സഹായിക്കുകയെന്നതുതന്നെ.

സുവിശേഷങ്ങൾ വരച്ചുകാണിക്കുന്ന യേശുവെന്ന ചരിത്ര പുരുഷന്റെ ചിത്രം യുവഹൃദയങ്ങളെ ഏറെ വശീകരിക്കും. നാം ഓരോരുത്തരേയും പോലെയുള്ള ആ മനുഷ്യനെ അവർക്ക് ഏറെ ഇഷ്ടമാകും, പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, അവൻ പലപ്പോഴും മതപഠന പുകപടലത്തിന്റെ മറയിലായിപ്പോകുന്നു. അവർക്ക് സ്വർഗത്തിലെ യേശുവിനെയും കുരിശിലെയും ദിവ്യകാരുണ്യത്തിലെയും നിത്യതയിലെ നീതിപീഠത്തിലേയും ഒക്കെയുള്ള യേശുവിനെ ഏറെ പരിചിതമായിരിക്കാം. എന്നാൽ ഈ ഭൂമിയിൽ നടന്ന, 'എന്റെ സ്നേഹിതാ' എന്ന് മറ്റുള്ളവരെ വിളിച്ച, യുവതീയുവാക്കളോട് സൊറ പറഞ്ഞിരുന്ന, ചിലരോട് ഏറെ തർക്കിച്ച, പൊട്ടിച്ചിരിക്കുകയും കരയുകയും ചെയ്ത, നല്ല ഭക്ഷണം പാകം ചെയ്ത, മറ്റുള്ളവരുമായി വിരുന്നാഘോഷിച്ച, സുന്ദര കഥകൾ പറഞ്ഞു കേൾപ്പിച്ച, കവിത തുളുമ്പുന്ന ഭാഷ സംസാരിച്ച, ഉന്നതങ്ങളിലെ അഴിമതിക്കെതിരെ ആക്രോശിച്ച, അതോടൊപ്പം ക്ഷമിക്കുന്ന ഹൃദയവും അനുകമ്പയും ഉണ്ടായിരുന്ന, നിത്യപിതാവിന്റെ കരുണാനിർഭര ഹൃദയം വെളിവാക്കിയ ആ ഒരു യേശുവിനെ പലപ്പോഴും യുവജനങ്ങളുടെ കൈപ്പിടിയിൽ നിന്ന് മാറ്റി നിറുത്തുകയല്ലേ പതിവ്?

അങ്ങനെയെങ്കിൽ, സുവിശേഷങ്ങളിലെ ഈശോയുടെ പക്കലേയ്ക്ക് യുവാക്കളെ എപ്രകാരം ആനയിക്കാനാവും?

1) സുവിശേഷങ്ങളിലെ വൈവിധ്യമാർന്ന യേശുവിന്റെ ചിത്രം വെളിവാക്കുന്ന ചർച്ചാവേളകൾ കൂട്ടായ്മകളിൽ ഒരുക്കുക.

2) ബൈബിൾ, പ്രത്യേകിച്ച് സുവിശേഷം, ചിലപ്പോഴെങ്കിലും തുടർച്ചയായുള്ള വായനയ്ക്കായി അവരെ വെല്ലുവിളിക്കുക.

3) വിശുദ്ധ ഗ്രന്ഥത്തിലെ അടിക്കുറിപ്പുകളും വാക്യനിരൂപണങ്ങളും പശ്ചാത്തലവും മറ്റു സൂചനകളും ഗ്രഹിക്കാൻ എങ്ങനെ സഹായിക്കുന്നു എന്ന് കാണിച്ചുകൊടുക്കുക.

4) ചെറുസമൂഹങ്ങളിൽ സുവിശേഷഭാഗം വായിച്ച് എല്ലാവരും ഉൾക്കാഴ്ചകൾ പങ്കുവയ്ക്കാൻ പ്രോത്സാഹനം നല്കുക.

5) ഈശോയുടെ ജീവിതവും വ്യക്തിത്വവും ചിത്രീകരിക്കുന്ന മാധ്യമ സൃഷ്ടികൾ ഉപയോഗിക്കുക.

തൊട്ടനുഭവിക്കാവുന്ന കാര്യങ്ങളിൽ ആരംഭംകുറിച്ച് അവിടെനിന്ന് താത്വികവും നിഗൂഢവുമായ വസ്തുതകളിലേയ്ക്ക് മുന്നേറുകയാണ് കൂടുതൽ യുവജനങ്ങൾക്കും എളുപ്പം. ഈ യാഥാർഥ്യമാകാം ദൈവം ശരീരരക്തങ്ങൾ പുൽകിയ മനുഷ്യാവതാരത്തിന്റെ അന്തസത്തയും. യേശുവിൽ നാമെല്ലാം പിതാവിന്റെ സൗന്ദര്യവും ഊഷ്മളതയും രുചിച്ചറിയണമെന്ന് അവിടന്ന് ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ 'ഉന്നതമായ ആധ്യാത്മികതയുടെ' കണ്ണടകൾ മാറ്റിവച്ച് സുവിശേഷങ്ങൾ മുന്നോട്ടുവയ്ക്കുന്ന ലാളിത്യമാർന്ന ഈശോയുടെ ചിത്രം ദർശിക്കാൻ യുവജനങ്ങളെ സഹായിക്കുക എന്നത് ഏറെ പ്രധാനപ്പെട്ടതുതന്നെ. ആർക്കറിയാം, ചിലപ്പോൾ മറ്റാരും ഒരിക്കലും ദർശിക്കാത്ത ഒരു ക്രിസ്തുവിനെ ആ ഒരു വ്യക്തി കണ്ടുമുട്ടിയെന്നിരിക്കാം, അവന്റെയോ അവളുടെയോ ഒക്കെ ജീവിതത്തിൽ അത് അനന്യമായ ഒരു തീർഥാടനത്തിന്റെ ആരംഭവുമാകാം, ഒരുപക്ഷേ അത് ഏറെ പുതുമയുള്ള ഒരുമിഷണറിയുടെ രൂപീകരണത്തിന്റെ അടിസ്ഥാനവുമായി തീർന്നേക്കാം ✦

## യുVA

## യൂ ഹോട്ട്സ്


# വന്നു കാണാൻ പറഞ്ഞവന്റെയടുക്കൽ

നിങ്ങൾക്ക് വിശ്വാസമുണ്ടോ? ഉണ്ടല്ലോയെന്ന് നിങ്ങൾ ഇപ്പോൾ മനസ്സിൽ പറഞ്ഞിരിക്കണം. പക്ഷേ, നമ്മുടെ വിശ്വാസത്തിനനുസൃതമായ അനുഭവങ്ങൾ നമുക്ക് ലഭിക്കുന്നുണ്ടോ? ഇല്ലായെന്നു ഞാൻ പറയും. തീർച്ചയായും അനുഭവങ്ങളുള്ളവർ കാണും. എങ്കിലും ഭൂരിഭാഗം പേരും ഇല്ല എന്നായിരിക്കാം ഉത്തരം പറയുക. ആരെങ്കിലും കാരണം തിരക്കിയിട്ടുണ്ടോ? അതെങ്ങനെയാ അല്ലേ. നമുക്കാർക്കും ഇപ്പോൾ സമയമില്ലല്ലോ. ഒരച്ചന്റെ പ്രസംഗം കേട്ടതാണ്. പ്രാർഥിക്കാൻ സമയമില്ലെന്ന് പറയുന്നതാണ് നാം ചെയ്യുന്ന വലിയ തെറ്റ്. നമ്മുടെ പ്രവൃത്തികളാൽ നാം അറിഞ്ഞുകൊണ്ട് ഇല്ലാതാക്കുന്ന ഒന്നാണ് പ്രാർഥനയ്ക്കുള്ള സമയം. അത് ഇല്ലാതാക്കരുതേ.

നമ്മുടെ കർത്താവ് എന്താ നമ്മോട് പറഞ്ഞിട്ടുള്ളത്. ഒരു കടുകുമണിയോളം വിശ്വാസം മതി, നിങ്ങൾ ഈ മലയോട് ഇവിടെ നിന്ന് മാറി കടലിൽ പോയി പതിക്കാൻ പറയാൻ. നമ്മൾ  ഓർത്താൽ മതി, നമ്മുടെ വിശ്വാസത്തിന് ഒരു കടുകിന്റെ വലിപ്പം പോലുമില്ല എന്ന സത്യം. എന്തു നാണക്കേടാ അല്ലേ. അപ്പോൾ പിന്നെ ഈ വിശ്വാസം എങ്ങനെയാ ഒന്നു ഉണ്ടാക്കിയെടുക്കുന്നത്? വലിയ പണിയൊന്നുമില്ല, ദൈവത്തെയൊന്ന് അറിഞ്ഞ് സ്നേഹിച്ചാൽ മതി. വിശ്വാസമൊക്കെ തനിയെ വന്നോളും. പിന്നീട് നമ്മൾ ചെയ്യുന്നതും പറയുന്നതുമൊക്കെ അത്ഭുതങ്ങളായിരിക്കും. അവിടത്തെ ആ കരം പിടിക്കാൻ നമുക്ക് മനസ്സുണ്ടെങ്കിൽ പിന്നീടങ്ങോട്ട് ദൈവം നമ്മെ വഴി നടത്തിക്കോളും. പക്ഷേ, വിടാതെ ആ കരം പിടിക്കുന്നതിലാണ് നമ്മുടെയൊക്കെ ജീവിതത്തിലെ വിജയം. നമുക്കൊന്നു പരിശ്രമിച്ചു നോക്കിയാലോ. നമ്മുടെ ജീവിതം തന്നെ മാറിപ്പോയേക്കും.

നിങ്ങൾക്കറിയാമോ, നമ്മുടെ ഈശോയ്ക്ക് നമ്മളെ എന്തുമാത്രം ഇഷ്ടമാണെന്ന്. നമ്മോടുള്ള അളവറ്റ സ്നേഹത്താലാണ് അവിടന്ന് കുരിശിൽ മൂന്നാണികളിൽ തൂങ്ങിയത്, എന്നാൽ നമ്മൾ അറിയേണ്ട ഒരു കാര്യമുണ്ട്. നമ്മുടെ ഈശോയെ കുരിശിൽ താങ്ങി നിറുത്തിയത് ആ മൂന്ന് ആണികളുടെ ബലമായിരുന്നില്ല. മറിച്ച്, നമ്മോടുള്ള സ്നേഹമായിരുന്നു. അത് നാം കണ്ടില്ലെന്നു നടിക്കരുത്.

നമുക്കെല്ലാവർക്കും കിട്ടിയ വലിയ ഒരു വരം അല്ലെങ്കിൽ ഒരു അനുഗ്രഹമുണ്ട്. എന്താണെന്നോ, യേശുവിനെ നാം അങ്ങോട്ട് അന്വേഷിച്ച് പോയില്ലെങ്കിലും ഇങ്ങോട്ട് കൃത്യ സമയത്ത് എത്തിക്കോളും. അത് ചിലപ്പോഴെങ്കിലും ഒരു ബനിഫിറ്റായി നാം എടുക്കാറില്ലേ. എന്നാൽ ഇനി അതൊന്നു മാറ്റി പിടിക്കാൻ നോക്കിയാലോ. നമുക്ക് ഇനി കർത്താവിന് കുറച്ച് വിശ്രമം കൊടുക്കാം. അങ്ങോട്ട് അന്വേഷിച്ച് പോകാമെന്നേ. ആ യാത്രയുടെ സുഖം ഉണ്ടല്ലോ, അത് വേറെ ഒരിടത്തുനിന്നും നമുക്ക് കിട്ടില്ല. എന്നാൽ പിന്നെ യാത്രക്കായിട്ട് റെഡിയാകുവല്ലേ. വന്നു കാണാൻ പറഞ്ഞവന്റെ അടുക്കലേക്ക് നമുക്ക് ചെന്നു കാണാം, ആ ക്രിസ്തുവിന്റെ അടുക്കലേക്ക്.



*റോസിൻ ജിമ്മി, പാലാ*

# അനുഗ്രഹ വർഷം

ആ ഒരുവർഷം അനുഗ്രഹങ്ങൾ നിറഞ്ഞ അനുഭവങ്ങളുടെ നാളുകളായിരുന്നു. വീട്ടിൽനിന്നു മാറിനിന്ന് ക്രിസ്തുവിന്റെ സ്നേഹവും അവിടന്നു പഠിപ്പിച്ച നന്മയുടെ പാഠങ്ങളും ജീവിതരീതിയുമൊക്കെ മറ്റുള്ളവർക്കും പകർന്നുകൊടുക്കുവാനായി മാറ്റിവയ്ക്കപ്പെട്ട ഒരു വർഷം.

ജീസസ് യൂത്ത് ഫുൾടൈമറായ ആ ഒരു വർഷത്തിൽ ദൈവത്തിന്റെ ഒരു പ്രത്യേക ഗ്രെയ്സ് ജീവിതത്തിലുണ്ടാകുമെന്ന് പരിശീലന സമയത്തുതന്നെ ഞങ്ങളോടു പറഞ്ഞിരുന്നു. വിശ്വാസത്തോടെ നമ്മൾ പ്രാർഥിക്കുന്ന കാര്യങ്ങൾ ലഭിക്കുകതന്നെ ചെയ്യുമെന്ന് അനുഭവങ്ങളിലൂടെ ഞാനറിഞ്ഞ സമയമായിരുന്നു ആ കാലയളവ്. മണിപ്പൂരായിരുന്നു മിഷനുവേണ്ടി എനിക്കു ലഭിച്ച സ്ഥലം. എന്റെ പ്രാർഥനയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഞാനിവിടെ കുറിക്കുന്നത്.

ഞാൻ ഫുൾടൈമർഷിപ്പ് എടുക്കുന്ന സമയത്ത് ഇരുപതിനായിരം രൂപ ആവശ്യമായിവന്നു. മറ്റെല്ലാവരെയും പോലെ ഞാനും അതു കണ്ടെത്തണമായിരുന്നു. പൈസയില്ലെങ്കിലും കാര്യങ്ങൾ നടക്കുമായിരുന്നു. പക്ഷേ, എനിക്കെന്തോ അത് സംഘടിപ്പിച്ചു നൽകണമെന്നുതോന്നി. ഒരുപക്ഷേ എന്റെയുള്ളിലെ ഈഗോയായിരിക്കാം അങ്ങനെ ചിന്തിക്കാൻ കാരണം. പലരിൽ നിന്നായി 7500/- രൂപ ലഭിച്ചു. ബാക്കി തുക കണ്ടെത്തുവാനായി പ്രാർഥിക്കുന്നുണ്ടായിരുന്നുവെങ്കിലും വിഷമിച്ചിരിക്കുകയായിരുന്നു. അന്നേരത്ത് ഓസ്ട്രേലിയായിൽ നിന്ന് പരിചയമുള്ള ഒരു ചേട്ടൻ ഫോണിൽ വിളിച്ച് കാര്യം തിരക്കുകയും എനിക്കാവശ്യമുള്ള പണം അക്കൗണ്ടിലേക്കിട്ടു തരികയും ചെയ്തു. വിശ്വാസത്തോടെയുള്ള എന്റെ പ്രാർഥനയാണ് എന്നെ സഹായിച്ചത്. കൃത്യമായ സമയത്ത് നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരുന്ന ദൈവത്തിന്റെ വഴികൾ ഒരുപക്ഷേ ആദ്യം നമുക്കു മനസ്സിലാകണമെന്നില്ല. ദൈവത്തിന്റെ പ്ലാനിൽ ഓരോന്നിനും ഒരു സമയമുണ്ട്. അതാണ് കൃത്യമായ സമയം.

ഈ കാലയളവിൽത്തന്നെ എന്റെ അനുജന്റെ പഠനത്തിനും തുടർന്നുള്ള ജോലിക്കുമായി ഞാൻ പ്രത്യേകം പ്രാർഥിക്കുന്നുണ്ടായിരുന്നു. താമസിയാതെതന്നെ, സർക്കാർ സർവീസിൽ ഒരു പ്യൂൺ പോസ്റ്റിലേയ്ക്ക് അനുജനു നിയമനം ലഭിക്കുകയുണ്ടായി. ഈയൊരു സംഭവം എന്നെ വിശ്വാസ ജീവിതത്തിൽ ആഴപ്പെടുത്തിയ അനുഭവമായിരുന്നു. ദൈവവുമായി നല്ല ബന്ധത്തിലാണെങ്കിൽ, ജീവിതത്തിലുണ്ടാകുന്ന ഓരോരോ അനുഭവങ്ങളും ദൈവത്തിന്റെ പ്രത്യേക ഇടപെടലുകളായി നമുക്കനുഭവപ്പെടും.

ഡിഗ്രി പഠനകാലത്താണ് കോളേജിൽ വച്ച് സുഹൃത്തായ ഒരു പെൺകുട്ടി വഴി ജീസസ് യൂത്തിലേയ്ക്കു വരുന്നത്. ഡിഗ്രിക്ക് എനിക്ക് അഡ്മിഷൻ കിട്ടിയതുതന്നെ ദൈവത്തിന്റെ അവിശ്വസനീയമായ ഇടപെടലിലൂടെയാണ്. പഠിക്കുന്ന സമയത്തുതന്നെ ജീസസ് യൂത്തിന്റെ പല ടീമുകളിലും ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം എന്നെ പല രീതിയിൽ രൂപപ്പെടുത്തുകയായിരുന്നു. അങ്ങനെയിരിക്കേയാണ് ഒരു വർഷം ദൈവത്തിനായി മാറ്റി വയ്ക്കുവാൻ പ്രേരണയുണ്ടാകുന്നതും ഫുൾടൈമറാകുന്നതും.

*(വീട്ടിൽ പപ്പ, മമ്മി, അനുജൻ, അനുജത്തി)*




*മെൽബിൻ, കാസർഗോഡ്*

യു VA

മൈ സ്റ്റോറി

# ആ രാത്രി മാഞ്ഞുപോയി

ജീവിതത്തിന്റെ ഉരുകുന്ന നിമിഷങ്ങളിലും എരിയുന്ന അഗ്നിക്കിടയിൽപോലും തന്റെ കരത്തിന്റെ ശീതളഛായയിൽ താങ്ങി നിറുത്തുന്ന ദൈവം തമ്പുരാന്റെ പരിപാലനയുടെ വഴികൾ.



*ഡെൽനാ, തൃശ്ശൂർ*

രാത്രി ഒരു മണിയായിട്ടുണ്ടാകും. വീടിനുള്ളിലേയ്ക്ക് തീ പടരുന്നത് കണ്ട് ഞങ്ങൾ ഞെട്ടിയെഴുന്നേറ്റു പുറത്തേക്കോടി.

സംഭവം നടക്കുന്നത് ഇക്കഴിഞ്ഞ 2018 മാർച്ചിലാണ്. വീടിനോട് ചേർന്ന് ഞങ്ങൾക്ക് ഒരു കടയുണ്ട്. അരിയും മറ്റു പലചരക്കുമൊക്കെയുള്ള ഒരു കട. ഷോർട്ട് സർക്യൂട്ടാണ് തീ പിടിത്തത്തിന് കാരണമെന്നാണ് കരുതുന്നത്. രാത്രി ഒരു മണിയോടെ കടയിൽ നിന്നും തീ പടർന്ന് പുക വീടിനുള്ളിലേയ്ക്ക് കടന്നപ്പോഴേക്കും അനുജനാണ് പുകയുടെ മണം കേട്ടുണർന്നതും ഞങ്ങളെ വിളിച്ചെഴുന്നേൽപ്പിച്ചതും. നോക്കുമ്പോൾ വീടിനുള്ളിലേക്ക് തീയും പുകയും വരുന്നുണ്ടായിരുന്നു. ഞങ്ങളിത് അറിഞ്ഞില്ലായിരുന്നെങ്കിൽ വലിയൊരു ദുരന്തത്തിലേക്കു പോകുമായിരുന്നു. ദൈവത്തിന്റെ സംരക്ഷണം മുന്നിൽ കണ്ട രാത്രിയായിരുന്നു അത്.

ഇതിനിടെ പപ്പാ കടയിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടയിൽ കത്തിയ പ്ലാസ്റ്റിക്കിന്റെ എന്തോ ഒന്ന് തെറിച്ചു മുന്നിൽ വീണു, അതിൽ ചവിട്ടി പപ്പയുടെ കാല് പൊള്ളി. ഇല്ലായിരുന്നെങ്കിൽ പപ്പാ അകത്തു കയറി, മുകളിൽ നിന്നടർന്നു വീഴുന്ന തീയിൽ അകപ്പെട്ടു പോകുമായിരുന്നു. തടസ്സങ്ങൾ നൽകി വരുവാനിരുന്ന അത്യാപത്തുകൾ ഒഴിവാക്കിയ ദൈവപരിപാലന കണ്ട സമയം.

പതിവായി ജനലുകൾ അടയ്ക്കാൻ കടയിലേക്ക് പോകുമായിരുന്നെങ്കിലും ആ ദിവസം ഞാനതു മറന്നുപോയി. ചെന്നിരുന്നെങ്കിൽ അപകട സാധ്യത ഒരുപക്ഷേ നേരത്തെ ഞാൻ കണ്ടേനെ. എന്തായാലും തീയണഞ്ഞു. എല്ലാം ശാന്തമായി. പപ്പാ അത്യാവശ്യത്തിനു കടബാധ്യതയൊക്കെയുള്ള ഒരാളായിരുന്നു. ആ സംഭവത്തിനു ശേഷം യാതൊന്നുമില്ലാതിരുന്ന നേരത്ത് ഒരങ്കിൾ ഞങ്ങളുടെ സഹായത്തിനു വന്നു. എല്ലാം ശരിയാക്കി പൂർവസ്ഥിതിയിലാക്കുവാൻ അദ്ദേഹം ഞങ്ങളെ സാമ്പത്തികമായി സഹായിച്ചു.


ശക്തമായ പരിപാലനയുടെ നിമിഷങ്ങളായിരുന്നു ഞങ്ങളനുഭവിച്ചത്. ജീവിതത്തിന്റെ ഉരുകുന്ന നിമിഷങ്ങളിലും ദൈവകരത്തിന്റെ ശീതളഛായയിൽ താങ്ങി നിറുത്തുന്ന കർത്താവ് എല്ലാം സെറ്റാക്കി തരുന്നത് ഞങ്ങൾ കാണുകയായിരുന്നു. അന്നത്തെ രാത്രിയുടെ ഓർമകൾ പാടേ മാഞ്ഞുപോയിരിക്കുന്നു. ദൈവകരുതലിന്റെ നാളുകളിലൂടെ കടന്നുപോകുന്ന ഇന്ന്, അവിടത്തെ തിരുമുമ്പിൽ നിൽക്കുകയാണ് ഞങ്ങൾ നന്ദിനിറഞ്ഞ ഹൃദയത്തോടെ.





# എന്തു പഠിക്കണം? എന്താകണം?

ടിന്റു സോണി



*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്*
*കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം.*
*tintusony@gmail.com*

**Q** ചേച്ചീ, ഞാനൊരു ഡിഗ്രി വിദ്യാർഥിയാണ്. സാധാരണ കുടുംബത്തിൽ നിന്നുവരുന്നു. ചെറുപ്പക്കാർ പൊതുവേ, ഭാവിയെക്കുറിച്ച് വ്യക്തതയില്ലാതെയാണ് പഠിക്കുന്നത്, പഠിക്കുന്നതനുസരിച്ചല്ല പിന്നീടവർ ജോലിചെയ്യുന്നത്, എന്നൊക്കെ പറഞ്ഞുകേൾക്കുന്നു. പ്ലസ് ടു കഴിഞ്ഞ് ഒരു ഡിഗ്രി വേണമെന്ന ആഗ്രഹത്തോടെയാണ് ഡിഗ്രിക്കു ചേർന്നത്. എനിക്കൊരു ഗൈഡൻസ് കിട്ടിയിട്ടില്ല. പലരും പറയുന്നതു കേൾക്കുമ്പോൾ ചെറിയൊരു ടെൻഷനുമുണ്ട്.

**A** എന്ത് ഭക്ഷിക്കും എന്ത് പാനം ചെയ്യും എന്ന ആവലാതി പോലെയാണ് പത്ത് കഴിഞ്ഞാൽ, പ്ലസ് ടു കഴിഞ്ഞാൽ എന്ത് പഠിക്കും, ഏതു പഠിക്കും, എതു ജോലിക്ക് വേണ്ടി പഠിക്കും, ഏതു കോഴ്സ് പഠിക്കും എന്നൊക്കെയുള്ളത്. ചെറുപ്പക്കാർ പൊതുവേ ഇതിനെക്കുറിച്ച് ഒന്നും വ്യക്തത ഇല്ലാതെയാണ് പഠിക്കുന്നത് എന്ന് പറഞ്ഞതിനോട് ഞാൻ വിയോജിക്കുന്നു. വളരെ വ്യക്തതയോടെ സ്മാർട്ടായി മുന്നോട്ടു പോകുന്ന അനേകം ചെറുപ്പക്കാർ നമ്മുടെ ഇടയിലുണ്ട്. പ്ലസ് ടു കഴിഞ്ഞ് ഒരു ഡിഗ്രി വേണമെന്നേ ഉണ്ടായിരുന്നുള്ളോ? ഏതു വിഷയത്തിൽ എന്ന് ചിന്തിച്ചിരുന്നില്ലേ? എവിടെ പഠിക്കണം? ഏതു ജോലി? എന്താണ് ഞാൻ ലക്ഷ്യം വയ്ക്കുന്നത്? എന്നൊക്കെയുള്ള ചോദ്യങ്ങൾ സ്വയം ചോദിച്ചിരുന്നുവോ? ഇതൊക്കെ ചോദിക്കണമെങ്കിൽ നമുക്ക് ഒരു നല്ല ഗോൾ വേണം അല്ലേ? ഞാൻ എന്തായിത്തീരണം എന്ന ഒരു ധാരണ ഉണ്ടെങ്കിൽ ബാക്കിയുള്ളത് ക്രമീകരിക്കാൻ കുറച്ചുകൂടി എളുപ്പമായിരിക്കും. ഉദാഹരണത്തിന് പൈലറ്റ് ആകാൻ ലക്ഷ്യമുള്ള ആൾ ഡോക്ടർ ആകാൻ പഠിക്കേണ്ട കോളേജ് തേടേണ്ട കാര്യം വരുന്നില്ല. വൈമാനികനാകാനുള്ള പഠന കേന്ദ്രങ്ങളെക്കുറിച്ച് തെരഞ്ഞാൽ മതി. എങ്ങനെയൊക്കെയാണ് ഇത്തരം തെരെഞ്ഞെടുപ്പുകൾ നടത്തേണ്ടത്?

### പ്രധാനപ്പെട്ട കാര്യങ്ങൾ

1. നിങ്ങളുടെ അഭിരുചി, 2. താത്പര്യം, 3. പഠനരീതി, 4. വ്യക്തിത്വം

മേൽപറഞ്ഞ കാര്യങ്ങളെക്കുറിച്ച് കൂടുതലറിയാൻ കരിയർ ഗൈഡൻസ്/കൗൺസിലിംഗ് സെന്റർ നല്ലതായിരിക്കും.

5. നിങ്ങളുടെ അധ്യാപകർ, മാതാപിതാക്കൾ, സുഹൃത്തുക്കൾ, കൂട്ടുകാർ എന്നിവരുമായുള്ള ചർച്ചകൾ നിങ്ങളുടെ ലക്ഷ്യത്തേയും അതിലേക്കുള്ള മാർഗങ്ങളെയും എളുപ്പമാക്കാൻ സഹായിക്കും.

6. കരിയർ തെരഞ്ഞെടുക്കാൻ സഹായിക്കുന്ന ആപ്ലിക്കേഷൻസ് ലഭ്യമാണ്. ഗ്ലാസ്ഡോർ, ബ്ലെൻഡ്, സിറ്റി അവേഴ്സ് തുടങ്ങിയവ. നിങ്ങളുടെ വിഷയങ്ങളെ മേഖല അടിസ്ഥാനപ്പെടുത്തിയും അവ നോക്കാവുന്നതാണ്.

7. ഉന്നത പഠനത്തിനും ജോലി തെരഞ്ഞെടുക്കലിനുമൊക്കെ സഹായിക്കുന്ന ബുക്കുകൾ വായിക്കാം. ഉദാ: എ.ബി.സി. ഓഫ് ചൂസിംഗ് എ കരിയർ, ഡൈ എംപ്റ്റി തുടങ്ങിയവ.

8. കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകൾ എടുക്കാവുന്നതാണ് മൈ നെക്സ്റ്റ് മൂവ്, മൈ പ്ലാൻ ഡോട്ട് കോം പോലുള്ളവ.

9. ഒരു കരിയർ കൗൺസിലറുടെ സഹായം തേടാം. നിങ്ങൾ നടത്തുന്ന ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് റിസൽട്ട് വിശകലനം ചെയ്യാനും വിശദീകരിക്കാനും അവർക്ക് കഴിഞ്ഞേക്കും (ഓൺലൈൻ ടെസ്റ്റുകളും ലഭ്യമാണ്).

### വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ

1. ഈ ലോകത്തിന് നിങ്ങളുടേതു മാത്രമായ ഒരു സിഗ്നേച്ചർ കൊടുക്കാനുള്ളതുകൊണ്ട് നിങ്ങളുടെ ജോലിയും നിങ്ങളുടെ പഠനവുമെല്ലാം വിവേകത്തോടെ തെരഞ്ഞെടുക്കുക.

2. ഇതുവരെയും ഇങ്ങനെയൊന്നുമല്ലാതെയാണ് പഠിച്ചത്, വിചാരിച്ചത്, പഠിക്കാൻ പറ്റിയില്ല, വിചാരിച്ച ജോലി കിട്ടിയില്ല, ഇനി കൈയിലുള്ളതുവച്ച് എന്തുചെയ്യാനാണ് എന്നൊക്ക നൂറായിരം കൺഫ്യൂഷൻസ് ആയി സീൻ കോൺട്രാ ആയിരിക്കുന്നവർ, നിലവിലുള്ള സാഹചര്യത്തിലും ജോലിയിലും ബെസ്റ്റ് ആകാൻ ശ്രമിക്കുക. നിങ്ങളുടെ ഉള്ള സാഹചര്യം ഉപയോഗിച്ച് ഉണർന്നു പ്രശോഭിക്കുക. അപ്പോൾ നിങ്ങളൊരു ലോക വിജയമായിരിക്കും. ജീവിതം മുഴുവൻ ഇതല്ലായിരുന്നു, ഇങ്ങനെയല്ലായിരുന്നു ഞാൻ ആകേണ്ടിയിരുന്നത് എന്നു പറഞ്ഞു പിറുപിറുത്തിട്ടെന്തു കാര്യം?



സാജൻ സി.എ

യൂത്ത് ക്ലാസ്സ്

# നമ്മുടെ കണ്ണുകൾക്കും ഒരു വൈപ്പർ ഉണ്ടായിരുന്നെങ്കിൽ



ചുവപ്പു മാറി പച്ച കത്തി. സിഗ്നൽ കണ്ട് വാഹനങ്ങൾ കുതിച്ചു. പെട്ടെന്നാണ് സകല വണ്ടികളും ചേർന്ന് ഹോണടി തുടങ്ങിയത്. ഒരു കാറുകാരൻ വണ്ടിയെടുക്കാതെ കിടക്കുന്നു. പിന്നിലുള്ളവരെല്ലാം നിറുത്താതെ ഹോണടിക്കുകയാണ്. ഏതു വണ്ടിക്കും നിറുത്തിയിട്ട് എടുക്കുമ്പോൾ ഇടയ്ക്കു സംഭവിക്കാറുള്ളതാണ്. സ്റ്റാർട്ടിംഗ് പ്രോബ്ലമായിരിക്കും മിക്കവാറും കാരണം. സെക്കന്റുകൾ നീങ്ങുന്തോറും ഹോണടിയോടൊപ്പം അസഭ്യവർഷവും തുടങ്ങി. കാര്യങ്ങളെ യാഥാർഥ്യബോധത്തോടെ കാണാൻ കഴിയുന്ന അപൂർവം ചിലർ വണ്ടികളിൽ ശാന്തരായിരുന്നു. തൊട്ടു പിന്നിലെ കാറുകാരൻ ക്ഷുഭിതനായി പുറത്തിറങ്ങി, ശരവേഗത്തിൽ ആ കാറിനടുത്തേയ്ക്ക് ചെന്ന് ഡോറിൽ ശക്തിയായി അടിച്ചു. ഒപ്പം ബൈക്കിൽ നിന്നിറങ്ങി രണ്ടു യുവയാത്രികരുമെത്തി. പിൻനിരയിലെ വണ്ടിയിലുള്ള പലരും തലയുയർത്തി നോക്കുന്നുണ്ടായിരുന്നു, എന്താണവിടെ നടക്കുന്നതെന്നറിയാൻ. ഇത്രയൊക്കെയായിട്ടും യാതൊരു കൂസലുമില്ലാതെയിരിക്കുന്ന ഡ്രൈവറെക്കണ്ട് ചെന്നവർ ക്രുദ്ധരായി കാറിന്റെ ഡോർ വലിച്ചുതുറന്നു. തുറന്ന ഡോറിലൂടെ നിശ്ചലമായ ആ ശരീരം പുറത്തേക്കു മറിഞ്ഞുവീണു...!

അവസാന രംഗം ഒഴികെ ബാക്കിയുള്ളതെല്ലാം മിക്കവാറും സിഗ്നലുകളിൽ ഇടയ്ക്കൊക്കെ കാണാൻ സാധ്യതയുള്ളതാണ്. ഇത്തരം സംഭവങ്ങൾ ഒരുപാടു കാര്യങ്ങൾ നമ്മോടു പറയുന്നുണ്ട്. മുൻവിധിയില്ലാതെ കാര്യങ്ങളെ സമീപിക്കുവാനായാൽ എന്തുമാത്രം കാര്യങ്ങളാണ് നമുക്ക് പഠിക്കാനാവുന്നത്. നിരീക്ഷണ മനസ്സോടെയാണു നമ്മൾ ജീവിതത്തെ കാണുന്നതെങ്കിൽ ഉദാത്തമായ പലതും നമ്മിൽ രൂപപ്പെടുത്തുവാൻ എല്ലാ കാര്യങ്ങൾക്കും കഴിയും.

മുഖസൗന്ദര്യമോ അല്ലെങ്കിൽ രൂപഭാവങ്ങളോ കണ്ടുകൊണ്ടു മാത്രം ഒരാളെ നമുക്കു മനസ്സിലാക്കാനാവുമോ? ഒരു പരിധിവരെ കഴിയുമായിരിക്കും. പക്ഷേ, യാഥാർഥ്യം മറ്റൊന്നായിരിക്കും. ഇക്കാലത്ത്, ബാഹ്യരൂപം ആന്തരികതയുടെ അളവുകോലാണെന്ന് ധരിച്ചാൽ ചിലപ്പോൾ തെറ്റുപറ്റും. കൂടത്തായിലെ ജോളിയുടെ ജീവിതം അതാണ് പറയുന്നത്.

നമ്മുടെ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും തൊഴിലിടങ്ങളിലുമൊക്കെ അർഹിക്കുന്ന സ്നേഹവും പരിഗണനയും പ്രോത്സാഹനങ്ങളും ലഭിക്കാതെ പോകുന്ന എത്രയോ മുഖങ്ങളുണ്ട്. രണ്ടു നല്ലവാക്കു പറഞ്ഞാൽ, ആത്മാർഥമായൊന്നു പ്രോത്സാഹിപ്പിച്ചാൽ അവനോ അവളോ മതിമറന്നാഹ്ലാദിച്ച് പിന്നെ മോശമായി പോയാലോയെന്ന മുൻവിധിയുടെ

**മുന്നിലുള്ള സാധ്യതകളെ നമ്മിൽ നിന്നുമറയ്ക്കുന്ന മൂടൽമഞ്ഞു പോലെയാണ് പലപ്പോഴും മുൻവിധികൾ. ഈ മഞ്ഞുമൂടൽ മാറുന്നിടത്ത് പുതിയ കാഴ്ചകൾ തെളിയും.**




ചെറുചരടുകളിൽ കുടുങ്ങി എത്രയോ പേർ. ഇത്തരം ചരടുകൾ പൊട്ടുന്നിടത്താണ് പലരും ജീവിതത്തിന്റെ സർഗാത്മകതയിലേക്ക് നടന്നുകയറുന്നതും സൃഷ്ടിപരമായ കരവിരുതുകളിലൂടെ നമ്മെ അത്ഭുതപ്പെടുത്തുന്നതും.

ഉപജീവനത്തിനായി റെയിൽവേസ്റ്റേഷന്റെ നടപ്പാതയിൽ പാട്ടുപാടിക്കൊണ്ടിരുന്ന റാണി മണ്ഡൽ 'മനുഷ്യരൂപത്തിൽ' വലതുകാൽ വച്ച് കയറിയത് യഥാർഥത്തിൽ റെക്കോർഡിംഗ് സ്റ്റുഡിയോയിലേക്കായിരുന്നില്ല. ബോളിവുഡ്ഡിലെ ഹിമേഷ് രഷാമിയായുടെ മുൻവിധികളില്ലാത്ത വിശാലഹൃദയത്തിന്റെ ചില 'സംഗതി'കളിലൂടെ, തന്റെ ജീവിതത്തിന്റെ ഊഷരഭൂമിയിൽ കിളിർത്ത പച്ചപ്പിന്റെ പുതിയ ലോകത്തിലേക്കായിരുന്നു റാണിമണ്ഡൽ നടന്നു തുടങ്ങിയത്.

എന്റെ ജീവിതം ഇങ്ങനെയായിപ്പോയി. സന്തോഷം നിറഞ്ഞ ജീവിതം എനിക്കു പറഞ്ഞിട്ടുള്ള കാര്യമല്ല. എന്റെ ജീവിതത്തിൽ സാമ്പത്തിക പുരോഗതിയുണ്ടാവില്ല. നല്ലൊരു വിവാഹജീവിതം എനിക്കു കിട്ടാൻ പ്രയാസമാണ്. ഞങ്ങൾക്കു കുഞ്ഞുങ്ങളുണ്ടാവില്ല. അയാളൊരു കാലത്തും നന്നാവുമെന്നു തോന്നുന്നില്ല. ആ പെണ്ണിന്റെ കാര്യം പോക്കാ, ആ കുടുംബം ഗതിപിടിക്കില്ല...! ഇങ്ങനെ എത്രയെത്ര ചിന്തകളാണ്, മുൻവിധികളാണിവയെന്നറിയാതെ പലയാളുകളും കൊണ്ടുനടക്കുന്നത്. ഇപ്പറഞ്ഞവയൊക്കെ അങ്ങനെയാണെന്നും അങ്ങനെയേ ആകൂവെന്നും ആരാണു പറഞ്ഞത്? ക്ഷണനേരം കൊണ്ടിവയെല്ലാം മാറ്റിമറിക്കാൻ കഴിയുന്നൊരാൾ ഉണ്ടെന്നോർക്കണം. അദ്ദേഹത്തെ അറിയുന്നതാണ് ജീവിതത്തിന്റെ സാഫല്യം.

അനേകരുടെ മുൻവിധികൾക്കു മുമ്പിൽ കുമ്പിട്ടു നിന്ന മഗ്ദലേന മറിയത്തെ അവൻ തന്റെ ഒറ്റവരി വിധിവാചകത്തിലൂടെ ജീവിതത്തിലേക്കു തിരികെകൊണ്ടുവരുന്നുണ്ട്. "വന്നെന്റെ ആണി പഴുതുകളിൽ നിന്റെ വിരലിടുക" എന്നു പറഞ്ഞ് മുൻവിധിയുടെ ലാഞ്ജന പോലുമില്ലാതെ തോമസിനെ ക്ഷണിച്ച അവൻ, വിശ്വാസത്തിന്റെ പുതിയ മേച്ചിൽപുറങ്ങളിലേയ്ക്ക് തോമസിനെ കൊണ്ടുവരുന്നതും നമ്മളോർത്തുവയ്ക്കേണ്ടതുണ്ട്.

മുന്നിലുള്ള സാധ്യതകളെ നമ്മിൽ നിന്നു മറയ്ക്കുന്ന മൂടൽമഞ്ഞു പോലെയാണ് പലപ്പോഴും മുൻവിധികൾ. ഈ മഞ്ഞുമൂടൽ മായുന്നിടത്ത് പുതിയ കാഴ്ചകൾ തെളിയും. ഇന്നുതന്നെ ഒന്നു കണ്ണടച്ചു കാണാൻ ശ്രമിക്കണം, എന്റെ നല്ല വാക്കുകൾക്കായും ഒരു നോക്കിനായും കാത്തുനിൽക്കുന്ന എന്റെ പ്രിയപ്പെട്ടവരാരൊക്കെയെന്ന്. നമുക്കിനി എല്ലാത്തിനേയും, മുൻവിധികളില്ലാതെ കാണാം. പ്രത്യേകിച്ച് നമ്മൾ കാണുന്നവരേയും നമ്മെ കാണുന്നവരേയും.

മറക്കാതിരിക്കാം, സിഗ്നലിലെ ചില കാറുകളും നമുക്കു മുന്നിലെ ചിലയാളുകളും പലതും നമ്മോടു പറയുന്നുണ്ട്. നമ്മുടെ കണ്ണുകൾക്കും ഒരു വൈപ്പറുണ്ടായിരുന്നെങ്കിൽ !!

ജിന്റോ ജോൺ





കവർസ്റ്റോറി

# വരുന്നിടത്തുവച്ച് കാണാം വിന്നല്ല!

ജീവിതവിജയ പരിശീലകരുടെ ധൈര്യം സമ്മതിക്കണം. ലക്ഷ്യബോധവും കഠിനാധ്വാനവും ഉണ്ടെങ്കിൽ ആർക്കും ഏതുലക്ഷ്യവും കൈവരിക്കാം എന്നൊക്കെ ഇപ്പോഴും ആവർത്തിച്ചു പറയുന്നുണ്ടല്ലോ; മഹാഭൂരിപക്ഷത്തിനും അതു സാധിക്കില്ലെന്ന് കാലങ്ങളായി തെളിഞ്ഞിട്ടും. അല്ലായിരുന്നെങ്കിൽ നമ്മുടെ രാജ്യം എന്നേ ഐ.എ.എസു.കാരെക്കൊണ്ട് നിറഞ്ഞേനെ. സ്കൂൾ പഠനകാലം മുതൽ മനസ്സിൽ കൊണ്ടുനടന്ന ജീവിതലക്ഷ്യം (അംബിഷൻ) സാക്ഷാത്കരിക്കാൻ കഴിഞ്ഞവർ കുറച്ചുപേരുണ്ട്. ഈ കുറിപ്പ് അവരെക്കുറിച്ചല്ല. കാരണം, അവർ ലക്ഷ്യം നേടിക്കഴിഞ്ഞല്ലോ. ഇനി നമ്മൾ ശ്രദ്ധിക്കേണ്ടത് ജീവിതലക്ഷ്യം ഉപേക്ഷിക്കേണ്ടിവന്നവരെക്കുറിച്ചാണ്. പഠിച്ചതു മറന്നുപോകുന്നവർ, ഭാഷയിൽ പ്രാവീണ്യമില്ലാത്തവർ, രോഗം മൂലം പിന്നിലായിപ്പോയവർ, വീടുപോറ്റാൻ കിട്ടിയ ജോലിക്കു പോകേണ്ടിവന്നവർ, കുടുംബ പ്രശ്നങ്ങളിൽപെട്ട് വഴിയടഞ്ഞവർ, വഴി കാട്ടാൻ ആളില്ലാതായിപ്പോയവർ... ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ തോറ്റുപോയ പതിനായിരങ്ങളുടെ ആകുലതയും നിരാശയും ഇല്ലാതാക്കാൻ എന്തു പരിശീലനമാണുള്ളത്? ഇവർക്കു മുന്നോട്ടുപോകാൻ എന്തു മാതൃകയാണുള്ളത്? ഇഷ്ടപ്പെട്ട കോഴ്സ് പഠിക്കാനാകാത്തവർ, പഠിച്ചിട്ടും പ്രതീക്ഷിച്ച ജോലി കിട്ടാത്തവർ, ബിസിനസിൽ വിജയിക്കാത്തവർ... ലക്ഷ്യം നേടാത്തവർ ഇങ്ങനെ എത്രയാണ്? ഇനിയെന്ത് എന്ന ചോദ്യത്തെ ഏറ്റവും വലിയ യാഥാർഥ്യമായി കാണുന്നവർ. ശ്രമിച്ചിട്ടും പരാജയപ്പെട്ട ശരാശരിക്കാരെയാണ് നാളെയെക്കുറിച്ചുള്ള ഭീതി ഏറ്റവുമധികം ബാധിക്കുന്നതെന്നു തോന്നുന്നു. ഇവർക്കുള്ള ഉത്തരമല്ലേ നാമൊരുമിച്ച് കണ്ടുപിടിക്കേണ്ടത്?

## ആവറേജ് മനുഷ്യരുടെ ആശങ്കകൾ

ക്രിസ്തുവിന്റെ ഒരുഗുണം അയാളുടെ കാഴ്ച 360 ഡിഗ്രിയിൽ ആണെന്നതാണ്. എല്ലാവരും അയാളുടെ കണ്ണിൽ പെടുന്നുണ്ടെന്നു തോന്നുന്നു. ജയിച്ചവരും തോറ്റവരും ശക്തന്മാരും ദുർബലരുമെല്ലാം. അയാൾക്കറിയാം ലോകത്ത് മിടുക്കന്മാരെക്കാളധികം ആവറേജ് ആളുകളാണെന്ന്. അവർക്ക് നാളെയെക്കുറിച്ച് ആശങ്കയുണ്ടാകുമെന്ന്... അവർ ചിലപ്പോൾ വീണുപോകുമെന്ന്... അല്ലെങ്കിൽ മത്തായി (മത്താ 6, 25–34) ഇത്രയും കരുതലോടെ ഇത്രയും വാക്കുകൾ എഴുതില്ലായിരുന്നു. ആറാമാത്തെ അധ്യായത്തിന്റെ അവസാന ഭാഗമാണത്. നാളെയെക്കുറിച്ച് ആകുലരാകേണ്ടെന്ന് വെറുതെ പറയുകയല്ല. പറവകളെ തീറ്റിപ്പോറ്റുകയും

*നാളെയെക്കുറിച്ചുള്ള ഭീതി ഒട്ടുമിക്കയാളുകളിലുമുണ്ട്. ശ്രമിച്ചിട്ടും പരാജയപ്പെട്ട ശരാശരിക്കാരെയാണ് ഇതേറ്റവുമധികം ബാധിക്കുന്നതെന്നു തോന്നുന്നു. ഇവർക്കുള്ള ഉത്തരമാണ് നമ്മളിവടെ തേടുന്നത്.*

ലില്ലികളെ അലങ്കരിക്കുകയും ചെയ്യുന്ന പിതാവിനെക്കുറിച്ച് ഓർമിപ്പിക്കുകയും ചെയ്യും. തീർന്നില്ല, ഏതൊരു പ്രായോഗിക വാദിയെയും കവച്ചുവയ്ക്കുന്ന രീതിയിൽ മറ്റൊന്നുകൂടി പറയുന്നുണ്ട്. ഉത്കണ്ഠപ്പെട്ടതുകൊണ്ട് ഒരു കാര്യവുമില്ലെന്ന്. എന്റെ അഭിപ്രായത്തിൽ മനുഷ്യനെ ഏറ്റവും കൂടുതൽ മനസ്സിലാക്കുന്ന വാചകം അവസാനത്തേതാണ്. ഈ ഭൂമിയിലെ ഭാരങ്ങൾ വഹിക്കുന്ന ഏതൊരുവനും ആശ്വാസം കിട്ടുന്ന വാചകം. ഇന്നിന് ഇന്നത്തെ വേദന മതിയെന്ന്. നാളത്തെ വേദന കൂടി ഇന്നനുഭവിച്ച് ജീവിതം കൂടുതൽ ദുരിതമാക്കരുതെന്നല്ലേ അതിനർഥം. ലിവ് ഇൻ ദ് മൊമന്റ് എന്ന് ഇതിലും മനോഹരമായി പറയുന്നതെങ്ങനെ. വരുന്നതു നമുക്ക് വരുന്നിടത്തുവച്ച് കാണാം എന്ന് ചങ്ക് സുഹൃത്ത് തോളിൽ കൈവച്ചു പറയുന്നതുപോലെ തോന്നുന്നില്ലേ.

അംബിഷൻ എന്ന മഹാ പദ്ധതി നടപ്പായില്ലെങ്കിലും മനുഷ്യർ വിജയിക്കുന്നുണ്ടെന്നതാണ് മഹത്തായ സത്യം. സാധാരണക്കാരായ മനുഷ്യൻ അതിനു കണ്ടെത്തുന്നൊരു മാർഗമുണ്ട്. നടക്കാത്ത പ്ലാൻ എ-യിൽ കുടുങ്ങിക്കിടക്കാതെ പ്ലാൻ ബി-യിലേക്കു നീങ്ങുക. ലക്ഷ്യമോ ലക്ഷ്യത്തിലേക്കുള്ള മാർഗമോ മാറ്റിപ്പരീക്ഷിക്കുക. ഇത് ആദ്യത്തെ അംബിഷനേക്കാൾ വലിയ വിജയമാണെന്ന് അനുഭവമുള്ളവർ ഏറെയാണ്. പക്ഷേ, ഇവിടെയും പ്രധാനം മുന്നോട്ടു പോകാനുള്ള മനസ്സുതന്നെ. ആകുലതയെ ഭരിക്കാൻ അനുവദിക്കാതിരിക്കുക. നാളെയുടെ ചോദ്യമുയരുമ്പോൾ വീണ്ടും ലില്ലികളുടെയും പറവകളുടെയും നാഥനെ നോക്കുക.

ആകുലത എത്ര അപകടകാരിയാണെന്ന് വൈദ്യശാസ്ത്രവും പറഞ്ഞുതരുന്നുണ്ട്. അമേരിക്കയിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് അവരുടെ വെബ്സൈറ്റിൽ ഇതു കൃത്യമായി എഴുതിയിട്ടുണ്ട്. (https://www.nimh.nih.gov/health/topics/anxiety-disorders/index.shtml). വായിച്ചാൽ മനസ്സിലാകും ആകുലത കൂടിയാൽ പ്ലാൻ ബി-യിലേക്കു നീങ്ങാനാകില്ലെന്ന്. ആകുലതയെന്ന രോഗാവസ്ഥയെക്കുറിച്ചും വിദഗ്ധർ വിശദീകരിക്കുന്നു.

പ്രാർഥിച്ചാൽ ഒന്നുകിൽ ദൈവം ഭക്ഷണം തരും, അല്ലെങ്കിൽ വിശപ്പുസഹിക്കാനുള്ള ശക്തി തരും. പ്രാർഥനയെക്കുറിച്ച് ഇതുവരെ കേട്ട സാധാരണ വിശദീകരണങ്ങളിൽ ഏറ്റവും യുക്തിയുള്ളതെന്നു തോന്നിയ ഒന്നാണിത്. ആരാണു പറഞ്ഞതെന്ന് ഓർമയില്ലെങ്കിലും, അംബിഷൻ പാടേ പരാജയപ്പെട്ടാലും ജീവിതം എത്ര വഴിമുട്ടിയാലും ഒരു പ്ലാൻ ബി നമുക്കായി ഉണ്ടാകുമെന്ന് വിശ്വസിക്കണം. കാരണം ആകാശത്ത് ഇപ്പോഴും പറവകളുണ്ടല്ലോ, വയലിൽ ചെടികൾ പൂക്കുന്നുമുണ്ട്. ആവറേജുകാരെയും ബിലോ ആവറേജുകാരെയുമെല്ലാം പരിഗണിക്കുന്നൊരാളുണ്ടെന്നതാണ് നമ്മുടെയൊക്കെ സമാധാനം.

# അങ്ങനെയങ്ങ് കൈവിടുമോ.. ദൈവം

ചില സമയങ്ങളുണ്ട്. അകവും പുറവും ഇരുണ്ടുപോകും. വഴിയുണ്ടെങ്കിലും നമ്മൾ കണ്ടെത്തു വരില്ല. അപ്പോഴും, ദൈവം നമ്മളെ അങ്ങനെ കൈവിടുമോ എന്നു ചോദിക്കാനെങ്കിലും ഒരാൾ നമ്മോടൊപ്പം വേണം.

എന്റെ ഒരു സുഹൃത്തിന്റെ അനുഭവമാണിത്. 1988, മൊബൈലില്ലാത്ത കാലം. അവന്റെ പിതാവ് ചെന്നൈയിൽ വച്ചു മരിച്ചു. മൃതദേഹവുമായി അവനും ഏതാനും ബന്ധുക്കളും ഒരു വാനിലാണ് എറണാകുളത്തേക്കു വരുന്നത്. പിറ്റേ ദിവസം സംസ്കാരം നടത്താനുള്ള ഒരുക്കങ്ങൾ നാട്ടിൽ നടക്കുന്നുണ്ട്. സമയത്ത് എത്തുക എന്ന ഒറ്റ ലക്ഷ്യം മാത്രം. എന്നാൽ പാതിരാത്രി തമിഴ്നാട്ടിലൂടെയുള്ള യാത്രക്കിടെ വാനിന്റെ ഓട്ടം നിലച്ചു. നോക്കിയപ്പോൾ ഒരു ടയർ പഞ്ചർ ആണ്. കൂരിരുട്ടിൽ, വിജനമായ വഴിയരികിൽ വച്ച് ഒരുപാട് പണിപ്പെട്ട് ഡ്രൈവർ സ്റ്റെപ്പിനി ടയർ മാറ്റിയിട്ടു. യാത്രതുടർന്നു. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വീണ്ടും യാത്ര മുടങ്ങി. മറ്റൊരു ടയറും പഞ്ചർ ആയിരിക്കുന്നു. ഇനി സ്റ്റെപ്പിനിയില്ല. ഇരുട്ടിന്റെ കട്ടി കുറഞ്ഞിട്ടില്ല. വഴിയിൽ ആരെയും കാണാനില്ല. ഏതാണ് സ്ഥലമെന്നു പോലും അറിയില്ല. വിറങ്ങലിച്ചു കിടക്കുന്ന അപ്പനെ വണ്ടിക്കുള്ളിൽ ഒറ്റയ്ക്കാക്കി എല്ലാവരും പുറത്തിറങ്ങി നിൽക്കുകയാണ്. അവൻ കരച്ചിലിന്റെ വക്കോളമെത്തി. എന്തുചെയ്യും? "ദൈവം നമ്മെ അങ്ങനെ കൈവിടുമോടാ?" ഒപ്പമുണ്ടായിരുന്ന അമ്മാവന്റെ സ്വരമായിരുന്നു അത്. കുനിഞ്ഞിരുന്ന തല ചെറുതായൊന്ന് ഉയർത്തിനോക്കി. ആ സ്വരത്തിൽ ഒരു വെളിച്ചമുണ്ടായിരുന്നുവെന്നാണ് അവനു തോന്നിയത്. മുന്നിലെ റോഡ് ഇപ്പോൾ കാണാവുന്നതുപോലെ. ഇനിയും ഒരു സാധ്യത കൂടിയുണ്ടെന്ന തോന്നൽ. എന്തായാലും ഡ്രൈവറും മറ്റൊരാളും കൂടി മുന്നോട്ടുനടന്നു. കുറച്ചുസമയം കഴിഞ്ഞ് അവർ നാലുപേരായി മടങ്ങിയെത്തി. അവർ ടയർ മാറ്റിയിട്ടോ, അതോ തുളയടച്ചോ എന്ന് ഇപ്പോൾ ഓർക്കുന്നില്ല. എന്തായാലും വാൻ യാത്ര തുടർന്നു. പിറ്റേദിവസം ഉച്ചകഴിഞ്ഞ് എറണാകുളത്തെത്തുകയും ചെയ്തു. അമ്മാവന്റെ ചോദ്യത്തിന് അവനടക്കം ആരും ഉത്തരം പറഞ്ഞിരുന്നില്ല. എന്നാൽ, ആ യാത്ര തന്നെ അതിനുള്ള ഉത്തരമാകുകയായിരുന്നു.

*എസ്. ജെ. ഇടപ്പള്ളി*

ഡോ. നൈസിൽ രാജേഷ് MSW, PhD



*കളശ്ശേരി രാജഗിരി കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റിൽ അസി. പ്രൊഫസറും വിവാഹിതയും രണ്ടു കുട്ടികളുടെ അമ്മയുമാണ്.* nycilromis@gmail.com

കവർസ്റ്റോറി

## ആവറേജ് മനുഷ്യരുടെ ആശങ്കകൾ

# വിവാഹം വൈകിയാൽ എന്തുചെയ്യും?



ആകുലരാകേണ്ട എന്ന വചനം എനിക്ക് നൽകുന്ന സമാധാനം ചെറുതല്ല. ഒരു ശുഭപ്രതീക്ഷ എന്നതിനപ്പുറത്ത് ദൈവം അറിയാതെ, അനുവദിക്കാതെ എന്റെ ജീവിതത്തിൽ ഒന്നും നടക്കില്ല എന്ന ബോധ്യമാണ് ഈ വചനം സമ്മാനിക്കുന്നത്. എന്റെ വിവാഹം വൈകുന്നതിൽ വീട്ടുകാർക്കും ബന്ധുക്കൾക്കുമെല്ലാം വലിയ വിഷമമായിരുന്നു. എവിടെപ്പോയാലും എന്തായി കല്യാണക്കാര്യം എന്നായിരുന്നു ഞാൻ ആദ്യം കേൾക്കുന്ന ചോദ്യം. അവരുടെ മുഖത്തുനിന്ന് ആശങ്കയും സഹതാപവും എനിക്കു വായിച്ചെടുക്കാമായിരുന്നു. ചുരുക്കത്തിൽ എന്റെ വിവാഹം എല്ലാവരുടെയും വേദനയായി. പക്ഷേ, വിവാഹം നടന്നാലും നടന്നില്ലെങ്കിലും കർത്താവിന്റെ തീരുമാനമായിരിക്കും ജീവിതത്തിൽ നടക്കുകയെന്ന് ഞാൻ വിശ്വസിച്ചിരുന്നു. സാധാരണ കല്യാണപ്രായം കഴിഞ്ഞപ്പോഴും സമാധാനം കൈവിടാതെ മുന്നോട്ടുപാകാൻ എന്നെ സഹായിച്ചതും അതുതന്നെ. ദൈവം നിശ്ചയിച്ച സമയത്തുതന്നെയാണ് എന്റെ വിവാഹം നടന്നതെന്നും ഇപ്പോൾ വിശ്വസിക്കുന്നു.

മറ്റൊരു സംഭവംകൂടി പറയാം. രണ്ടാമത്തെ കുഞ്ഞ് പിറക്കാറായ സമയം. എന്റെ പ്രഷർ വല്ലാതെ ഉയർന്നു. ഡോക്ടർക്കുപോലും ടെൻഷൻ മറച്ചുവയ്ക്കാൻ കഴിഞ്ഞില്ല. അമ്മയ്ക്കും കുഞ്ഞിനും ദോഷം വരാവുന്ന അവസ്ഥയായിരുന്നു അത്. ആശുപത്രിയിലെ മണിക്കൂറുകൾക്കിടെ വീണ്ടും ആ വാക്കുകൾ ഓർമയിലേക്കുവന്നു. ആകുലരാകരുത്. നടക്കാൻപോകുന്നത് എന്തായാലും ദൈവത്തിന്റെ ഇഷ്ടമാണ്. സംഭവിക്കാൻ സാധ്യതയുള്ളതെല്ലാം അതിന്റെ ഗൗരവത്തിൽത്തന്നെ മനസ്സിലായെങ്കിലും ഞാൻ റിലാക്സ്ഡായിരുന്നു. അത് വീട്ടുകാർക്കും വലിയ ആശ്വാസമായി. എന്തായാലും കുഞ്ഞ് പിറന്നു. പക്ഷേ, വീണ്ടും പ്രശ്നങ്ങളുണ്ടായിരുന്നു. ഭാരക്കുറവ്. അവിടെയും ആകുലപ്പെടാതെ കുഞ്ഞിനുവേണ്ട പരിചരണം നൽകാനായിരുന്നു ആ വചനം എന്നെ പ്രചോദിപ്പിച്ചത്. മാസങ്ങൾക്കുശേഷം കുട്ടി തികച്ചും നോർമൽ എന്ന് ഡോക്ടറും ശരിവച്ചു. തിരിഞ്ഞുനോക്കുമ്പോൾ വലിയ കാര്യങ്ങളിൽ മാത്രമല്ല, കുഞ്ഞുകാര്യങ്ങളിലും ശാന്തമായി മുന്നോട്ടുപോകാൻ ഈ വചനം എന്നെ സഹായിച്ചിട്ടുണ്ട്. യാത്രയ്ക്കു മണിക്കൂറുകൾ മുൻപുപോലും ടിക്കറ്റ് കൺഫേം ആകാതിരുന്നപ്പോഴും പരിചയമില്ലാത്ത സ്ഥലങ്ങളിലേക്ക് ഒറ്റയ്ക്കുപോകേണ്ടിവന്നപ്പോഴുമെല്ലാം മനസ്സിൽ ആ വചനം ഞാൻ കേട്ടിട്ടുണ്ട്. ആകുലരാകേണ്ട

**യു.എ.ഇ.യിലെ ജീസസ് യൂത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ഒരു 21 അംഗ സംഘം കൽക്കട്ടയിൽ എത്തുകയുണ്ടായി. മദർ തെരേസയുടെ മഠം സന്ദർശിക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യണമെന്ന ആഗ്രഹത്തോടെയാണ് ഈ ജീസസ് യൂത്ത് അംഗങ്ങൾ കൽക്കട്ടയിലെത്തിയത്. പലർക്കും വ്യത്യസ്തമായ അനുഭവങ്ങളാണുണ്ടായത്. മിഷൻ പ്രവർത്തനങ്ങളിലൂടെ കിട്ടുന്ന അനുഭവങ്ങളും ബോധ്യങ്ങളും പറഞ്ഞറിയിക്കുന്നതിനേക്കാൾ അനുഭവിച്ചറിയുകയാണു വേണ്ടതെന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറയുകയുണ്ടായി. തങ്ങളുടെ അനുഭവങ്ങൾ അവർ കെയ്റോസുമായി പങ്കുവയ്ക്കുന്നു.**

# കൽക്കട്ടയിലെ അഞ്ച് ദിനരാത്രങ്ങൾ

യു.എ.ഇ.യിൽ ജീസസ് യൂത്തിന്റെ ജൂബിലിയുടെ ഭാഗമായി കൽക്കട്ടയിൽ മിഷണറീസ് ഓഫ് ചാരിറ്റിയുടെ വിവിധ മിഷൻ സെന്ററുകളിൽ ചെറിയ ഗ്രൂപ്പുകളായി ഞങ്ങൾക്ക് ശുശ്രൂഷ ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. കൽക്കട്ട ജീസസ് യൂത്തിലെ ലിജുവും മരിയയും എന്താവശ്യത്തിനായും മുഴുവൻ സമയവും കൂടെയുണ്ടായിരുന്നു. ഒപ്പം അവിടെയുള്ള സി. ഡെനീസില എം.സി.യും വേണ്ട ക്രമീകരണങ്ങൾക്കായി ഞങ്ങൾക്കൊപ്പമുണ്ടായിരുന്നു. ഈശോയെ നേരിൽ കാണാനുള്ള അനുഗ്രഹം തന്നു എന്നു പറയുന്നതാണ് ശരി. ഞാൻ തെരഞ്ഞെടുത്ത സ്ഥലം 'നിർമൽ ഹൃദയ്-കാലിഘട്ട്' ആണ്. സെന്റ് തെരേസാ ഓഫ് കൽക്കട്ട സ്ഥാപിച്ച ആദ്യത്തെ മിഷണറി സെൻർ ആണ് അത്. 'മദേഴ്സ് ഫസ്റ്റ് ലവ്'എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്. ജീവിതത്തിന്റെ അവസാന നാളുകൾ അന്തസ്സോടെ ചെലവഴിക്കുന്ന കുറെ അപ്പച്ചന്മാരെ ആണ് ഞാൻ അവിടെ കണ്ടത്.

അവിടെ കയറി ചെന്ന നിമിഷം മുതൽ ഈശോ എന്റെ കൈപിടിച്ചു കൊണ്ടുപോവുകയായിരുന്നു. ആ വഴികൾ എങ്ങനെ വ്യത്യസ്തമായി നടക്കാം എന്നു പഠിപ്പിച്ചു തന്ന ദിവസങ്ങൾ ആയിരുന്നു പിന്നീട്. ഓരോ ദിവസവും ഓരോ ബോധ്യങ്ങൾ ഈശോ തന്നിരുന്നു. ജീവിതത്തിന്റെ നിസ്സാരതയെ ഞാൻ അവിടെ കണ്ടു. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലും മുറിവ് വച്ചു കെട്ടിയും ഭക്ഷണം വാരി കൊടുത്തും ഷേവ് ചെയ്തു കൊടുത്തും കുളിപ്പിച്ചും സ്വന്തം മക്കളെക്കാൾ സ്നേഹത്തോടെ പരിചരിക്കുന്ന സിസ്റ്റർമാരെയും വോളണ്ടിയേഴ്സിനെയും ആണ് ഞാൻ അവിടെ കണ്ടത്. അവർ ആ സ്വർഗത്തിലെ മാലാഖമാർ ആയിരുന്നു.

ഞാൻ ആദ്യം ചെന്നത്, ഒരു നഴ്സിങ് റൂമിൽ ആയിരുന്നു. എല്ലാ അപ്പച്ചന്മാർക്കും ദേഹത്തു എവിടെയെങ്കിലും ആഴത്തിൽ ഉള്ള മുറിവുകളുണ്ടായിരുന്നു. എന്നും രാവിലെ മുറിവുകൾ വൃത്തിയാക്കും. ആ മാലാഖമാരുടെ കൂടെ ചേർന്നു ഞാനും ആ മുറിവുകളിൽ ഈശോയെ കാണാൻ പഠിച്ചു. മുറിവുകളിൽ ഉള്ള ആ മണം ഈശോയുടെ മണം ആണെന്ന് എനിക്ക് മനസ്സിലായി. ആ കണ്ണുകളിൽ ക്രൂശിതനായ ഈശോയുടെ കണ്ണുകളെ ഞാൻ കണ്ടു. അവരെ ചേർത്തു പിടിക്കുമ്പോൾ ആ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. എന്റെ കൈകൾക്ക് സൗഖ്യത്തിന്റെ അഭിഷേകം തരാൻ ആയിരുന്നു പ്രാർഥന. ആദ്യ ദിവസംതന്നെ എന്റെ ഉള്ളിലുണ്ടായിരുന്ന അഹങ്കാരത്തിന്റെ ഓരോ ചെറിയ കണികപോലും കണ്ണീരായി ഉരുകിയൊലിച്ചു പോയി.

ഭക്ഷണം കൊടുത്തു കഴിഞ്ഞ് എല്ലാ പാത്രങ്ങളും കുനിഞ്ഞു നിന്നു കഴുകി കൊണ്ടിരിക്കുമ്പോൾ എന്റെ പുറം നന്നായി വേദനിച്ചു. ഞാൻ പരിശുദ്ധ അമ്മയോട് പ്രാർഥിച്ചു. എല്ലാം കഴുകി കഴിഞ്ഞപ്പോളാണ് ഞാൻ അറിഞ്ഞത്, പിന്നീടെനിക്ക് പുറം വേദനിച്ചില്ലായിരുന്നെന്ന്. പിറ്റേന്ന് എല്ലാ അപ്പച്ചന്മാരേയും ഷേവ് ചെയ്തു സുന്ദരന്മാരാക്കുന്ന ദിവസമായിരുന്നു. ഓരോരുത്തരെയും ഷേവ് ചെയ്തു കഴിഞ്ഞ് ആ കവിളത്ത് ഒരുമ്മ കൊടുക്കുമ്പോൾ അവർ രണ്ടു കൈയും നമ്മുടെ തലയിൽ വച്ചനുഗ്രഹിക്കും. എന്റെ എല്ലാ തെറ്റുകളും പൊറുക്കുന്ന അനുഗ്രഹമായിരുന്നു അത്.

ഓരോ അപ്പച്ചന്മാരുടെയും മുഖം കഴുകി കഴിഞ്ഞ് മൂക്ക് ചീറ്റി കൊടുത്തപ്പോൾ എനിക്കു ഒരു മടിയും തോന്നിയില്ല. കാരണം എന്റെ മുമ്പിൽ നിൽക്കുന്നത് ഈശോ തന്നെയാണെന്ന് എനിക്ക് അറിയാമായിരുന്നു. അവസാന ദിവസം ഒരു അപ്പച്ചനെ കുറേ പേർ ചേർന്ന് അവിടെ കൊണ്ടു വന്നു. കൊണ്ടു വന്നവർ മൂക്ക് പൊത്തിയാണ് അവിടെ നിന്നത്. വെള്ളം കണ്ടിട്ടു മാസങ്ങൾ ആയെന്നു കണ്ടാലറിയാം. ആ അപ്പച്ചന്റെ കാലിൽ പുഴുവരിക്കുന്നുണ്ടായിരുന്നതിനാൽ ഒരു പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞു വച്ചിരിക്കയായിരുന്നു. പിന്നെ ഞാൻ കണ്ടത്, അവിടെ ഉണ്ടായിരുന്ന സിസ്റ്റേഴ്സ് ആ അപ്പച്ചനെ ചേർത്തു പിടിച്ച് മുറിവ് വൃത്തിയാക്കി, പുതിയ ഡ്രസ്സ് കൊടുത്ത് ഒരു പുതിയ മനുഷ്യനാക്കി ആ സ്വർഗത്തിലേക്ക് ആനയിക്കുന്നതാണ്.

ആ ഒരാഴ്ചത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്ക് നിസ്സംശയം പറയാൻ കഴിയും, സ്വർഗം ഈ ഭൂമിയിൽ തന്നെയാണെണ്. മാലാഖമാർ അവിടത്തെ സിസ്റ്റേഴ്സും വോളണ്ടിയേഴ്സും. ചുറ്റുമുള്ളവരിൽ ഈശോയെ കാണാൻ സാധിച്ചാൽ നമുക്കും ആ സ്വർഗത്തിന്റെ പങ്കുപറ്റാൻ സാധിക്കും. ഈ ലോകം നമ്മെ പഠിപ്പിക്കുന്നത് ഏതു വിധേനയും ജയിക്കാനാണ്. എന്നാൽ എന്റെ മിഷൻ അനുഭവം എന്നെ പഠിപ്പിച്ചത്, മറ്റുള്ളവരുടെ മുമ്പിൽ എളിമപ്പെടാനാണ്. ഒന്നു തോറ്റു കൊടുക്കാനുള്ള മനസ്സിനായാണ് ഞാനിപ്പോൾ പ്രാർഥിക്കുന്നത്. നമ്മൾ ഈ സമൂഹത്തിന്റെ മൂല്യച്യുതിയെക്കുറിച്ചു സംസാരിക്കുന്നു. മനസ്സു മരവിച്ച യുവത്വത്തെക്കുറിച്ചു സംസാരിക്കുന്നു. എന്നാൽ മാറ്റം തുടങ്ങേണ്ടത് എന്നിൽ നിന്നാണ്. നമ്മൾ ആയിരിക്കുന്നിടത്ത് സുവിശേഷമാകാൻ നമുക്കു സാധിക്കട്ടെ. നമ്മളെ കണ്ടുകൊണ്ട് എല്ലാവരും പറയട്ടെ, നമ്മൾ ക്രിസ്തുവിനെ അനുകരിക്കുന്നവർ ആണെന്ന്.



*നെൽസൺ, യു.എ.ഇ*



# ആ ദിവസങ്ങളിൽ ഞങ്ങൾ ക്രിസ്തുവിനെ കണ്ടു

നാളുകളായി ആഗ്രഹിച്ചിരുന്ന് കിട്ടിയതാണീ മിഷൻ ദിനങ്ങൾ. വിചാരിച്ചതിലും അപ്പുറമായിരുന്നു ജീവിതാനുഭവങ്ങൾ. സാധാരണ ജീവിതം പോലെയാണ് ഇവിടത്തെ സിസ്റ്റേഴ്സ് അവിടെയുള്ളവരുടെയടുത്ത് പെരുമാറിയിരുന്നത്. എളിമയോടും വളരെ ലാളിത്യത്തോടെയുമുള്ള അവരുടെ പെരുമാറ്റം എന്നിൽ വലിയ മാറ്റങ്ങൾ വരുത്തുന്ന അനുഭവങ്ങളായി. ഓരോ മനുഷ്യനും ക്രിസ്തുവിന്റെ ശരീരമാണെന്ന തിരിച്ചറിവാണു ലഭിച്ചത്.



*ജോബിൻ, ദുബായ്*

രണ്ടു തലത്തിലുള്ള മിഷൻ അനുഭവങ്ങളാണ് ഓർമ വന്നത്. ഒന്ന് നമ്മൾ ചെല്ലുന്നിടങ്ങളിൽ വലിയ സ്വീകരണത്തോടെയുള്ളതാണ്. മറ്റൊന്ന് കൽക്കട്ടയിലെ പോലെ ഭൂമിയോളം താഴുന്ന എളിമയോടെ ശുശ്രൂഷ ചെയ്യാനുള്ള വലിയ പ്രേരണ ലഭിക്കുന്നതും. ജീവിതത്തിൽ ഏതു വിധേനയും കർത്താവിനെ നൽകണമെന്നും അതിന്റെ അടിയന്തര പ്രാധാന്യവും എന്നിൽ നിറയുകയായിരുന്നു.




*റിജോ, ജബ്ലാനി*

ഈ ഒരു മിഷൻ എനിക്ക് എന്നിലേക്കു തന്നെ തിരിഞ്ഞു നോക്കുവാനുള്ള ഒരു സമയമായിരുന്നു. എന്റെ വിളിക്കുള്ളിലെ വിളിയായിട്ടാണ് എനിക്കു ബോധ്യപ്പെട്ടത്. വലിയൊരു പ്രചോദനമാണ് ഇവിടെയായിരുന്ന ദിനങ്ങൾ എനിക്കു നൽകിയത്. ജീവിതത്തെക്കുറിച്ച് വ്യക്തമായ ഒരു ദർശനം ലഭിച്ചു. യേശുവിന്റെ നിസ്സഹായ മുഖം എന്നെ വിളിക്കുന്നതായും "വരുക വന്ന് ഞങ്ങൾക്ക് ക്രിസ്തുവിനെ കാണിച്ചു തരുക"യെന്നും ഓരോ മുഖങ്ങളും എന്നോടു പറയുന്നുണ്ടായിരുന്നു.



*റാണി ബെന്നി, ദുബായ്*

കൽക്കട്ടയിൽ എത്തിയതു നന്നായെന്നു തോന്നി. എന്നെത്തന്നെ കണ്ടെത്താൽ സഹായിക്കുന്നതായിരുന്നു ഈ ദിവസങ്ങൾ. പരസ്നേഹത്തിൽ നിന്നും നന്മയിൽ നിന്നുമൊക്കെ ഞാനെത്രയകലെയാണെന്ന് മനസ്സിലാക്കി. എന്റെ ജീവിതത്തിലെ മാറ്റം വരുത്തേണ്ട മേഖലകൾ വ്യക്തമായി ഞാൻ തിരിച്ചറിഞ്ഞു.



*സ്കിന്നർ, അബുദാബി*

എന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു യാത്രയായിരുന്നു ഈ മിഷൻ. എന്റെ അനുദിന ജീവിതത്തിൽ മാറ്റം വരുത്തണമെന്നും എന്തെങ്കിലും ചെറിയ കാര്യങ്ങളെങ്കിലും ചെയ്തു തുടങ്ങണമെന്നും ഉള്ളിൽ വലിയ പ്രേരണയുണ്ടായി. ക്രിസ്തുവിനെ കാണുവാനും മറ്റുള്ളവർക്കു കാണിച്ചു കൊടുക്കുവാനുമായി എന്റെയുള്ളിൽ ഒരു സ്പാർക്ക് നൽകിയ അനുഭവമായി ഈ കൽക്കട്ടാ മിഷൻ.




*സൗമ്യാ തോമസ്, ഷാർജ*

എന്റെ ജീവിതത്തിലെ ഒരു ടേണിംഗ് പോയിന്റായിരുന്നു ഈ മിഷൻ. ദൈവം ജീവിക്കുന്നുവെന്നും നേരിട്ടു കാണാനാവുമെന്നും തിരിച്ചറിഞ്ഞ ദിനങ്ങൾ. ശുശ്രൂഷകളിലൂടെ സ്നേഹിക്കുവാനും പരിചരിക്കുവാനും സാധിച്ചത് എന്നിൽ വലിയ മാറ്റങ്ങൾക്കു കാരണമായി. ഇത്തരം മിഷൻ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ തീരുമാനിച്ചു.



*ചിത്തു ജോസഫ്, അൽ ഐൻ*

എനിക്കു കൂടുതലൊന്നും പറയാനില്ല. അനുഭവങ്ങൾ പറഞ്ഞറിയിക്കാൻ വയ്യാത്തതുപോലെ. ദൈവത്തെ നേരിട്ടു കാണുന്ന അനുഭവമായിരുന്നു. നേരിട്ടനുഭവിച്ചറിഞ്ഞാലെ അതു മനസ്സിലാകൂ.



*പോൾ ജോസഫ്, ജബ്ലാനി*

നല്ല ആഴമുള്ള ഒരനുഭവം ലഭിച്ചത് ഈ മിഷനിലൂടെയാണ്. ദൈവത്തെ മുഖാമുഖം കണ്ട ദിവസങ്ങളായിരുന്നു. ഇനിയും മാസത്തിലൊരിക്കലെങ്കിലും ഇതുപോലുള്ള മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നുള്ള തീരുമാനമെടുത്തു. ജീവിതത്തിൽ ഒഴിച്ചു കൂടാനാവാത്ത ജീവിത രീതിയാണിതെന്നും മനസ്സിലായി.



*ബാജു മാത്യു, റാസൽ ഖൈമ*

ഓർമ

രശ്മി ജോയി പുറക്കാടൻ



*എറണാകുളം സ്വദേശിനിയായ ലേഖിക സെന്റ് തെരേസാസ് കേളേജിലും മഞ്ഞുമ്മൽ ഗാർഡിയൻ എയ്ഞ്ചൽസ് പബ്ലിക്ക് സ്കൂളിലും സ്റ്റുഡന്റ്സ് കൗൺസിലർ ആയി ജോലി ചെയ്യുന്നു.*
resmijpurakkadan@gmail.com



**കാഞ്ഞിരപ്പള്ളിയിൽ നിന്നും നെടുങ്കണ്ടം വരെയുള്ള ഒരു യാത്ര. ഞാൻ തിരിച്ചറിഞ്ഞു, എന്നെയും ഞാൻ വിട്ടു കൊടുക്കേണ്ടതുണ്ടെന്ന്. ആ യാത്രയാണ് പിന്നീടെന്നെ വഴി നടത്തിയത്.**

# നെടുങ്കണ്ടം യാത്ര

ജീസസ് യൂത്ത് ആയി വർഷങ്ങൾ പിന്നിട്ട അനേകർ ഉണ്ടായിരിക്കും. എന്നാൽ ഒരു വ്യക്തി ജീസസ് യൂത്ത് ആകുന്നതിനേക്കാൾ മുമ്പ് ജീസസ് യൂത്തിന്റെ മീററിംഗുകൾക്കും മറ്റുമായി എന്നും തുറന്നിട്ടൊരു വീടുണ്ടായിരുന്നു. ആർക്കും എപ്പോൾ വേണമെങ്കിലും കയറിച്ചെല്ലാവുന്ന കുടുംബം. അടച്ചിട്ട വാതിലുകൾ ഇല്ലാത്ത, പുഞ്ചിരിയോടെ അനേകം യുവജനങ്ങളെ സ്വാഗതം ചെയ്യുന്ന വീട്, അതാണ് ജോർജ് സാറിന്റെയും ലൂസി ആന്റിയുടെയും വീട്. എന്നും പുഞ്ചിരി തൂകി യുവജനങ്ങളെ വഴിനടത്തുന്ന, എതിരേൽക്കുന്ന കുടുംബം. ഇവർക്കു മക്കൾ രണ്ടുപേരാണെങ്കിലും ഈ വിധത്തിൽ ആ കുടുംബത്തിൽ അനേക മക്കളും മരുമക്കളും പേരക്കുട്ടികളും മിക്കവാറും ഉണ്ടാകുമായിരുന്നു. ജോർജ് സാറിന്റെ അനേകം ഓർമകളിലൊന്ന്.

മടിയോടെ ഇരിക്കേണ്ടവനല്ല ഞാൻ ഇറങ്ങി തിരിക്കേണ്ടവനാണ്.

1990 കളിലാണ് ഞാൻ ജീസസ് യൂത്തിലേയ്ക്കു വരുന്നത്. ആ വർഷം കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിൽ നടന്ന ക്യാമ്പസ് മീറ്റിലേക്ക് നെടുങ്കണ്ടം എം.ഇ.എസ്. കോളേജിലെ അധ്യാപകനായ ഞാൻ കുട്ടികളെയും കൊണ്ടുപോയി. കർത്താവിനോട് യാതൊരു പ്രതിബദ്ധതയോ ജീസസ് യൂത്തിനെക്കുറിച്ച് അറിവോ ബോധ്യങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. ക്യാമ്പസ് മീറ്റ് കഴിഞ്ഞ് തിരിച്ചു പോരുമ്പോൾ വളരെ തീക്ഷ്ണതയോടും ആവേശത്തോടും കൂടി സ്തുതിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന കുട്ടികളെ കണ്ടപ്പോൾ വളരെ അത്ഭുതമായി. അവർക്ക് ആദ്യമായി ലഭിച്ച ദൈവാനുഭവം യാത്രയിൽ മുഴുവനും നിറഞ്ഞു നിന്നിരുന്നു. കാഞ്ഞിരപ്പള്ളിയിൽ നിന്നും നെടുങ്കണ്ടം വരെയുള്ള ആ യാത്ര എന്നെ ഒത്തിരി സ്വാധീനിച്ചു.

അതിനുശേഷം കോളേജിൽ വന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ പ്രാർഥനാ ഗ്രൂപ്പ് തുടങ്ങണം എന്ന ആവശ്യവുമായി അവർ എന്നെ സമീപിച്ചു. തുടക്കത്തിൽ ഇടവക പള്ളിവരെ ഓടി നടന്നു കർത്താവിനു ശുശ്രൂഷ ചെയ്യുന്നതും അവിടത്തെ സുവിശേഷം മറ്റുള്ളവർക്കു പങ്കുവയ്ക്കുന്നതും കണ്ടപ്പോൾ ഞാനും ചിന്തിച്ചു തുടങ്ങി, എന്റെയൊക്കെ കഴിഞ്ഞ 35 വർഷക്കാലങ്ങൾ എങ്ങനെയുള്ളതാണെന്ന്. ഞാൻ ഒന്നും കർത്താവിനു കൊടുത്തില്ല. എന്നാൽ കൈയിൽ വരുമാനമില്ലാത്തവർ അവിടെ സമയവും പരിശ്രമവും ഉപയോഗിച്ച് ഓടുന്നത് കണ്ടപ്പോൾ ഞാൻ തിരിച്ചറിഞ്ഞു എന്നെയും ഞാൻ വിട്ടുകൊടുക്കേണ്ടതുണ്ടെന്ന്.

അതിലുപരി വീണ്ടും എന്നെ സ്വാധീനിച്ചത് എന്റെ കോളജിലെ വിദ്യാർഥി ആയിരുന്ന റെജി എബ്രഹാം ഡിഗ്രി പൂർത്തിയായി തൊട്ടുപുറകേ ഫുൾടൈമർ ആകാൻ സന്നദ്ധനാവുകയും അങ്ങനെ ഫുൾടൈമർ ആയി നോർത്ത് ഈസ്റ്റിലേയ്ക്ക് പോയതുമാണ്. ഒരു വർഷത്തിനുശേഷം കൂടുതൽ പ്രവർത്തനങ്ങൾക്കായി അവിടെ തന്നെ ബിഎഡിനു ചേർന്നതും എന്നെ വളരെയേറെ സ്വാധീനിച്ചു. അതിനുശേഷം അവിടെ നിന്നു തീക്ഷ്ണതയോടെ കർത്താവിനു വേണ്ടി ഓടി നടന്ന റെജി എബ്രഹാം ഇന്നും സജീവമായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു എന്ന് അറിയുന്നതിലും എനിക്ക് വളരെയേറെ സന്തോഷമുണ്ട്. റെജിയെ പോലെയുള്ളവരെ കണ്ട്, നെടുങ്കണ്ടം കോളേജിൽ നിന്നും വളർന്നു വന്ന ജീസസ് യൂത്താണ് ഞാനും. എന്തെങ്കിലും ഒക്കെ ചെയ്യേണ്ടവനാണ്, മടിയോടെ ഇരിക്കേണ്ടവനല്ല, കർത്താവിനു വേണ്ടി ഇറങ്ങിത്തിരിക്കേണ്ടവനാണ് എന്ന ചിന്തയാണ് എന്നെ വഴി നടത്തിയത്.

കർത്താവിനോട് ചേർന്നുള്ള ഈ ജീവിതമാണ് എന്റെ കുടുംബത്തിന്റെ ശക്തിയും. താങ്ങുന്ന നാഥൻ ഇന്നും കരുതലും കാവലുമായി ഞങ്ങളുടെ കുടുംബത്തെ അനേകർക്ക് കുടുംബമായി നൽകാൻ അവസരമൊരുക്കി ✦



# നിങ്ങൾ എനിക്കു സാക്ഷികൾ ആയിരിക്കും

*(അപ്പ 1,8)*

*Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org*

## വിചിന്തനം

വിശുദ്ധ സ്തേഫാനോസിന്റെ സാക്ഷ്യത്തെക്കുറിച്ചും അത് അനുകരിക്കാനുള്ള നമ്മുടെ വിളിയെക്കുറിച്ചുമുള്ള ഫ്രാൻസിസ് പാപ്പയുടെ വിചിന്തനം നമ്മെ വെല്ലുവിളിക്കുന്നതാണ്. ക്രിസ്തുമതം ആദർശങ്ങളുടെ ഒരു വിദ്യാലയമല്ല, മനോഹരമായ പള്ളികളുടെയും മനോജ്ഞമായ കലയുടെയും ശേഖരമോ അല്ല; അത് യേശുവിനെ അനുഗമിക്കുകയും അവിടത്തേക്ക് ഓരോ ദിവസവും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന സജീവമായ ഒരു ജനതയാണ്. ഞാൻ യേശുവിനു സാക്ഷ്യം വഹിക്കുന്ന ക്രിസ്ത്യാനിയാണോ? അതോ, എന്റെ ക്രൈസ്തവ ജീവിതാന്തസ്സിൽ എന്നെ മുന്നോട്ടു നയിക്കാൻ പരിശുദ്ധാത്മാവിനെ അനുവദിക്കാനാവാതെ, ഈ മതവിഭാഗത്തിൽ തുടരുന്ന വെറുമൊരു അംഗം മാത്രമാണോ? സാക്ഷ്യം വഹിക്കാത്ത ക്രിസ്ത്യാനി തീർച്ചയായും ഒരു ചോദ്യചിഹ്നമാണ്! ക്രൈസ്തവ സാക്ഷ്യം, ചിലപ്പോഴെല്ലാം എത്തിനില്ക്കുക സ്വന്തം ജീവൻ നല്കുന്നതിലാണ്. സാക്ഷ്യം വഹിക്കുന്നത് എപ്പോഴും ഫലം പുറപ്പെടുവിക്കുന്നു. അത് ദൈനംദിന ജീവിതത്തിലോ, വളരെയധികം ക്ലേശപൂർണമായ സമയങ്ങളിലോ, മതപീഡനങ്ങളിലോ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നതാവാം. അതുമല്ലെങ്കിൽ ജീവൻ പോലും പരിത്യജിച്ചുകൊണ്ടുള്ള സാക്ഷ്യപ്പെടുത്തലാവാം. ക്രിസ്തു തങ്ങൾക്കു നല്കിയ നവജീവൻ മറ്റുള്ളവർക്കു നല്കാത്ത ക്രൈസ്തവൻ ഫലം പുറപ്പെടുവിക്കാത്തവനായി അവശേഷിക്കുന്നു. സാക്ഷ്യത്തിന്റെ പാത സ്വീകരിക്കുവാൻ നമ്മെ കരുത്തുള്ളവരാക്കുന്നത് പരിശുദ്ധാത്മാവാണ്.

ക്രിസ്തീയ സാക്ഷ്യത്തിന്റെ സൗന്ദര്യം ക്രിസ്തീയതയുടെ സൗന്ദര്യം പ്രകടമാക്കുകയും അതിന്റെ ഭാവി ഭാസുരമാക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതം സദ്വാർത്തയുടെ സൗന്ദര്യം വെളിവാക്കുന്നില്ലെങ്കിൽ നാമതു പ്രഘോഷിക്കുന്നതിൽ എങ്ങനെ വിശ്വാസ യോഗ്യതയുള്ളവരാകും? "ദൈവത്തിന്റെ സൗന്ദര്യത്താലും അവിടത്തെ സത്യത്തിന്റെ പൂർണതയാലും ക്രമാനുഗതമായി രൂപാന്തരപ്പെടുവാൻ തക്കവിധം അവയിൽ ആകൃഷ്ടനാകുന്നയാളാണ് ഒരു വിശുദ്ധൻ. ഈ സൗന്ദര്യത്തിനും സത്യത്തിനും വേണ്ടി സകലതും, തന്നെത്തന്നെയും പരിത്യജിക്കുവാൻ അവൻ സന്നദ്ധനാകുന്നു" (ബെനഡിക്ട് പതിനാറാമൻ പാപ്പ). പരിശുദ്ധാത്മാവിന്റെ ഈ ആന്തരിക രൂപാന്തരീകരണ പ്രവർത്തനം കർത്താവിനാൽ അറിയപ്പെടുന്നതിന്റെയും അവിടത്തെ വ്യക്തിപരമായി അറിയുന്നതിന്റെയും മനോഹാരിത ലോകത്തോടു പ്രഖ്യാപിക്കാൻ ശേഷിയുള്ള വിശ്വാസയോഗ്യമായ സാക്ഷികളെ ഉയർത്തും. അത്തരമൊരു വ്യക്തിക്ക് വിശുദ്ധ യോഹന്നാനെപ്പോലേ ആഹ്ലാദപൂർവം പ്രഖ്യാപിക്കാനാകും: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1,1).

വിശുദ്ധ ജോൺ പോൾ രണ്ടാമൻ സുദൃഢമായ സാക്ഷ്യങ്ങൾ ഉള്ള വ്യക്തികളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ സഭാത്മക മുന്നേറ്റങ്ങങ്ങൾക്കുള്ള പങ്കിനെ വിലമതിച്ചിരുന്നു. "സുദൃഢമായ സാക്ഷ്യത്തിന്റെയും ഉറപ്പുള്ളതും അഗാധവുമായ ക്രൈസ്തവ രൂപവത്കരണത്തിന്റെയും അടിയന്തിര ആവശ്യമിന്നുണ്ട്." ഈ സുദൃഢമായ സാക്ഷ്യമാണ്, ജീസസ് യൂത്ത് എന്ന നിലയിൽ നാം വീട്ടിലും, അയൽപക്കത്തും, കലാലയ പരിസരങ്ങളിലും, സ്കൂളുകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും, തൊഴിലിടങ്ങളിലും, കായിക വേദികളിലും നല്കേണ്ടത്. വിശ്വാസയോഗ്യവും, ആഹ്ലാദഭരിതവുമായ സാക്ഷ്യപ്പെടുത്തൽ സദ്വാർത്തയുടെ പ്രഘോഷണം സ്വീകരിക്കാൻ ചുറ്റുമുള്ളവരുടെ ഹൃദയങ്ങളെ സജ്ജമാക്കും.

ക്രിസ്തുവിൽ നാം അനുഭവിക്കുന്ന ഈ സൗന്ദര്യത്തിനു സാക്ഷ്യം വഹിക്കുന്നതിന് എന്താണ് ഏറ്റവും വലിയ തടസ്സം? അതു ഭയമല്ലേ? സുഹൃത്തുക്കളും വീട്ടുകാരും തിരസ്കരിക്കുമെന്ന ഭയം; പരിഹാസ്യനാകുമെന്ന ഭയം, ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ ബോധ്യപ്പെടുത്താൻ കഴിയുമോ എന്ന ഭയം? പക്ഷേ, നാം തനിച്ചല്ല. ഭയമായിരുന്നു അപ്പസ്തോലന്മാരുടെയും ഏറ്റവും വലിയ തടസ്സം. പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ശക്തിയുമാണ് അവരുടെ ഭയമകറ്റിയതും (അപ്പ 1,8; 4,31) അവിടത്തെ സാക്ഷികളാകാൻ അവരെ ശക്തരാക്കിയതും. നാമനുവദിക്കുമെങ്കിൽ, ആ സാന്നിധ്യവും ശക്തിയും നമ്മെയും ശക്തരാക്കും.

ജ്ഞാനസ്നാനം സ്വീകരിച്ച ക്രൈസ്തവൻ എന്ന നിലയിൽ ഞാൻ അവിടത്തെ സാക്ഷിയാണ്. അറിഞ്ഞോ അറിയാതെയോ ഞാൻ ജീവിക്കുന്ന രീതി ക്രിസ്തുവിനെ കണ്ടുമുട്ടാനോ തിരസ്കരിക്കാനോ എന്നെ കണ്ടുമുട്ടുന്നവർക്ക് വഴി ഒരുക്കുന്നു. ഈ ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്ന് അതിവിനയപൂർവം ഒഴിഞ്ഞുമാറാതെ നമ്മെ സജ്ജരാക്കുന്ന അവിടത്തെ കൃപയ്ക്കു നമ്മെ അടിയറവുവയ്ക്കാം. അനുദിനം ദൈവം ചുംബിക്കുന്ന നമ്മുടെ ഹൃദയത്തിന്റെ സൗന്ദര്യം ചുറ്റുമുള്ളവരോടു ബന്ധപ്പെടുന്ന ശൈലിയിലൂടെ അവരിലേക്ക് ഒഴുക്കാം. നമ്മുടെ ആർദ്രത, നിസ്വാർഥത, ലാളിത്യം, പരിഗണന, ശുശ്രൂഷാ മനോഭാവം, ധൈര്യം, സുവിശേഷ മൂല്യങ്ങളോടുള്ള വിശ്വസ്തത തുടങ്ങിയവ അദൃശ്യനായ ദൈവത്തെ മറ്റുള്ളവർക്കു ദൃശ്യനാക്കും. ബോധ്യവും ഉത്സാഹവും സുനിശ്ചിതത്വവും ഉള്ള സ്നേഹനിർഭരനായ ഒരു വ്യക്തിക്ക് ആരേയും ബോധ്യപ്പെടുത്താനാവും. "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും... നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും." യേശുവിന്റെ ഈ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ ധൈര്യത്തോടെ കാത്തുസൂക്ഷിക്കുകയും കൃതജ്ഞതാഭരിതരായി അവ ജീവിക്കുകയും ചെയ്യാം.

## വിശുദ്ധയുടെ മൊഴി

"നമ്മുടെ പ്രവൃത്തികളിലൂടെ നാമെല്ലാവരും പ്രഘോഷകരാകാൻ ശ്രമിക്കണം."


**–ആവിലായിലെ വിശുദ്ധ തെരേസ**

# കഥാചിത്രങ്ങൾ

*ജീവിതസൗന്ദര്യവും, പ്രകൃതിസൗന്ദര്യവും, അമൂർത്ത ആവിഷ്ക്കാരങ്ങളും കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകരുതെന്നുമാത്രം. 2 MP എങ്കിലും ഫയൽ സൈസുള്ള ക്യാമറ/മൊബൈൽ ഫോൺ ചിത്രങ്ങൾ ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളതാണെന്ന് ഡിസൈൻ എഡിറ്റിങ് ടീം തീരുമാനിച്ചാലാണ് പ്രസിദ്ധീകരിക്കുക. ഡിസംബർ ലക്കം പ്രസിദ്ധീകരിച്ചുകഴിഞ്ഞ് ഒരു വർഷത്തെ ചിത്രങ്ങൾ വിലയിരുത്തി 'കെയ്റോസ് ഫോട്ടോ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോഗ്രാഫർക്ക് കെയ്റോസ് പ്രത്യേക സമ്മാനം നൽകുന്നതും പ്രസ്തുത ചിത്രം പുതുവർഷ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഒറ്റവാക്യത്തിലുള്ള അടിക്കുറിപ്പും, പേരും സഹിതം ഫോട്ടോ അയക്കുക:* myclick.kairos@gmail.com



**Meteora Monasteries in Greece** | Photography by: By Mikadun



**Church of Mary Magdalene, Mount of Olives, Jerusalem** | Photography by: Rostislav Glinsky

വീട്ടുകാര്യം





## സ്വസ്ഥമാകുന്ന ആ സമയം

**ഭാരങ്ങൾ ഇറക്കി വയ്ക്കാനും സ്വസ്ഥമാകാനും പറ്റുന്ന സമയമാണ് എന്നെ സംബന്ധിച്ച് കുടുംബ പ്രാർഥന.**

കുടുംബ പ്രാർഥനയെക്കുറിച്ച് ഓർക്കുമ്പോൾ പല കാര്യങ്ങളാണ് എന്റെ ഓർമയിൽ വരുന്നത്. എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ കുടുംബ പ്രാർഥന മുടക്കാതിരിക്കാൻ നോക്കും. കാരണം, പ്രധാനപ്പെട്ടതെന്തോ നഷ്ടപ്പെടുന്നതുപോലെയാണെനിക്കു അനുഭവപ്പെടാറുള്ളത്. മക്കളുടെ പഠനവും വീട്ടിലെ എന്റെ ജോലിയും മറ്റു കാര്യങ്ങളുമെല്ലാം ക്രമീകരിക്കുവാനായി വൈകിട്ട് ആറര മണിയാകുമ്പോഴേക്കും പ്രാർഥനയ്ക്കു ഞങ്ങൾ മുട്ടുകുത്താറുണ്ട്. വൈകിട്ടു നാലരമണിയോടെ സ്കൂൾ വിട്ടു കുട്ടികൾ വീട്ടിലെത്തിയാൽ ചായ കുടിച്ചു കഴിഞ്ഞ് ആറര മണിവരെ കളിക്കാനുള്ള സമയമാണ്. തുടർന്നാണ് പ്രാർഥനയും പഠനവുമൊക്കെ.

പ്രാർഥനയിൽ കുട്ടികൾക്കു മടുപ്പുവരാതിരിക്കാൻ പല ദിവസങ്ങളിലും മലയാളത്തിലും ഇംഗ്ലീഷിലും പ്രാർഥന ചൊല്ലാറുണ്ട്. ഒരുമിച്ചു ചൊല്ലുവാനും ചൊല്ലി പഠിക്കുവാനുമായി എല്ലാവർക്കും പ്രാർഥന ബുക്കുകളും സ്വന്തമായുണ്ട്. ഒരിക്കൽ ആരോ ഒരാൾ പ്രാർഥന മുടങ്ങുമ്പോഴുള്ള അനുഭവത്തെക്കുറിച്ചു ചോദിച്ചു. പല ദിവസങ്ങളായി അലക്കാതെ കൂട്ടിവച്ചിരിക്കുന്ന വസ്ത്രങ്ങൾ ഒരു ദിവസം ഒരുമിച്ചു അലക്കിതീർത്തു കഴിയുമ്പോൾ ഉണ്ടാകുന്ന ഒരു അനുഭവമാണതെന്ന് ഞാൻ ഉദാഹരണം പറഞ്ഞു. അല്പം തമാശ രൂപേണയാണെങ്കിലും അതദ്ദേഹത്തിനു നന്നായി മനസ്സിലായെന്നു തോന്നി. ഒരു വീട്ടമ്മയായതിനാലാവണം എനിക്കങ്ങനെ തോന്നിയത്.

എന്തായാലും ഭാരങ്ങൾ ഇറക്കി വയ്ക്കാനും സ്വസ്ഥമാകാനും പറ്റുന്ന സമയമാണ് എന്നെ സംബന്ധിച്ച് കുടുംബ പ്രാർഥന.



*ജെർളിൻ ജേക്കബ്, തമ്മനം*

## കൂടുതൽ സ്നേഹിക്കാൻ

**ആത്മീയ വഴിയിൽ ചരിക്കുന്നവർക്കും ദൈവ സ്നേഹത്തിൽ വളരുന്നവർക്കും ധാരാളം നന്മകളും അനുഭവങ്ങളും ലഭിക്കുമെന്നത് ഞാനെന്റെ ജീവിതത്തിൽ നിന്നും മനസ്സിലാക്കി.**


വീട്ടുകാരെക്കാൾ കൂടുതൽ ഞാനാണ് അത്ഭുതപ്പെട്ടത്, എന്നിൽ വന്ന മാറ്റം കണ്ടപ്പോൾ. പപ്പയും മമ്മിയും അനുജത്തിയും പിന്നെ അപ്പാപ്പനും അമ്മാമ്മയുമാണ് വീട്ടിലുള്ളത്. എന്തെങ്കിലും പറഞ്ഞാൽ ഉടനേതന്നെ ദേഷ്യപ്പെടുന്ന പ്രകൃതമായിരുന്നു എനിക്ക്. അതു മാറണമെന്നെനിക്കു തോന്നി. ദൈവസ്നേഹമെന്താണെന്നു മനസ്സിലായപ്പോഴാണ് ഈ തോന്നലെനിക്കുണ്ടായത്.

പിന്നീട് ഞാനെന്റെ വ്യക്തിപരമായ പ്രാർഥനയിൽ ഈയൊരു മാറ്റത്തിനായി പ്രാർഥിക്കുന്നുണ്ടായിരുന്നു. താമസിയാതെ ഫലവും കണ്ടു. സാവധാനത്തിൽ എന്റെ ദേഷ്യത്തെ നിയന്ത്രിക്കുവാൻ എനിക്കു സാധിക്കുന്നതായി ഞാൻ കണ്ടു.അങ്ങനെ ആ മാറ്റം പിന്നീട് എന്നിൽ ധാരാളം നന്മകൾ ഉണ്ടാക്കുന്നത് കാണാൻ കഴിഞ്ഞു.

പപ്പയോടും മമ്മിയോടും കൂടുതൽ സ്നേഹമൊക്കെ തോന്നി തുടങ്ങി. വീട്ടിലുള്ളവരോട് വർത്തമാനം പറഞ്ഞിരിക്കാനും ഞാൻ ശ്രദ്ധിക്കുന്നുണ്ട്. മുമ്പ് അതൊന്നും അങ്ങനെയുണ്ടായിരുന്നില്ല. എല്ലാം തുറന്നു സംസാരിക്കാനുള്ള ഒരു ഫ്രീഡം എനിക്കു ലഭിച്ചതാണ് ഞാൻ കണ്ടത്.

ജീസസ് യൂത്തിലെ പല ഉത്തരവാദിത്തങ്ങളും എനിക്കുണ്ടായിരുന്നു. പലപ്പോഴും മീറ്റിംഗുകൾ കഴിഞ്ഞ് രാത്രി വൈകിയാണ് വീട്ടിലെത്തിയിരുന്നത്. വൈകുന്നേരങ്ങളിലെ മീറ്റിംഗുകളും രാത്രിയിലെ വൈകിയെത്തലും സാധാരണ പെൺകുട്ടികൾക്ക് സ്ഥിരമായി അനുവദനീയമായിരിക്കില്ലല്ലോ. അപ്പോഴെല്ലാം എന്നെ നന്നായി അറിയുന്ന, ഞാനെന്താണ് ചെയ്യുന്നതെന്ന് അറിയാവുന്ന വീട്ടുകാർ പരിഭവമോ പരാതിയോ ഒന്നുമില്ലാതെ എന്നെ കരുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു.

എന്നിലും എന്റെ കുടുംബത്തിലും വന്ന മാറ്റങ്ങളും സ്നേഹത്തിന്റെ അന്തരീക്ഷവുമൊക്കെയാണ് ഞാൻ ശ്രദ്ധിച്ചത്. ആത്മീയ വഴിയിൽ ചരിക്കുന്നവർക്കും ദൈവസ്നേഹത്തിൽ വളരുന്നവർക്കും ധാരാളം നന്മകളും അനുഭവങ്ങളും ലഭിക്കുമെന്നത് ഞാനെന്റെ ജീവിതത്തിൽ നിന്നും മനസ്സിലാക്കി. എല്ലാവരേയും കൂടുതൽ സ്നേഹിക്കുവാൻ പരിശ്രമിക്കുകയാണിപ്പോൾ.



*മേരി മാജി ജോസ്, അങ്കമാലി*



ഷാജിലൂയിസ്, വൈറ്റില



# രാമകൃഷ്ണൻ ചേട്ടൻ സുഖമായിരിക്കുന്നു

വൈഫിന്റെ അമ്മയെ കാണാൻ സൺറൈസ് ആശുപത്രിയിൽ ചെന്നതാണ്. ഇടനാഴിയിലൂടെ പോകും വഴി തൊട്ടപ്പുറത്തുനിന്ന് ഒരു വലിയ കരച്ചിൽ കേട്ടു. “എന്റെ അന്തോണീസു പുണ്യാളാ എന്റെ ചേട്ടനെ കൊണ്ടോകല്ലേ” വാവിട്ടുള്ള കരച്ചിൽ കേട്ട് ഞാനോടിച്ചെന്നു. തന്റെ ആങ്ങളക്കരികിലിരുന്നു കരയുന്ന ആ ചേച്ചിയുടെ അടുത്തെത്തിയിട്ട് “നിങ്ങളെന്തിനാണ് കരയുന്നത്, പ്രാർഥിക്ക്”. എന്ന് അല്പം ഉറച്ച സ്വരത്തിൽതന്നെ പറഞ്ഞുകൊണ്ട് ആ ചേട്ടന്റെ നെഞ്ചിൽ കൈവച്ചു ഞാൻ പ്രാർഥിച്ചു. പെട്ടെന്നുതന്നെ അദ്ദേഹം ശാന്തമാവുകയും കണ്ണടച്ചു കിടക്കുകയും ചെയ്തു. എന്താണ് സംഭവിച്ചതെന്ന് അപ്പോൾ എനിക്കു മനസ്സിലായില്ല. ഉടനേ തന്നെ ഡോക്ടറും നഴ്സും വന്ന് അദ്ദേഹത്തെ ഐ.സി.യു.വിലേയ്ക്ക് കൊണ്ടുപോയി.

പിന്നീട് എന്താണ് സംഭവിച്ചതെന്നറിയാതെ തെല്ലു പരിഭ്രമത്തോടെയാണ് ഞാൻ മുകളിലത്തെ നിലയിലേയ്ക്ക് അമ്മയെ കാണാനായി പോയത്. പിറ്റേന്ന് അവരെന്നെ കണ്ടപ്പോൾ ഓടിവരുകയും ഒരുപാടു നന്ദി പറയുകയും ചെയ്തു. അവരുടെ പ്രാർഥന കേട്ടെത്തിയ ഒരു ദൈവദൂതനെ പോലെയാണ് അവരെന്നെ കരുതിയത്. ഇലക്ഷൻ വർക്കിനിടയിൽ ആങ്ങളയുടെ തലയ്ക്ക് പരിക്കു പറ്റുകയും ആശുപത്രിയിൽ വന്ന് ഇഞ്ചക്ഷൻ എടുത്തപ്പോൾ മരുന്ന് റിയാക്ട് ചെയ്ത് മരണവെപ്രാളം കാണിക്കുകയും ചെയ്യുകയായിരുന്നു. അന്നേരത്താണ് കരച്ചിൽ കേട്ട് ഞാനവിടെ ചെല്ലുന്നത്. എന്തായാലും ചേട്ടനിപ്പോൾ സുഖമായിരിക്കുന്നു. അവർ നന്ദി പറഞ്ഞുമടങ്ങി. രാമകൃഷ്ണനെന്നായിരുന്നു ആ ചേട്ടന്റെ പേര്.

**ഇലക്ഷൻ വർക്കിനിടയിൽ ആങ്ങളയുടെ തലയ്ക്ക് പരിക്കു പറ്റുകയും ആശുപത്രിയിൽ വന്ന് ഇഞ്ചക്ഷൻ എടുത്തപ്പോൾ മരുന്ന് റിയാക്ട് ചെയ്ത് മരണവെപ്രാളം കാണിക്കുകയും ചെയ്യുകയായിരുന്നു. അന്നേരത്താണ് കരച്ചിൽ കേട്ട് ഞാനവിടെ ചെല്ലുന്നത്.**

പിന്നീടെനിക്കു മനസ്സിലായി, നമ്മുടെയുള്ളിൽ പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുന്ന നന്മകളെ അപ്പപ്പോൾ തന്നെ നമ്മൾ പിന്തുടരുകയാണെങ്കിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും നമ്മുടെ നിത്യജീവിതത്തിലും നമുക്കുകാണാനാവുമെന്ന്. എന്തായാലും രാമകൃഷ്ണൻ ചേട്ടനും, ചേട്ടന്റെ ചേച്ചിയും, ചേച്ചിയുടെ കരച്ചിലും, എന്റെ ആ പ്രാർഥനയുമെല്ലാം എന്നെ പലതും പഠിപ്പിച്ചു ✦



ഫമിലിയ

ഫാമിലി കഫേ

# അരുത്! ആ കുഞ്ഞിന് ജീവനുണ്ട്

ഏറ്റവും സുരക്ഷിതമായ സ്ഥലം ഒന്നു മാത്രമേയുള്ളൂ ഈ ലോകത്തിൽ, അത് അമ്മയുടെ ഗർഭപാത്രമാണ്. പക്ഷേ, നമ്മുടെ ഈ അറിവിനെയും സത്യത്തേയും ഞെട്ടിക്കുന്ന വാർത്തകളാണ് നാം അനുദിനം കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യജീവൻ ദൈവത്തിന്റെ ദാനമാണ്. അത് എടുക്കുവാൻ നമുക്ക് അവകാശമില്ല. നാമെല്ലാവരും ഒരുപാട് പറയുകയും കേൾക്കുകയും ചെയ്യുന്ന കാര്യമാണിത്. എന്നാൽ, നമ്മൾ അറിഞ്ഞും അറിയാതെയും ഒട്ടേറെ ജീവൻ ഒരോ നിമിഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഞാൻ നഴ്സിംഗ് പഠിക്കുന്ന സമയം, ഒരു ദിവസം പ്രസവം നടക്കുന്നുവെന്നറിഞ്ഞ് ജോലികളെല്ലാം തീർത്ത് ലേബർറൂമിലേക്കുചെന്നു. അപ്പോഴേക്കും പ്രസവം കഴിഞ്ഞിരുന്നു. ഒരു നല്ല പെൺകുഞ്ഞ്. സാധാരണ കുഞ്ഞുണ്ടായാൽ കുഞ്ഞിന്റെ കരച്ചിൽ ശ്രദ്ധിച്ച്, സുരക്ഷിതമായ വൃത്തിയുള്ള തുണിയിൽ പൊതിഞ്ഞ് ബെഡിൽ കിടത്തുന്നതിനു പകരം ആശുപത്രിയിൽ വെയിസ്റ്റ് ഇടുവാൻ ഉപയോഗിക്കുന്ന കിഡ്നി ട്രേയിലാണ് കിടത്തിയിരിക്കുന്നത് പൊക്കിൾക്കൊടി പോലും മുറിക്കാതെ കിടത്തിയിരിക്കുന്നതു കണ്ടപ്പോൾ അത്ഭുതം തോന്നി.

ചിഞ്ചു ബിബിൻ, കോഴിക്കോട്



കുഞ്ഞ് അനങ്ങുന്നതും കരയുന്നതും കണ്ട് പ്രസവത്തിനു സഹായിക്കുവാൻ വന്ന ആയമാരെ കാണിച്ചു കൊടുത്തപ്പോഴാണ് ഡോക്ടർ അത് ശ്രദ്ധിച്ചത്. ബെഡ്ഡിൽ കിടക്കുന്ന അമ്മയോടും, പുറത്തു ആകാംക്ഷയോടെ കാത്തു നിന്ന ആ സ്ത്രീയുടെ അമ്മയോടും ചോദിച്ചു: “ജീവനുണ്ട് കാണണമോ?” വേണ്ടെന്ന് അവർ രണ്ടുപേരും മറുപടി പറഞ്ഞു. അപ്പോൾ ഡോക്ടർ കൂട്ടിച്ചേർക്കുന്നതു കേട്ടു “ഏറിവന്നാൽ ഒരു അരമണിക്കൂർ! അത്രയേ ആയുസ്സുള്ളൂ”.

**പിറ്റേദിവസം രാവിലെ ഡ്യൂട്ടിക്കായി വന്നവർ കണ്ടത് തലയണക്കവർ കൊണ്ട് പുതപ്പിച്ചിരുന്ന കുഞ്ഞിന്റെ പുതപ്പെല്ലാം മാറ്റി ഫാൻ സ്പീഡിലിട്ട്, മരിക്കാനായി നിലത്ത് കിടത്തിയിരിക്കുകയാണ്. അന്നും ആ കുഞ്ഞിന് ഒന്നും സംഭവിച്ചില്ല.**

ഇത്രയുമായപ്പോൾ അവിടെ നടക്കുന്നതെന്താണെന്നറിയാൻ ഞങ്ങൾ ഡ്യൂട്ടി നഴ്സുമാരെ സമീപിച്ചു. അവർ പറഞ്ഞു: “ആ സ്ത്രീ ആറുമാസം ഗർഭിണിയായിരുന്നു. രക്തസമ്മർദം കൂടുതലായതിനാൽ അപകടസാധ്യത ഒഴിവാക്കാൻ അബോർഷൻ ചെയ്തതാണ്.” കേട്ടുനിന്ന ഞങ്ങൾ ഞെട്ടിപ്പോയി. അസിസ്റ്റ് ചെയ്യുന്നതുപോലും ഇത്തരം പാപത്തിന്റെ മുമ്പിലാണ് എന്നറിഞ്ഞപ്പോൾ കുറ്റബോധം തോന്നി. അതിനുമപ്പുറം ഒത്തിരി പ്രതീക്ഷകളോടെ, സ്വപ്നങ്ങളോടെ അമ്മയുടെ ഉദരത്തിലേയ്ക്ക് പറഞ്ഞയച്ച് കുഞ്ഞിന്റെ കൈയും കാലും വളരുന്നതും നോക്കിയിരുന്ന് സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന ഈശോയുടെ പ്രതീക്ഷകളെയാണ് നിമിഷനേരംകൊണ്ട് അവസാനിപ്പിക്കാൻ ശ്രമിച്ചതെന്നറിഞ്ഞപ്പോൾ ഉള്ളിലൊരു ഞെട്ടൽ.

പോകുന്നതിനു മുമ്പ് ഡോക്ടർ ആയയോട് ഒരു കാര്യം കൂടി പറയുന്നതു കേട്ടു. അതിനെ മരിക്കാൻ അനുവദിച്ചേക്കൂ. അവർ മറുപടി പറഞ്ഞു, ഞാനും ഒരമ്മയാണ് മാഡം, എനിക്കതിനു പറ്റില്ല. ദൈവം നൽകിയ അനുഗ്രഹത്തെ സാക്ഷ്യപ്പെടുത്തി, ആ സ്ത്രീയെയോർത്ത് ദൈവത്തിനു ഞങ്ങൾ നന്ദി പറഞ്ഞു.

അവരെല്ലാവരും പോയപ്പോൾ തണുപ്പേൽക്കാതെ ടർക്കിയിൽ കിടത്തേണ്ട കുഞ്ഞിനെ ഞങ്ങൾ അവിടെ കിട്ടിയ തലയിണ കവർ കൊണ്ട് പുതപ്പിച്ചു കിടത്തി. പ്രസവം നടന്നത് വൈകുന്നേരം 6.30ന് ആയിരുന്നു. വൈകുന്നേരം 8 മണിയായപ്പോൾ ഡ്യൂട്ടി കഴിഞ്ഞ് ഞങ്ങൾക്ക് തിരിച്ചു പോകേണ്ടി വന്നു. മൊബൈൽ ഉപയോഗത്തിന് അനുമതി ഇല്ലാതിരുന്നതിനാൽ ആരേയും അറിയിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നില്ല. അന്നു രാത്രിയിൽ കുരിശുവരയിൽ ഞങ്ങൾ ആ കുട്ടിക്കുവേണ്ടി പ്രാർഥിച്ചു.

പിറ്റേദിവസം രാവിലെ ഡ്യൂട്ടിക്കായി വന്നവർ കണ്ടത് തലയണക്കവർ കൊണ്ട് പുതപ്പിച്ചിരുന്ന കുഞ്ഞിന്റെ പുതപ്പെല്ലാം മാറ്റി ഫാൻ സ്പീഡിലിട്ട്, മരിക്കാനായി നിലത്ത് കിടത്തിയിരിക്കുകയാണ്. അന്നും ആ കുഞ്ഞിന് ഒന്നും സംഭവിച്ചില്ല. അടുത്ത ദിവസം ഞങ്ങൾ കണ്ടത് ഒത്തിരി ആഗ്രഹത്തോടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ഈ ലോകത്തെയും കാണാനായി കാത്തിരുന്ന ആ കുരുന്ന് ജീവൻ ഈ ലോകത്തിന്റെയും അമ്മയുടെയും തിരസ്കരണം ഏറ്റുവാങ്ങി വിട പറയുവാനായി ഒരുങ്ങുന്നതാണ്.

ആ കുഞ്ഞിനെ കൈകളിലെടുത്ത് അന്ത്യചുംബനം നൽകിയപ്പോൾ ഈശോയ്ക്ക് നന്ദി പറഞ്ഞു. ഒരു വേറോനിക്കയെപ്പോലെ, ഒരു ശീമയോനെപ്പോലെ അങ്ങയെ ശുശ്രൂഷിക്കുവാനും ആ കുഞ്ഞിനായി പ്രാർഥിക്കാനും അനുവദിച്ചതിനെയോർത്ത്.

അബോർഷൻ അത് കൊലപാതകം തന്നെയാണ്. അരമണിക്കൂറിനുള്ളിൽ മരിക്കും എന്ന് വിധിയെഴുതിയ ആ കുഞ്ഞിന്റെ ആയുസ്സ് ദൈവം 38 മണിക്കൂറിലേയ്ക്ക് നീട്ടി, എന്നിട്ടും ആ മാതാപിതാക്കളുടെ ഹൃദയം അലിഞ്ഞില്ല. ആ നിഷ്കളങ്ക രക്തത്തിന്റെ കരച്ചിൽ ആരും കേട്ടില്ല.

എന്താണ് നമ്മുടെ സ്നേഹബന്ധങ്ങൾക്ക് സംഭവിക്കുന്നത്? സ്വന്തം ചോരയെ മനസ്സിലാക്കാൻ സാധിക്കാത്തവിധം നമ്മുടെ ഹൃദയം കഠിനമായി പോയോ? സൗന്ദര്യത്തിനും സമ്പത്തിനും സ്വാർഥലാഭത്തിനും വേണ്ടി നാം തകർക്കുന്നത് ഈ ലോകം മുഴുവന്റെയും സ്രഷ്ടാവായ ദൈവത്തിന്റെ സ്വപ്നങ്ങളെയാണ്. ഞാനിവിടെ പങ്കുവച്ചത് കേവലം ഒരു ഒറ്റപ്പെട്ട സംഭവമല്ല, മറിച്ച് അനേകം ആശുപത്രികളിൽ ദിനംപ്രതി, അല്ല നിമിഷം പ്രതി നടമാടുന്ന യാഥാർഥ്യങ്ങളിൽ ഒന്നു മാത്രം, ഈ സംഭവം കേട്ട് സഹതപിക്കുന്നവർ മാത്രമാകാതെ ഈ കുഞ്ഞുമാലാഖമാർക്കായി നമുക്കും പ്രവർത്തിക്കാം പ്രാർഥിക്കാം.

സ്നേഹമുള്ള സ്വർഗീയ പിതാവേ, ഈ ലോകത്തിന്റെ സ്വപ്നങ്ങളെയല്ല, അങ്ങയുടെ സ്വപ്നങ്ങളെ പൂർത്തീകരിക്കുന്നവരാക്കി ഞങ്ങളെ മാറ്റണമേ. ഏതു പ്രതിസന്ധിഘട്ടത്തിലും എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്നു പറഞ്ഞ പരിശുദ്ധ അമ്മയുടെയും ഈശോയുടെയും മാർഗത്തെ പിന്തുടരുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. പരിശുദ്ധാത്മാവേ, തെറ്റും ശരിയും വേർതിരിച്ചറിയുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. കാവൽ മാലാഖമാരെ, ഗർഭസ്ഥ ശിശുക്കളുടെ ജീവന് കൂട്ടായിരിക്കണമെ ✦

## ഈ കാലഘട്ടത്തിന്റെ വിളക്കും പ്രകാശവുമായി

# വി. മറിയം ത്രേസ്യാ (1876–1926)



**ദൈവത്തിന്റെ നിരുപാധികമായ സ്നേഹം എല്ലാവരിലേയ്ക്കും പകർന്നുകൊണ്ട് വി. മറിയം ത്രേസ്യ താൻ സന്ദർശിച്ച എല്ലാ കുടുംബങ്ങൾക്കും ഒരനുഗ്രഹമായി തീർന്നു.**

### ജപമണികൾ പോലെ ഈ നാളുകൾ

- ജനനം – 1876 ഏപ്രിൽ 26 തൃശൂരിലെ പുത്തൻ ചിറയിൽ
- മാതാപിതാക്കൾ – തൊമ്മൻ–താണ്ട ദമ്പതികൾ. അഞ്ചു മക്കളിൽ മൂന്നാമത്തെയാൾ
- 12–ാം വയസ്സിൽ മറിയം ത്രേസ്യയുടെ അമ്മ മരണമടയുന്നു
- 1909 – പഞ്ചക്ഷതങ്ങൾ ലഭിക്കുന്നു.
- 1914, 37–ാം വയസ്സിൽ 'സിസ്റ്റേഴ്സ് ഓഫ് ദിഫാമിലി' എന്ന കോൺഗ്രിഗേഷൻ സ്ഥാപിക്കുന്നു
- 1926 ജൂൺ 8ന് 50–ാം വയസ്സിൽ നിത്യസമ്മാനത്തിനർഹ യായി ദൈവസന്നിധിയിലേക്ക്
- 2004 ഏപ്രിൽ 9 മറിയം ത്രേസ്യായെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വത്തിക്കാനിൽവച്ച് വാഴ്ത്തപ്പെട്ടവ ളായി പ്രഖ്യാപിക്കുന്നു.
- 2019 ഫ്രാൻസിസ് മാർപാപ്പ മറിയം ത്രേസ്യയെ വത്തി ക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വച്ച് വിശുദ്ധ യായി പ്രഖ്യാപിക്കുന്നു

**വിശുദ്ധ മറിയം ത്രേസ്യായേ, ലോകത്തിലുള്ള എല്ലാ കുടുംബങ്ങൾക്കും വേണ്ടി പ്രാർഥിക്കണമേ.**

അഗസ്റ്റിൻ സേവ്യർ, കോടനാട്



TEEN Spirit

FLY HIGH

# എന്തുകൊണ്ട് നീ പറഞ്ഞില്ല...?

പരീക്ഷയ്ക്ക് കഷ്ടിച്ച് മൂന്നാഴ്ചയെയുള്ളൂ. സ്റ്റഡി ലീവ് തുടങ്ങി. കണ്ടമാനം പഠിക്കാനുമുണ്ട്. ആറോളം വിഷയങ്ങളിൽ ഒരെണ്ണം വളരെ ടഫാണ്.

അതിനാണെങ്കിൽ നല്ലൊരു നോട്ട് പോലുമില്ല. നെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തൊക്കെയാണ് പലരും അത് പഠിക്കുന്നത്. എന്റെ കൈയിൽ സീനിയർ ചേട്ടൻ തന്ന ഒരു ബുക്ക് ഉണ്ടായിരുന്നു. കണ്ടാൽ അത്ര സെറ്റപ്പൊന്നുമില്ലാത്ത സിമ്പിൾ ടെക്സ്റ്റ്. ഞാൻ പഠിക്കാൻ അതിനെയാണ് ആശ്രയിച്ചത്.

പരീക്ഷയ്ക്ക് ക്വസ്റ്റിൻ പേപ്പർ കൈയിൽ കിട്ടിയപ്പോൾ ഞാനൊന്നു ഞെട്ടി. ഞാൻ പഠിച്ച ടെക്സ് ബുക്കിലെ പല കാര്യങ്ങളും അതുപോലെ തന്നെ ചോദിച്ചിരിക്കുന്നു. എക്സാം കഴിഞ്ഞു പുറത്തു വന്നപ്പോൾ പരീക്ഷയെഴുതിയ പലരും വ്യസനിച്ചു നിൽക്കുന്നു. ഞാനാണെങ്കിൽ ഫുൾ ഹാപ്പി.

എക്സാം കഴിഞ്ഞ് ഹോസ്റ്റലിൽ ചെല്ലുമ്പോൾ, കഴിഞ്ഞ പരീക്ഷയെ കുറിച്ചുള്ള അവലോകനയോഗം നടക്കുകയാണ്. ഡൗൺലോഡ് ചെയ്തെടുത്ത നോട്ടുകളും പേപ്പർ കെട്ടുകളുമെല്ലാം ഒരു മൂലയ്ക്ക് ഇട്ടിരിക്കുന്നു, അന്നേരം ഞാൻ പഠിച്ച ആ ചെറിയ സിമ്പിൾ

**പഠനത്തിനിടയിലെ ഒരു ചിന്തയാണെങ്കിലും ജീവിതത്തിൽ ഓർത്തിരിക്കേണ്ട സുപ്രധാന തിരിച്ചറിവാണിത്.**

ടെക്സ്റ്റ് കാണിച്ചുകൊടുത്തു. അതു കണ്ടപ്പോൾ ഒപ്പമുള്ളവർ ചോദിച്ചു. “എന്റെ സഹോദരാ നീ എന്താടാ ഇതേക്കുറിച്ച് മുമ്പ് പറയാതിരുന്നത്? ഇതുണ്ടായിരുന്നെങ്കിൽ എല്ലാവരും ഇതു പഠിക്കില്ലായിരുന്നോ? ഇതിപ്പോ അറിഞ്ഞുമില്ല, ആരുമൊട്ടു പറഞ്ഞുമില്ല! പരീക്ഷയിലെ ഫുൾ ക്വസ്റ്റിനും ഇതിൽ നിന്നാണല്ലോ? സാരമില്ല സപ്ലി എഴുതാനെങ്കിലും ഇതു നീ താ.

സുഹൃത്തുക്കളെ ഇതുപോലെയായിരിക്കും യേശുക്രിസ്തുവിനെ കുറിച്ച് മറ്റുള്ളവരോട് പറയാതിരിക്കുന്ന നാം ഓരോരുത്തരുടെയും അവസ്ഥ!


ഞാൻ മാത്രം പാസായാൽ പോരാ, നമ്മുടെ വീട്ടുകാരും കൂട്ടുകാരും ഞാൻ സ്നേഹിക്കുന്ന സകലരും നിത്യജീവന്റെ പരീക്ഷ പാസ്സാകണമെങ്കിൽ നമ്മുടെ കൈയിലുള്ള രക്ഷയെക്കുറിച്ച് നാം പരീക്ഷയ്ക്കു മുമ്പേ പറയണം. കാരണം, ‘വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്.’

മരണമെന്ന പ്രധാന പരീക്ഷയ്ക്കു ശേഷം ആരും ഇങ്ങനെ ചോദിക്കാൻ ഇടവരരുത്!

“നമ്മൾ ഒരുമിച്ചു നടന്നപ്പോൾ എന്തുകൊണ്ട് നീ യേശുവിനെക്കുറിച്ച് എന്നോടു പറഞ്ഞില്ല? എന്തൊക്കെ നാം സംസാരിച്ചു? തർക്കിച്ചു? എന്തുകൊണ്ട് ഇതുമാത്രം നീ ഞങ്ങളോടു പറഞ്ഞില്ല? ഒരു തവണയെങ്കിലും നിനക്ക് യേശുവിനെക്കുറിച്ച് എന്നോടു പറയാമായിരുന്നില്ലേ, ഞാൻ വിശ്വസിക്കുമായിരുന്നില്ലേ?”

സഹോദരങ്ങളെ, യേശുവെന്ന ഈ ഷുവർ ക്വസ്റ്റിനെക്കുറിച്ചു പറയുവാനുള്ള എത്രയെത്ര അവസരങ്ങളാണ് നാം പാഴാക്കി കളഞ്ഞത്? ഇതു ലഭിക്കുവാൻ അർഹതയുള്ള എത്രപേരെയാണ് നാം ദിനംപ്രതി കണ്ടുമുട്ടുന്നത്? എന്താ പറയാതിരുന്നത്? ഭൂമിയിൽ ചെയ്യാവുന്ന ഏറ്റവും വലിയ കാരുണ്യപ്രവൃത്തി മറ്റെന്തെങ്കിലും ആണോ? യേശു തന്നെയല്ലേ ഏറ്റവും മൂല്യമേറിയ സമ്മാനം? നമ്മുടെ നാണവും സ്വാർഥതയും ഈഗോയും മാറ്റിവച്ച് നമുക്ക് അധരം തുറന്നു പറയാം, യേശുവാണ് രക്ഷ! യേശുവിലാണ് രക്ഷ!!!

ടോണി സി. തോമസ്



*തൊടുപുഴ സ്വദേശിയും എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനുമാണ് ലേഖകൻ.*
*tonycthomas093@gmail.com*

TEEN SPIRIT

# ഇന്റർനെറ്റിനെക്കുറിച്ച് ഇത്തിരിക്കാര്യം




"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക" ലോകം മുഴുവൻ എങ്ങനെ എത്താനാണ് എന്നായിരിക്കും ഈ വചനം വായിക്കുമ്പോൾ നമ്മുടെ ചിന്ത. ഇനി ആ എസ്ക്യൂസ് പറയാൻ കഴിയില്ല. ലോകത്തിലെ ഏത് ഭൂഖണ്ഡത്തിലിരിക്കുന്നവരുമായും നിങ്ങൾക്ക് ഇന്റർനെറ്റും നവമാധ്യമങ്ങളും വഴി ഇന്ന് സുവിശേഷം അറിയിക്കാനുള്ള സാധ്യതകൾ ഉണ്ട്. നവ സുവിശേഷവത്കരണത്തിനായി തുറന്നു കിട്ടിയ ഒരു പുതിയ വാതിലായാണ് ആധുനിക മാധ്യമങ്ങളെ സഭ കാണുന്നത്.

മിലാനിൽ ജീവിച്ചിരുന്ന ഒരു കൗമാരക്കാരൻ ഈ സാധ്യത തിരിച്ചറിഞ്ഞ് ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ ശേഖരവുമായി ഒരു വെബ്സൈറ്റ് ആരംഭിച്ചു. 2005-ലാണ് അത്. ഫേസ്ബുക്കും വാട്സ് ആപ്പും വരുന്നതിനു മുമ്പുള്ള കാലത്ത്. മാധ്യമങ്ങളിലൂടെ സുവിശേഷം പങ്കുവയ്ക്കാനായി ജീവിതം സമർപ്പിച്ച വാഴ്ത്തപ്പെട്ട ജ്യാകോമോ അൻബീരിയോണായിരുന്നു അവന്റെ പ്രചോദനം. കൗമാരത്തിൽ തന്നെ വിടവാങ്ങിയ ആ സുകൃത പുഷ്മാണ് ഇന്ന് സഭയിൽ ധന്യനായി വണങ്ങപ്പെടുന്ന കാർലോ അക്യൂറ്റ്സ്.

നമുക്കും മാധ്യമങ്ങളിലൂടെ ഏറെ കാര്യങ്ങൾ ചെയ്യാനാകും. ഒരു കൊച്ചു വാട്സ് ആപ്പ് സ്റ്റാറ്റസ് മുതൽ അതാരംഭിക്കുന്നു. എല്ലാ ദിവസവും ദൈവവചനങ്ങൾ ദൃശ്യങ്ങളുടെ അകമ്പടിയോടെ പോസ്റ്ററായി ഇറക്കുന്ന ബൈബിൾ റീഡിംഗ് മിഷൻ (BRM) –ൽ ചേരാം. പോസ്റ്റുകൾ നിർമിക്കുന്നതിൽ സഹായിക്കാം. എല്ലാ ദിവസത്തെയും സുവിശേഷത്തെ അടിസ്ഥാനമാക്കിയുള്ള രണ്ടു മിനിറ്റ് വിചിന്തനങ്ങൾ നൽകുന്ന യൂക്കരിസ്റ്റ് മിനിസ്ട്രീസ് പോലെയുള്ള യൂറ്റ്യൂബ് ചാനലുകളുണ്ട്. വീഡിയോയുടെ ലിങ്ക് കൂട്ടുകാർക്ക് അയച്ചു കൊടുക്കാം. നിങ്ങളെ സ്പർശിച്ച ഏതെങ്കിലും ഒരു ആരാധനാ ഗാനത്തിന്റെ ഏതാനും ഭാഗം രാവിലെ സ്റ്റാറ്റസായി നൽകാം. അത് കേൾക്കുന്നവരുടെ ദിവസം മുഴുവൻ വിശുദ്ധീകരിക്കപ്പെടട്ടെ.

സഭയെക്കുറിച്ച് ആഴത്തിലറിയാനും പഠിക്കാനും കഴിയുന്ന ധാരാളം വെബ്സൈറ്റുകൾ ഇന്ന് ഔദ്യോഗികമായിത്തന്നെ ലഭ്യമാണ്. ശാലോം, ഗുഡ്ന്യൂസ് പോലെയുള്ള ടെലിവിഷൻ നെറ്റ്വർക്കുകൾ ഇവയുടെയൊക്കെ സാധ്യതകളിലൂടെ ക്രിസ്തുവിനെയും സഭയെയും കൂടുതലറിയാൻ നമുക്ക് ഇന്ന് സാഹചര്യങ്ങളുണ്ട്.

അറിവു നേടാനും അക്കാദമിക് മേഖലയിൽ ഉയരാനും കഴിയുന്ന ഒരു വലിയ ലൈബ്രറിയാണ് നിങ്ങളുടെ ഉള്ളം കൈയിലെ ഫോൺ ഇന്ന്. ലോകത്തിലെതന്നെ പേരെടുത്ത സർവകലാശാലകളിലെ പ്രഫസർമാരുടെ ലക്ചറുകളിൽ പങ്കു ചേരാൻ നിങ്ങൾക്ക് സാധ്യതകളുണ്ട്. IIT കളിലെ പ്രഫസർമാരുടെ NPTEL വീഡിയോകൾ ലോകപ്രശസ്തമാണ്.

നമുക്ക് ഇതെല്ലാം അറിവുള്ള കാര്യങ്ങളാണ്. എന്നാൽ നമ്മളിന്ന് സാങ്കേതിക വിദ്യയെ ഉപയോഗിക്കുകയല്ല, സാങ്കേതികവിദ്യ നമ്മളെ നിയന്ത്രിക്കുകയാണ് എന്നതാണ് ദു:ഖകരമായ യാഥാർഥ്യം. കഴിഞ്ഞ ദിവസം ഒരു പ്രഫസറുടെ പ്രസംഗത്തിൽ നിന്ന് കേട്ടതാണ്. "ഇന്ന് ടിഫിൻ ബോക്സ് മറന്നു എന്നു വിചാരിക്കുക. നിങ്ങൾ എന്ത് ചെയ്യും? "കാന്റീനിൽ നിന്നോ മറ്റോ ലഞ്ച് കഴിക്കും" വിദ്യാർഥികൾ ഭൂരിഭാഗവും ഇങ്ങനെ മറുപടി പറഞ്ഞു. "എന്നാൽ നിങ്ങളുടെ മൊബൈൽ

**വി.കുർബാനയർപ്പിക്കാൻ പോകുമ്പോൾ സ്മാർട്ട് ഫോൺ വീട്ടിൽ വച്ചിട്ട് പോവുകയോ സ്വിച്ച് ഓഫ് ചെയ്യുകയോ ചെയ്യുക. കാരണം അത് കുർബാനയുടെ പവിത്രതയെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കും.**

മറന്നാലോ? ഈ ചോദ്യത്തിനു മുന്നിൽ അവർ തെല്ലൊന്ന് ആലോചിച്ചു പലരുടെയും മറുപടി "തിരിച്ച് വീട്ടിലെത്തി എടുക്കും" എന്നായിരുന്നു. ഇന്ന് മൊബൈൽ ഫോൺ നമ്മുടെ ശരീരത്തിന്റെ ഒരു ഭാഗമെന്നോണം മാറിക്കഴിഞ്ഞിരിക്കുന്നു.

മനുഷ്യജീവിതം ഏറെ വേഗമുള്ളതാക്കാൻ മൊബൈലിനും ഇന്റർനെറ്റിനും കഴിഞ്ഞിട്ടുണ്ട്. ഫോൺ ബില്ലും കറന്റ് ബില്ലുമൊക്കെയടയ്ക്കാൻ ഇപ്പോൾ ക്യൂ നിന്ന് സമയ കളയേണ്ടതില്ല. എല്ലാം നിങ്ങളുടെ ഉള്ളം കൈയിലുണ്ട്. എന്നാൽ, ഇതേ മൊബൈൽ ഫോൺ വാസ്തവത്തിൽ ആളുകളുടെ വേഗം കുറയ്ക്കുകയാണ് എന്നത് ഒരു വസ്തുതയാണ്. നിരന്തരമായി നോട്ടിഫിക്കേഷനുകൾ ചെക്ക് ചെയ്യുന്നതുകൊണ്ട് ഇന്ന് നമ്മുടെയെല്ലാം കോൺസന്ട്രേഷൻ സ്പാൻ വല്ലാതെ കുറഞ്ഞിരിക്കുന്നു, ഒരു സർവേ പ്രകാരം ആഴ്ചയിൽ ആകെ ഒരു ദിവസത്തിലേറെ (24 മണിക്കൂർ) സ്മാർട്ട് ഫോണിൽ ചെലവഴിക്കുന്നവരാണത്രേ ഭൂരിഭാഗവും.

ഇന്റർനെറ്റ് ലോകത്ത് പ്രേഷിതപ്രവർത്തനത്തിന് ഇറങ്ങേണ്ട നമ്മൾ സാങ്കേതികവിദ്യയുടെ നിയന്ത്രണത്തിലാകാതെ സൂക്ഷിക്കേണ്ടത് ആവശ്യമാണല്ലോ. സഭയുടെ ദൈവാരാധനയ്ക്കുള്ള തിരുസംഘത്തിന്റെ പ്രീഫെക്ട് കർദിനാൾ റോബർട്ട് സാറയുടെ അഭിപ്രായം ഏറെ പ്രസക്തമാണ്. "വി.കുർബാനയർപ്പിക്കാൻ പോകുമ്പോൾ സ്മാർട്ട് ഫോൺ വീട്ടിൽ വച്ചിട്ട് പോവുകയോ സ്വിച്ച് ഓഫ് ചെയ്യുകയോ ചെയ്യുക. കാരണം അത് കുർബാനയുടെ പവിത്രതയെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കും.

സഭയ്ക്കുവേണ്ടി സോഷ്യൽ മീഡിയായിൽ സജീവമായ ഒരു ചെറുപ്പക്കാരനോട് ഒരു ടെലിവിഷൻ ഇന്റർവ്യൂവർ ചോദിച്ചു. ഇത്രയും ഇടപെടലുകൾ നടത്തുന്ന നിങ്ങൾ ദിവസവും മണിക്കൂറുകൾ ഫേസ്ബുക്കിലും മറ്റും ചെലവഴിക്കുന്നുണ്ടാവുമല്ലേ? ചെറുപ്പക്കാരന്റെ മറുപടി ഇന്റർവ്യൂവിനെ പോലും അത്ഭുതപ്പെടുത്തി "ഇല്ല, അധികം സമയമൊന്നും ചെലവഴിക്കാറില്ല. ഒരു പോസ്റ്റ് ഇട്ടു കഴിഞ്ഞാൽ പിന്നെ അടുത്ത പോസ്റ്റ് ഇടാനാണ് ഞാൻ ലോഗിൻ ചെയ്യുക. കമന്റുകളും ലൈക്കുകളും ചെക്ക് ചെയ്ത് സമയം കളയാൻ ഞാനില്ല".

പ്രിയ ടീനേജേഴ്സ്, സോഷ്യൽ മീഡിയ എന്ന വലിയ പ്ലാറ്റ്ഫോമിനെ വിവേകത്തോടെ ഉപയോഗിച്ച് സർഗാത്മകമായി വളരാൻ നിങ്ങൾക്ക് കഴിയട്ടെ. ക്രിസ്തുവിന്റെ സുവിശേഷം ലോകമെങ്ങും പകരാൻ നിങ്ങളുടെ വിരൽത്തുമ്പുകൾക്ക് കഴിയും തീർച്ച✦

### ടെക്സ്റ്റ് നെക്ക് സിൻഡ്രോം!
*പേര് നല്ല രസമുണ്ടല്ലേ?*

തുടർച്ചയായി ധാരാളം സമയം തല കുമ്പിട്ട് കൈയിലെ സ്മാർട്ട് ഫോണിൽ ടെക്സ്റ്റ് ചെയ്യുകയോ വീഡിയോ കാണുകയോ ഒക്കെ ചെയ്യുന്നതുകൊണ്ട് കഴുത്തിനുണ്ടാകുന്ന ക്ഷതവും അനുബന്ധ പ്രശ്നങ്ങൾക്കും കൊടുത്തിരിക്കുന്ന പേരാണ് 'ടെക്സ്റ്റ് നെക്ക് സിൻഡ്രോം'. ഇതുമൂലം കഴുത്തിലെ മസിലുകൾ ദുർബലമാകുകയും കഴുത്തിലും തോളിലും വേദന തുടങ്ങി നിരവധി രോഗലക്ഷണങ്ങൾ പ്രകടമാകുന്നു. ഡോ. ഡി.എൽ. ഫിഷ്മാനാണ് ഈ രസികൻ പേരിനു പിന്നിലെ വ്യക്തി.

അനിത ജോജി



*സ്കൂൾ കൗൺസിലർ, ചാവറ പബ്ലിക് സ്കൂൾ, പാലാ*

TEEN SPIRIT

**MY STORY**

# ക്ഷമിക്കാൻ 'അമ്മ' എന്നെ പഠിപ്പിച്ചു.

കഴിഞ്ഞ ദിവസം എന്നെ ഏറെ എളിമപ്പെടുത്തിയ ഒരു സംഭവം എന്റെ വ്യക്തിജീവിതത്തിൽ ഉണ്ടായത് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ അഗ്രഹിക്കുന്നു.

ഞാൻ സ്വന്തം അപ്പച്ചനെപ്പോലെ സ്നേഹിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ പപ്പാ എന്നു വിളിക്കുന്ന എന്റെ ഫാദർ ഇൻ ലോ. ഏറെ പ്രാർഥിക്കുന്ന ഒരു മനുഷ്യനാണ് അദ്ദേഹം. എന്റെ പപ്പ മാത്രമല്ല ഒരു നല്ല സുഹൃത്തുകൂടിയാണ് അദ്ദേഹം.

ഒരു ദിവസം ഏറെ അവിചാരിതമായി അദ്ദേഹവുമായി ഒരു നിസ്സാരകാര്യത്തിന് ഞാൻ വഴക്കുണ്ടാക്കി, ഒരു ദിവസം മുഴുവൻ ഞങ്ങൾ സംസാരിക്കാതെയായി. എനിക്ക് പപ്പായോട് അനുരഞ്ജനപ്പെടണമെന്നുണ്ട്. പക്ഷേ, കഴിയുന്നുണ്ടായിരുന്നില്ല. ഒന്നു താഴ്ന്നുകൊടുക്കാനും എളിമപ്പെടാനും കഴിയുന്നതിൽനിന്ന് എന്നിലെ അഹംബോധം എന്നെ തടയുന്നതായി എനിക്ക് തോന്നി. വിശുദ്ധ കുർബാനയിൽ സമർപ്പിച്ച് പ്രാർഥിച്ചിട്ടും ഞാൻ എളിമപ്പെടാത്തതുകൊണ്ട് പപ്പായുമായുള്ള അകൽച്ച അങ്ങനെതന്നെ നിലനിന്നു.

പിറ്റേന്ന് രാവിലെ വി.കുർബാനയ്ക്കു ശേഷം പള്ളിയിൽ ഇരിക്കുമ്പോൾ ഇക്കാര്യം പരിശുദ്ധ അമ്മയോട് പറയണമെന്ന് എനിക്ക് ഒരു പ്രേരണയുണ്ടായി. ജപമാല മാസത്തിനായി അണിയിച്ചൊരുക്കിയ മാതാവിന്റെ



രൂപത്തിനു മുന്നിൽ, എന്നെ എളിമപ്പെടുത്തണമേ, അമ്മ ഇടപെടണമേ എന്നു ഞാൻ ആത്മാർഥമായി പ്രാർഥിച്ചു.

തിരിച്ച് വീട്ടിലെത്തി ഞാൻ ജോലികളിൽ മുഴുകി. ഇതേസമയം ജോലി സ്ഥലത്തായിരിക്കുന്ന ഭർത്താവ് ജപമാല ചൊല്ലി പ്രാർഥിക്കുകയായിരുന്നു. എട്ടുമണിയോടെ അദ്ദേഹം വീട്ടിലേയ്ക്ക് വിളിച്ചു. പപ്പായുടെ ഫോണിലേയ്ക്കാണ് അദ്ദേഹം വിളിച്ചത്. ജപമാല ചൊല്ലിയപ്പോൾ ഉണ്ടായ പ്രചോദനം അനുസരിച്ചാണ് താൻ വിളിച്ചതെന്ന് അദ്ദേഹം പിന്നീട് എന്നോട് പറഞ്ഞു. എന്റെ ഭർത്താവിനോട് സംസാരിച്ചശേഷം പപ്പ എന്നെ അടുത്തേയ്ക്ക് വിളിച്ചു. എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം എന്നോട് ക്ഷമ ചോദിച്ചു. സത്യത്തിൽ എന്റെ ഭാഗത്താണ് തെറ്റ്. ഞാനാണ് ക്ഷമ ചോദിക്കേണ്ടത്. ഈ ബോധ്യത്താൽ പപ്പായോട് ഞാൻ മാപ്പു ചോദിച്ചു. എളിമപ്പെടാൻ കഴിയാതിരുന്ന എന്റെ ജീവിതാവസ്ഥയിൽ പരിശുദ്ധ അമ്മ എന്റെ ഭർത്താവിലൂടെ ഇടപെട്ടു എന്ന് ഞാൻ വിശ്വസിക്കുന്നു.

കുട്ടികളെ ഏറെ ഉപദേശിക്കുകയും ആത്മീയ ജീവിതം നയിക്കുന്നു എന്ന് സ്വയം കരുതുകയും ചെയ്യുന്ന എന്നെ, ഞാൻ ഒന്നുമല്ലെന്ന് ബോധ്യപ്പെടുത്തിയ ഒരു സംഭവമായിരുന്നു അത്. മാതാവിന്റെ മധ്യസ്ഥം ഒരിക്കൽ കൂടി അനുഭവിച്ച നിമിഷം. ദൈവത്തിന് നന്ദി.


## LOGOS






ഷൈന ഹിലാരി

## SMILEY






സിയോൻ ജോസഫ്

## JY NEWS



### സൺഡേ ഫുൾടൈമേഴ്സ്

ഞായറാഴ്ചകളിൽ മുഴുവൻ സമയവും ഇടവകകൾ സന്ദർശിക്കുവാനും യുവജനങ്ങളുടെ കൂടെയായിരിക്കുവാനുമായി ഇറങ്ങുന്ന പ്രതിബദ്ധതയുടെ ഒരു വർഷം. കളമശ്ശേരി ജ്യോതിർ ഭവനിൽവച്ച് കേരളത്തിലെ 8 സോണുകളിൽ നിന്ന് 15 പേർ പരിശീലനം പൂർത്തിയാക്കി, വിവിധ ഇടവകകളിലേയ്ക്ക്. ജീസസ് യൂത്തിന്റെ സൺഡേ ഫുൾടൈമേഴ്സിന്റെ മൂന്നാം ബാച്ചാണിത്.



# ആർച്ച് ബിഷപ്പ് ഡൊമിനിക് ജാല
(1951–2019)

1951 ജൂലൈ 12നാണ് ആർച്ച് ബിഷപ്പ് ഡൊമിനിക് ജാല ജനിച്ചത്. മേഘാലയയുടെ തലസ്ഥാനമായ ഷില്ലോങ്ങിലെ മാവ്‌ലയിലാണു ജനനം. ബഹുഭൂരിപക്ഷം വരുന്ന ഖാസി വിഭാഗക്കാരനായിരുന്നു. 1977 നവംബർ 19ന് ഡോൺ ബോസ്കോയുടെ ഒരു സലേഷ്യൻ വൈദികനായി. ഇദ്ദേഹം പിന്നീട് ഗുവാഹത്തിയിലെ സലേഷ്യൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ ആയി നിയമിതനായി. 1999 ഡിസംബർ 22ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇദ്ദേഹത്തെ ഷില്ലോങ്ങിലെ ആർച്ച് ബിഷപ്പായി നിയമിക്കുകയും 2000 ഏപ്രിൽ 2ന് മെത്രാഭിഷേകം നടക്കുകയും ചെയ്തു. പിന്നീട് പിതാവ് വ്യത്യസ്തമായ പല ഉത്തരവാദിത്തങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. വത്തിക്കാനിലെ ആരാധനാ തിരുസംഘത്തിലെ അംഗം, സി.സി.ബി.ഐ.യുടെ ലിറ്റർജി കമ്മീഷൻ ചെയർമാൻ, ഐ.സി.ഇ.എൽ. മെമ്പർ എന്നീ നിലകളിലെല്ലാം സേവനം ചെയ്ത ആർച്ച് ബിഷപ്പ് ഡൊമിനിക് ജാല കാലിഫോർണിയായിൽ വച്ചുണ്ടായ ഒരു വാഹനാപകടത്തിൽ ഇക്കഴിഞ്ഞ ഒക്ടോബർ 10ന് നിര്യാതനായി.

ജീസസ് യൂത്ത് മൂവ്മെന്റിനു പിതാവ് ഒരുത്തമ ഇടയനായിരുന്നു. എനിക്കു വ്യക്തിപരമായി നല്ലൊരു പിതാവും സുഹൃത്തുമൊക്കെയായിരുന്നു. ഷില്ലോങ് മിഷൻ ആരംഭിക്കുമ്പോൾ ഞാൻ പിതാവിനെ കാണാൻ ചെന്നിരുന്നു. വളരെ ഹൃദ്യവും സാധാരണക്കാർക്ക് സമീപിക്കാവുന്നതുമായ ഒരു പിതാവാണെന്നു അന്നേ എനിക്കു മനസ്സിലായി. മറ്റൊരിക്കൽ ഞാൻ ബിഷപ്പ് ഹൗസിൽ ചെന്നപ്പോൾ ഊഷ്മളമായ പുഞ്ചിരിയോടെയാണ് പിതാവെന്നെ സ്വീകരിച്ചത്. പല കാര്യങ്ങളെക്കുറിച്ചും വ്യക്തതയില്ലാതെയും കൺഫ്യൂഷൻസുമായും ചെന്ന എനിക്ക് കാര്യങ്ങളെക്കുറിച്ച് വ്യക്തതയും പ്രോത്സാഹനവുമാണ് ലഭിച്ചത്. സ്വന്തം അപ്പനോടു സംസാരിക്കുന്നതു പോലെയാണ് എനിക്കനുഭവപ്പെട്ടത്.

ഞങ്ങളുടെ പലവിധ പ്രോഗ്രാമുകളിൽ വരുവാനും വിശുദ്ധ ബലിയർപ്പിക്കുവാനും മാത്രമല്ല ഞങ്ങളോടൊപ്പം സെൽഫിയെടുക്കുവാനും പിതാവ് എപ്പോഴും മനസ്സുകാണിച്ചിരുന്നു. ശാന്തമായി കേൾക്കാനും ഉചിതമായ നിർദേശങ്ങൾ നൽകുവാനും സമയം കണ്ടെത്തുമ്പോൾ പോലും യാതൊരുവിധ തിടുക്കവും പിതാവിനില്ലായിരുന്നു.

വളരെ ലാളിത്യമുള്ള പിതാവായിരുന്നുവെന്ന് പ്രവൃത്തികളിലൂടെ നമുക്കു കാണാൻ കഴിഞ്ഞിരുന്നു. യാത്രക്കിടയിൽ വഴിയിൽ വച്ചോ മറ്റിടങ്ങളിൽ വച്ചോ കാണാനിടയായാൽ നമ്മളോടു സംസാരിക്കാൻ അദ്ദേഹം മുൻകൈ എടുക്കുകയും മറ്റു ചിലപ്പോൾ പുഞ്ചിരിയോടെ കൈവീശി അഭിവാദ്യമറിയിക്കുകയും ചെയ്യുമായിരുന്നു.

ഒരു നല്ല ഇടയന്റെ ഗുണങ്ങളെല്ലാം പിതാവിൽ ഞങ്ങൾ കണ്ടിരുന്നു. ആടുകളുടെയടുത്തേയ്ക്ക് ഇടയനെത്തുന്നതു പോലെയായിരുന്നു ഞങ്ങളുടെയനുഭവം. പിതാവേ, ഞങ്ങൾ അങ്ങയെ ഒരുപാടു സ്നേഹിച്ചിരുന്നു, അങ്ങയുടെ ലളിതസുന്ദരമായ സാന്നിധ്യം മാത്രമായിരുന്നു അതിനു കാരണം.

അങ്ങയുടെ അസാന്നിധ്യം ഞങ്ങൾക്കൊരു തീരാനഷ്ടമാണ്. എങ്കിലും ഞങ്ങൾക്കുറപ്പുണ്ട്, സ്വർഗത്തിൽ ഞങ്ങൾക്കായി മധ്യസ്ഥം വഹിക്കാൻ ഒരാളുണ്ടെന്ന്, ഞങ്ങളുടെ സ്വന്തം പിതാവ്.

*തയ്യാറാക്കിയത് ലിനു ജോൺ, അസിസ്റ്റന്റ് പ്രൊഫസർ*
*സെന്റ് ആന്റണീസ് കോളേജ്, ഷില്ലോങ്.*

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർ വായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

## ഹൈലൈറ്റ്സ്




# യഹൂദരിലെ മനംമാറ്റം

മിശിഹാ വരാനിരിക്കുന്നുവെന്നാണ് യഹൂദർ വിശ്വസിക്കുന്നത്. എന്നാൽ, ഈയടുത്ത നാളുകളിൽ അവരിലൊരു വിഭാഗം യേശുവിനെ രക്ഷകനും കർത്താവുമായി അംഗീകരിച്ചു ആരാധിക്കാൻ തുടങ്ങി. മെസിയാനിക് ജൂതർ എന്നവർ അറിയപ്പെടുന്നു. ജ്യൂസ് ഫോർ ജീസസ് (Jews for Jesus)എന്ന അന്തർദേശീയ സംഘടനയുടെ ഭാഗമായി അവർ പ്രവർത്തിച്ചു വരുന്നു. ആഗോളതലത്തിൽ മൂന്നര ലക്ഷത്തിലധികം യഹൂദർ ഇതിലെ അംഗങ്ങളാണ്. യഹൂദർ ക്രിസ്തുവിനെ അംഗീകരിച്ചുവരുന്ന ഈ കാലത്തിന് ഏറെ ചരിത്ര പ്രാധാന്യമുണ്ട്. *(നവീകരണം വാർത്താപത്രിക സെപ്റ്റംബർ)*

### സൈബർ ഇടങ്ങളിലെ തട്ടിപ്പുകാർ

സൈബർ ഇടങ്ങളിൽ വ്യാപകമായ തട്ടിപ്പുകൾ അരങ്ങേറുന്ന കാലമാണിത്. തട്ടിപ്പിനിരയായ അനേകരുടെ ജീവിതം തകർന്നിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള വിവരങ്ങളും എങ്ങനെ അതിനെ പ്രതിരോധിക്കാമെന്നും വായിക്കുക. *(സോഫിയ ടൈംസ്, ഒക്ടോബർ)*

### മരണത്തെ തിരിച്ചറിയാൻ

ഇന്ത്യൻ വേരുകളുള്ള അമേരിക്കൻ ഡോക്ടർ പോൾ കലാനിധിയുടെ 'When Breath Become Air' എന്ന ഗ്രന്ഥം രോഗത്തെപ്പറ്റിയും മരണത്തെപ്പറ്റിയും വളരെ വലിയ തിരിച്ചറിവുകൾ ലഭ്യമാക്കുന്നു. ഒരെഴുത്തുകാരനാകാനാഗ്രഹിച്ച ഡോ. പോളിന് 38 വയസ്സുള്ളപ്പോഴാണ് ശ്വാസകോശാർബുദം ബാധിച്ചത്. ആയുസ്സിൽ ബാക്കിയായ ഒന്നരവർഷംകൊണ്ട് എഴുതിയ കൃതിയാണിത്. തനിക്ക് വെന്റിലേറ്റർ മരണം ആവശ്യമില്ലെന്ന് അറിയിക്കുകയും പ്രിയപ്പെട്ട ഭാര്യയുടെയും മാസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞുമകളുടെയും മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹം അനുഭവിച്ചുകൊണ്ട് ഒരു ദീർഘയാത്രയ്ക്ക് ഒരുങ്ങുന്നതുപോലെ മരണത്തിലേക്ക് നടന്നു കയറി.

### പാൻ–ആമസോൺ സിനഡ്

ഒക്ടോബർ 6 മുതൽ 27 വരെ വത്തിക്കാനിൽ വച്ചു നടന്ന പാൻ–അമേരിക്കൻ സിനഡിന്റെ ആവശ്യകതയെപ്പറ്റിയുള്ള പുസ്തകം വളരെ പ്രാധാന്യമുള്ളതാണ്. ആമസോൺ മേഖലയെക്കുറിച്ച് പ്രത്യേകിച്ച്, കാർബൺ നിർഗമനത്തിൽ അതു നിയന്ത്രിക്കുന്ന പങ്ക്, ആയിരക്കണക്കിനു വർഷങ്ങളായി അവിടെ താമസിക്കുന്ന തദ്ദേശീയരുടെ നിലനിൽപ്, അവിടെ നടക്കേണ്ട സുവിശേഷവത്കരണം എന്നിവയെല്ലാം ചർച്ചാ വിഷയമാണ്. ഒക്ടോബർ 4 ലെ ഒസ്സെർവത്തോരെ റൊമാനോയിൽ (The daily newspaper of Vatican) ഇതു സംബന്ധിച്ച ലേഖനം ശ്രദ്ധേയമാണ്.

### പ്രവചനാതീതമായ കാലാവസ്ഥ

ഇന്ത്യയിൽ മാത്രമല്ല, ആഗോളതലത്തിൽ തന്നെ കാലാവസ്ഥ പ്രവചനം അസാധ്യമാക്കുമാറ് ഭൂമിയിൽ മാറ്റങ്ങൾ സംഭവിച്ചതായി കാലാവസ്ഥാ വിദഗ്ധനായ ഡോ. സി.കെ. രാജൻ പ്രസ്താവിക്കുന്നു. സർക്കാരും ജനങ്ങളും ഉണർന്ന് വേണ്ടവിധം പ്രതികരിച്ചില്ലെങ്കിൽ ദുരന്തങ്ങളുടെ ഒരു ഘോഷയാത്ര കാണേണ്ടിവരുമെന്ന് അദ്ദേഹം പറയുന്നു *(മാധ്യമം ആഴ്ചപതിപ്പ് ഒക്ടോബർ 21)*

### ഒറ്റയ്ക്ക് വളർന്ന് ഒരുമിച്ചു തകരുന്ന സഭ

ദീപികയിലെ കൊച്ചേട്ടൻ ഫാ. റോയി കണ്ണൻചിറ CMI അടുത്തകാലത്തായി പ്രവാചക സ്വഭാവത്തോടെ പലതും എഴുതിക്കാണുന്നു. കേരളസഭയിലെ സന്യാസ സമൂഹങ്ങളും റീത്തുകളും സംഘടനകളുമൊക്കെ ഒറ്റയ്ക്ക് വളരാൻ പരമാവധി ശ്രമിക്കുന്നുവെന്നും എന്നാൽ, പരസ്പര ബന്ധമില്ലാത്തതിനാൽ ഒരുമിച്ചു സഭ തകരാനുള്ള സാധ്യതയുണ്ടെന്നുമാണ് അദ്ദേഹത്തിന്റെ നിഗമനം. *(മലബാർ വിഷൻ, ഒക്ടോബർ)*

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ



*കുട്ടിക്കാനം മരിയൻ കോളേജിൽ കൊമേഴ്സ് ഹെഡ് ഓഫ് ദി ഡിപാർട്ട്മെന്റും, കെയ്റോസ് ഗ്ലോബൽ (ഇംഗ്ലീഷ് മാഗസിൻ) എഡിറ്റർ-ഇൻ-ചീഫുമാണ്.*
*kairosmag@kairos.global*

മിഷൻ



**കെയ്റോസ് മാസികയുടെ മുൻ ചീഫ് എഡിറ്റർ ഡോ. ചാക്കോച്ചൻ ഞാവള്ളിൽ അടുത്തയിടെ നടത്തിയ നോർത്ത് ഈസ്റ്റ് യാത്രയിൽ കണ്ടതും കേട്ടതും സ്പർശിച്ചതുമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.**

# 'അവരെ പള്ളിയിൽവച്ച് കെട്ടിക്ക്'

കഴിഞ്ഞ ഓണാവധിക്കാലത്തായിരുന്നു അത്. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലൂടെ ഒരു യാത്ര. ആസ്സാം, മേഘാലയ, അരുണാചൽ പ്രദേശ് എന്നിവയൊക്കെ ഉൾപ്പെടുന്ന ഇന്ത്യയുടെ ഏറെ പ്രത്യേകതയുള്ള ജനവിഭാഗങ്ങളുടെ ഇടയിലൂടെയുള്ള ഒരു സഞ്ചാരം.

ദേശീയ കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കത്തോലിക്കാ കോളേജുകളുടെ സംഘടനയായ സേവ്യർ ബോർഡ് ഓഫ് ഹയർ എഡ്യുക്കേഷൻ ഇന്ത്യയുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുക എന്നതായിരുന്നു ലക്ഷ്യങ്ങളിലൊന്ന്. രണ്ടു പ്രധാനപ്പെട്ട കാരണങ്ങളാണ് എനിക്ക് ഈ സമ്മേളനത്തിൽ പങ്കെടുക്കാനായിട്ടുണ്ടായിരുന്നത്. സേവ്യർ ബോർഡ് ദേശീയ അംഗം എന്ന നിലയിലാണൊന്ന്. ഞങ്ങളുടെ കോളേജിനെ (കുട്ടിക്കാനം മരിയൻ കോളേജ് (ഓട്ടോണമസ്) പ്രതിനിധീകരിച്ച് സേവ്യർബോർഡ് പ്രഖ്യാപിച്ച ബെസ്റ്റ് കോളേജ് അവാർഡ് ഏറ്റുവാങ്ങണമെന്നതായിരുന്നു രണ്ടാമത്തേത്. ഈ യാത്രയിലെ ചിലകാഴ്ചകളും ഉൾക്കാഴ്ചകളും പറയാം.

**ഡോൺ ബോസ്കോ**–വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ എവിടെച്ചെന്നാലും ഏറ്റവും കൂടുതൽ പറഞ്ഞുകേൾക്കുന്ന ഒരു പേരാണ് ഡോൺ ബോസ്കോ. സലേഷ്യൻ സഭ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെത്തിയിട്ട് നൂറുവർഷം തികയാൻ പോകുകയാണ്. ആർക്കും ഒരിക്കലും തുടച്ചു മാറ്റാൻ വയ്യാത്തൊരു സ്വാധീനമായി സലേഷ്യൻ സഭയും ഡോൺ ബോസ്കോ എന്ന പേരും അവിടെ മാറിക്കഴിഞ്ഞിട്ടുണ്ട്. ആ പേരിൽ സ്കൂളുകളും കോളേജുകളും നിരവധി, ഇപ്പോൾ യൂണിവേഴ്സിറ്റിയും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

നൂറു കണക്കിന് മിഷണറിമാരുടെ ആ ജീവനാന്ത സമർപ്പണമാണ് സമൂഹത്തെ മുഴുവൻ സ്വാധീനിക്കുന്ന വിധത്തിലുള്ളൊരു സാന്നിധ്യമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഡോൺ ബോസ്കോ സലേഷ്യൻ

**സഭയെന്തിന് സ്ഥാപനങ്ങൾ നടത്തണം സുവിശേഷം അറിയിച്ചാൽ പോരേ എന്ന് ചോദിക്കുന്ന ചിലരുണ്ട്. അറിവിലൂടെ മനുഷ്യരെ മനുഷ്യമഹത്വത്തിന്റെ മഹനീയതയിലേയ്ക്ക് വളർത്തുക എന്ന ദൗത്യമാണ് ഇവിടെ നിർവഹിക്കപ്പെടുന്നത്.**



സഭയെ മാറ്റിയിരിക്കുകയാണ്.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ സഭയ്ക്കു നിലനില്പും പ്രസക്തിയും സ്വാധീനവും വർധിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സഭയെന്തിന് സ്ഥാപനങ്ങൾ നടത്തണം സുവിശേഷം അറിയിച്ചാൽ പോരേ എന്ന് ചോദിക്കുന്ന ചിലരുണ്ട്. അറിവിലൂടെ മനുഷ്യരെ മനുഷ്യ മഹത്വത്തിന്റെ മഹനീയതയിലേയ്ക്ക് വളർത്തുക എന്ന ദൗത്യമാണിവിടെ നിർവഹിക്കപ്പെടുന്നത്.

ഗ്രാമസന്ദർശനത്തിലും കുടുംബ പ്രേഷിതത്വത്തിലും ശ്രദ്ധിച്ചിരുന്ന ഒരു സന്യാസിനി സഭയുണ്ടായിരുന്നത്രെ. പിന്നീടവരൊരു സ്കൂൾ തുടങ്ങി. പതിയെ പതിയെ സ്കൂളിന്റെ വളർച്ചയിലായി ശ്രദ്ധ. ഗ്രാമസന്ദർശനങ്ങളും വീടു സന്ദർശനങ്ങളും തീരെയില്ലാതായി. അടുത്തയിടെ നടന്ന ജനറൽ ചാപ്റ്ററിൽ പ്രാരംഭ ശൈലികൾ വീണ്ടെടുക്കാൻ തീരുമാനമെടുത്തത്രേ. സ്കൂൾ ഉത്തരവാദിത്തമുള്ളവർ പോലും അവധിക്കാലത്തെങ്കിലും ഗ്രാമീണ ഭവന സന്ദർശന പരിപാടികളിൽ പങ്കുചേരണം.

ഷില്ലോംഗിലെ സെന്റ് ആന്റണീസ് കോളജിൽ ഒരുയുവജന കൺവൻഷൻ. നാലായിരത്തിലധികം പേർ പങ്കെടുത്തു. ഏതാനും വർഷങ്ങൾക്കു മുമ്പ് ഇതുപോലൊന്നു തുടങ്ങുമ്പോൾ 100–150 പേരെ കിട്ടാൻ തന്നെ ഏറെ ബുദ്ധിമുട്ടായിരുന്നു. ഒരു മുൻ ഫുൾടൈം വോളന്റിയറായ കോതമംഗലംകാരൻ സെബാസ്റ്റ്യനെയും കുടുംബത്തെയും ഷില്ലോങ് കത്തീഡ്രലിന്റെ പരിസരത്ത് കണ്ടുമുട്ടി. തുടർച്ചയായി മധ്യസ്ഥ പ്രാർഥനയും ഭവന സന്ദർശനങ്ങളും നടത്തുകയാണിവിടെ. സുവിശേഷം അറിയിക്കാനും വിശ്വാസത്തിൽ വളർത്താനുമുള്ള വിവിധ പരിശ്രമങ്ങളാണ് നടക്കുന്നത്.

ലിനു കാഞ്ഞിരപ്പള്ളിക്കാരിയാണ്. മുൻ ഫുൾടൈം വോളണ്ടിയർ, കഴിഞ്ഞ പത്തു വർഷമായി ഷില്ലോങ്ങിലെ സെന്റ് ആന്റണീസ് കോളേജിലെ ബയോ ടെക്നോളജി അധ്യാപികയാണ്. ഷില്ലോങ്ങിൽ മാത്രമല്ല വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ജീസസ് യൂത്ത് മുന്നേറ്റത്തിന് വേരോട്ടം നൽകി നട്ടുനനച്ച് വളർത്തുന്നതിൽ നിർണായകമായൊരു പങ്കാണ് ലിനു വഹിച്ചിരിക്കുന്നത്.

അടുത്തയിടെ അമേരിക്കയിൽ വച്ച് കാറപകടത്തിൽ മരിച്ച ഷില്ലോങ് അതിരൂപതയുടെ മെത്രാൻ റവ. ഡോമിനിക് ജാല, (ജീസസ് യൂത്തിന്റെ മഹാനായ ഒരു അഭ്യുദയകാംഷിയായിരുന്നു) മേഘാലയയിലെ സാമൂഹിക അവസ്ഥയുടെ പശ്ചാത്തലത്തിൽ ലിനുവിനോട് ആവശ്യപ്പെട്ടത് ഒരു കാര്യമായിരുന്നു. "ഇവിടത്തെ യുവജനങ്ങളെ പള്ളിയിൽ വച്ച് വിവാഹം കഴിക്കുന്നവരാക്കുക."


മേഘാലയയിലെ രീതിയനുസരിച്ച് നിയമപരമായി വിവാഹം കഴിക്കുന്നവർ കുറവാണ്. കൂടുതലും കോ–ലിവിങ്ങ് ആണ്. നാളുകളായി ഒന്നിച്ചുജീവിക്കുകയും, കുട്ടികളുണ്ടാവുകയും ചെയ്തിരിക്കുന്നവരുടെ 'റെക്ടിഫിക്കേഷൻ' ആണ് കൂടുതലായും പള്ളികളിൽ നടക്കുന്നത്.  ഈ മേഖലയിൽ ജീസസ് യൂത്ത് പ്രവർത്തനങ്ങളിലൂടെ ചെറിയ ചലനങ്ങൾ ഉണ്ടായി തുടങ്ങിയിരിക്കുന്നു എന്നതാണ് സന്തോഷകരം.

അരുണാചൽ പ്രദേശിലെ ഇറ്റാ നഗറിൽ വച്ചാണ് ഫാ. അവിനാശിനെ കണ്ടത്. ഇപ്പോൾ 50–55 വയസ്സുണ്ടാകും. കഴിഞ്ഞ വർഷമാണ് രൂപതയ്ക്കുവേണ്ടി വൈദികനായി അഭിഷിക്തനായത്.

അതിനു മുമ്പ് ഡോൺ ബോസ്കോ ബ്രദറായിരുന്നു. ഇറ്റാനഗർ രൂപതയിലെ യൂത്ത് ഡയറക്ടറായാണ് പ്രവർത്തനം. ജീസസ് യൂത്ത് മുന്നേറ്റത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അത്ഭുതവും ആദരവും ഏറെ ഹൃദയസ്പർശിയായി. ജീസസ് യൂത്തുകാരെപ്പോലെ ആവേശവും ചൈതന്യവുമുള്ള പ്രാർഥനാ നിർഭരരായ യുവസമൂഹത്തെയാണ് ഇവിടെയും വേണ്ടത് എന്നൊക്കെ അദ്ദേഹം വീണ്ടും വീണ്ടും പറയുന്നുണ്ടായിരുന്നു. സുവിശേഷ തീക്ഷ്ണതയും മിഷണറി ചൈതന്യവുമുള്ള, ഒരു പ്രതിബന്ധത്തിനും തളർത്താനാവാത്ത പ്രതിബദ്ധതയുള്ളവരായി മുഴുവൻ ജീസസ് യൂത്തും മാറിയിരുന്നെങ്കിലെന്ന് ആശിച്ചു. അതോടൊപ്പം കെയ്റോസ് പ്രവർത്തകർക്കും സന്തോഷിക്കാം. കെയ്റോസ് മാസികയെക്കുറിച്ച് നിരവധിപ്പേർ സന്തോഷത്തോടെയും അഭിമാനത്തോടെയുമാണ് സംസാരിച്ചത്.

ഇന്ത്യയിലെ ഭൂമിശാസ്ത്രപരമായി വലുതും പക്ഷേ ജനസംഖ്യാപരമായി ചെറുതുമായ ഒരു സംസ്ഥാനമാണ് അരുണാചൽപ്രദേശ്. ആകെ ജനസംഖ്യ 13 ലക്ഷം മാത്രം. കേരളത്തിലെ ഒരു ജില്ലയിൽതന്നെ അതിന്റെ ഇരട്ടി ആളുകളുണ്ടാകും. കേരളത്തിന്റെ ഇരട്ടിയിലും വലുത് പക്ഷേ ജനസംഖ്യ മുപ്പതിലൊന്നു മാത്രം. ഇറ്റാ നഗറാണ് തലസ്ഥാനം. നിയമസഭാ മന്ദിരത്തോട് ഏറ്റവും അടുത്തുള്ള കെട്ടിടം ഇടവക ദേവാലയത്തിന്റേതാണ്. ഇറ്റാ നഗറിൽനിന്ന് മൂന്ന് മണിക്കൂർ ദൂരത്തിലുള്ള, അടുത്തയിടെ രൂപപ്പെട്ട ഇടവകയിൽ എം.സി.ബി.സി.യി.ലെ യുവവൈദികനായ ജിനു തൈപ്പറമ്പിന്റെ കൂടെയായിരുന്നു രണ്ടു ദിവസത്തെ താമസം ✦

## സിനി ടോക്സ്



ജോസഫ് അന്ത്രപ്പേർ

*കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്*
josephja@gmail.com




സ്വർഗരാജ്യത്തിൽ വലിയവൻ ആരാണ്? യേശു ഒരു ശിശുവിനെ അവരുടെ മധ്യേ നിറുത്തിക്കൊണ്ട് അരുളിച്ചെയ്തു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ. ഇതുപോലെ ഒരു ശിശുവിനെ എന്റെ നാമത്തിൽസ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു."

കുഞ്ഞുങ്ങളെ, അവരുടെ നിഷ്ക്കളങ്കതയെ, നന്മയെ ഒക്കെ സ്നേഹിക്കാത്തവർ കുറവാണ്. എന്നാൽ വി. പൗലോസ് ശ്ലീഹ പറയുന്നതുപോലെ പ്രായപൂർത്തിയാകുമ്പോൾ ശിശുസഹജമായവ നാം കൈവെടിയുന്നു. പ്രായത്തിൽ വളർന്നുവെങ്കിലും ശിശുക്കളെപ്പോലെ ചിന്തിക്കുകയും പെരുമാറുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ കഥ പറയുന്ന ചിത്രമാണ് അമ്പിളി. ഗപ്പി എന്ന ശ്രദ്ധേയ ചിത്രത്തിനു ശേഷം ജോൺ പോൾ ജോർജ് സംവിധാനം ചെയ്യുന്ന ഈ ചിത്രം, ഒത്തിരി പ്രതീക്ഷകളുടെ ഭാരവും പേറിയാണ് പ്രേഷകരിലേക്കെത്തിയത്.

കട്ടപ്പനയിലെ ഒരു ഗ്രാമത്തിൽ ജീവിക്കുന്ന, കുഞ്ഞുങ്ങളെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അമ്പിളിയുടെ ജീവിതം, അവൻ സ്നേഹിക്കുന്ന, അവനെ സ്നേഹിക്കുന്ന കുറച്ചുപേരെ വലംവയ്ക്കുന്നതാണ്. പലരും അവന്റെ നിഷ്കപടതയെ ചൂഷണം ചെയ്യുന്നു. അമ്പിളിയുടെ കളിക്കൂട്ടുകാരായ ടീനയും ബോബിക്കുട്ടനും, അവരുടെ കുടുംബവും-അതാണ് അമ്പിളിയുടെ ലോകം.

എന്നാൽ അമ്പിളിയുടെ ബാലിശമായ സ്നേഹവും സ്നേഹപ്രകടനങ്ങളും ദേശീയ സൈക്ലിംഗ് ചാമ്പ്യൻ കൂടിയായ ബോബിയെ, പലപ്പോഴും അലോസരപ്പെടുത്താൻ ഉതകുന്നതാണ്. അമ്പിളിയെ അവനായിരിക്കുന്ന അവസ്ഥയിൽ സ്നേഹിക്കുന്ന ടീന, അമ്പിളിയെ വിവാഹം കഴിക്കാനുള്ള താത്പര്യം വീട്ടിൽ പറയുകയും, അതിൽ ക്ഷുഭിതനായ ബോബി അമ്പിളിയെ ഉപദ്രവിക്കുകയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ബോബി, തന്റെ ചിരകാല സ്വപ്നമായ, തങ്ങൾ കുട്ടിക്കാലം ചെലവഴിച്ച കാശ്മീരിലേയ്ക്ക് ഒറ്റയ്ക്കുള്ള സൈക്കിൾ സവാരി തുടങ്ങുന്നു. ഈ സൈക്കിൾ പര്യടനത്തിലേക്കു ക്ഷണിക്കാത്ത അതിഥിയെപ്പോലെ അമ്പിളി എത്തുന്നതും തുടർന്ന് അവരുടെ കാശ്മീരിലേക്കുള്ള സൈക്കിൾ പര്യടനവും അതിലൂടെ ബോബി കണ്ടെത്തുന്ന സ്നേഹത്തിന്റെ തലങ്ങളുമാണ് ശേഷമുള്ള ചിത്രത്തിന്റെ ഇതിവൃത്തം.


ആത്യന്തികമായി മനുഷ്യൻ സ്നേഹത്തിനു വേണ്ടിയാണു ജീവിക്കുന്നതെങ്കിൽ പോലും സ്നേഹം നമ്മെ മടുപ്പിക്കുകയും, വീർപ്പുമുട്ടിക്കുകയും ചെയ്യുന്ന അവസ്ഥാ വിശേഷങ്ങളും വിരളമല്ല. കൗമാര പ്രായമെത്തുമ്പോൾ മാതാപിതാക്കളുടെ അതിരുകവിയുന്ന സ്നേഹം മക്കളെ മടുപ്പിക്കുന്നതും, വൈവാഹിക ജീവിതത്തിന്റെ മധ്യാഹ്നത്തിൽ ജീവിതപങ്കാളിയുടെ സ്നേഹ പ്രകടനങ്ങളിൽ വീർപ്പുമുട്ടുന്നവരും ഒക്കെ നമ്മുടെ മധ്യേ സർവസാധാരണമാണ്. തങ്ങളെ പൊതിഞ്ഞു നിൽക്കുന്ന സ്നേഹത്തെ മനസ്സിലാക്കാനുള്ള മനുഷ്യന്റെ ബുദ്ധിമുട്ടുകളും, ആ സ്നേഹത്തെ നിരസിച്ച് സ്നേഹത്തിനായി അവൻ നടത്തുന്ന യാത്രകളും അമ്പിളി ആപേക്ഷികമായി വരച്ചുകാട്ടുന്നു.

നല്ല ഒരു പ്രമേയത്തെ കൈകാര്യം ചെയ്യുമ്പോഴും തിരക്കഥയിലെ കുഞ്ഞു പഴുതുകളും കഥാപാത്രങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പോരായ്മകളും, ആസ്വാദനത്തിനു തെല്ലൊരു പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ടെങ്കിൽ പോലും അമ്പിളി നന്മയുള്ള നല്ല ഒരു ദൃശ്യാനുഭവം തന്നെയാണ്.

അനിതാ ബാബു





ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.
anithajcyriac@gmail.com




# CHRISTUS VIVIT

## (ക്രിസ്തു ജീവിക്കുന്നു)



***യുവജനങ്ങൾക്കും ലോകത്തിലെ സർവ ജനത്തിനുമായുള്ള ഫ്രാൻസിസ് മാർപാപ്പയുടെ സിനഡാനന്തര അപ്പസ്തോലിക ഉദ്ബോധനം.***

ലോകമെമ്പാടുമുള്ള യുവജനങ്ങൾ എന്നും ആവേശത്തോടെ ശ്രവിച്ചിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇന്ത്യയ്ക്ക് വളരെ ശോഭനമായ ഒരു ഭാവി പ്രവചിച്ചത് ലോകത്തിലെ ഏറ്റവും വലിയ നമ്മുടെ യുവശക്തിക്കാണ്. യുവത ശക്തിയാകണമെങ്കിൽ എണ്ണം മാത്രം പോരാ; 'ജ്വലിക്കുന്ന മനസ്സുകൾ' കൂടിവേണം. 'ജ്വലിക്കുന്ന മനസ്സി'നെ 'ജ്ഞാനത്തിലും പ്രായത്തിലും വളർന്ന, വിവേകവും വിവേചനാ ശക്തിയും സ്വഭാവ മഹിമയും ഉള്ള' എന്ന് ക്രിസ്തീയമായി നിർവചിക്കാം. യുവത്വം ഒരു ആഘോഷമാണ്. ഒരുവൻ തന്റെ ആരോഗ്യത്തിന്റെയും ചൈതന്യത്തിന്റെയും സ്വപ്നങ്ങളുടെയും ശുഭാപ്തി വിശ്വാസത്തിന്റെയും പരകോടിയിലായിരിക്കുന്ന സമയം. യൗവനത്തിൽ തന്റെ സ്രഷ്ടാവിനെ അനുസ്മരിക്കുന്നവർ (സഭാ 12,1) കൂടി ആയാൽ പിന്നെ കൂടുതലെന്തു നേടാൻ.

യുവജനത്തെ ഗൗരവത്തോടെ പരിഗണിക്കാത്തവർ നമ്മുടെ ഇടയിലുണ്ട്. യുവത്വത്തിന്റെ മഹത്വം പ്രായത്തിലല്ല, മറിച്ച് ഹൃദയത്തിലും പ്രവൃത്തിയിലുമാണ്. ഫ്രാൻസിസ് മാർപാപ്പ തന്റെ സിനഡാനന്തര അപ്പസ്തോലിക ഉദ്ബോധനത്തിൽ യുവജനങ്ങൾക്ക് അത്യന്തം പ്രചോദനാത്മകമായ രീതിയിൽ സംസാരിക്കുന്നു. ദൈവം യുവത്വത്തെ എത്രമാത്രം മാനിക്കുന്നുവെന്ന് ദാവീദ്, സോളമൻ, സാമുവൽ തുടങ്ങിയവരുടെ തെരഞ്ഞെടുപ്പിൽ നിന്ന് വ്യക്തമാണ് എന്ന് പരിശുദ്ധ പിതാവ് പറയുന്നു. ഈശോയും തന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായി തന്റെ മഹത്തായ ദൗത്യത്തിലേയ്ക്ക് ചുവടുവയ്ക്കുന്നതും തന്റെ യൗവനത്തിലാണ്. തീവ്രവാദം, ലൈംഗിക അരാജകത്വം, ദുശ്ശീലങ്ങൾ, ഡിജിറ്റൽ സാഹചര്യങ്ങൾ തുടങ്ങി യുവജനങ്ങൾ നേരിടേണ്ടി വരുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ആശങ്കകളും മാർപാപ്പ ഈ പുസ്തകത്തിൽ പങ്കുവയ്ക്കുന്നുണ്ട്.

കേരളത്തിലെ യുവജനങ്ങൾ ഭാഗ്യം ചെയ്തവരാണ്. ഇത്രയധികം സമാധാനപരമായ രാഷ്ട്രീയ അന്തരീക്ഷവും കെട്ടുറപ്പുള്ള കുടുംബങ്ങളും ഭീതിയേതുമില്ലാതെ വിശ്വാസം ജീവിക്കുവാനുള്ള അവസരവും വിദ്യാഭ്യാസത്തിനും മറ്റുമുള്ള ഭൗതിക സാഹചര്യങ്ങളുമുള്ള സ്ഥലങ്ങൾ ലോകത്ത് മറ്റധികം കാണില്ല. ഇത്രമേൽ അനുഗ്രഹിക്കപ്പെട്ടവരാകയാൽ അത്രമേൽ ഉത്തരവാദിത്വമുള്ളവരുമാകുന്നു നാം. അതുകൊണ്ട് ഫ്രാൻസിസ് പാപ്പ ആഗ്രഹിക്കുന്നതുപോലെ പ്രേഷിതരാകുവാനും ദൈവവിളിയെ തിരിച്ചറിയാനും വിശുദ്ധിയിൽ ജീവിക്കുവാനും ഈ ഗ്രന്ഥം നമ്മെ സഹായിക്കട്ടെ.



*കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, മാധ്യമം... എന്നിങ്ങനെ എല്ലാം ഈ പംക്തിയ്ക്ക് വിഷയമാണ്. ആനുകാലികമായി പങ്കുവയ്ക്കപ്പെടുന്ന ഈ കാര്യങ്ങളെ കെയ്റോസ് എങ്ങനെ നോക്കിക്കാണുന്നുവെന്ന് ഈ കോളം വ്യക്തമാക്കുന്നു. പ്രഭാഷകനും, വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ശ്രീ. സണ്ണി കോക്കാപ്പിള്ളിലാണ് ഇതിന്റെ ലേഖകൻ*

*ബന്ധപ്പെടാൻ: sunnykokkappillil@gmail.com*

## വി. മറിയം ത്രേസ്യ അസാധാരണ വ്യക്തിത്വം

എ.ഡി. രണ്ടായിരത്തിൽ നടന്ന വാഴ്ത്തപ്പെട്ട പദവിയിലേക്കുയർത്തിയ ചടങ്ങിനോടനുബന്ധിച്ചാണ് വി. മറിയം ത്രേസ്യയെപ്പറ്റി കൂടുതൽ അറിഞ്ഞത്. വിവിധ തരത്തിലുള്ള അസാധാരണ വ്യക്തിത്വം ആ ജീവിതത്തിൽ ഉൾച്ചേർന്നിട്ടുണ്ടെന്ന് അന്നു മനസ്സിലാക്കാൻ പറ്റി. ആ ജീവചരിത്രം വായിച്ചപ്പോഴാണ് ഇത്തരം വ്യക്തികൾ നൂറ്റാണ്ടുകൾക്കിടയിൽ മാത്രം പിറവി കൊള്ളുന്നവരാണെന്നു തോന്നിയത്.

വിശുദ്ധയ്ക്ക് ലഭിച്ച പഞ്ചക്ഷതങ്ങൾ, പൈശാചിക ഉപദ്രവങ്ങളും അവയെ കീഴ്പ്പെടുത്തലും, പുതിയൊരു സന്യാസ രീതി നടപ്പിൽ വരുത്താൻ കാണിച്ച അസാമാന്യ ധൈര്യം ഇവയൊക്കെ ഭക്തിയുടെ കോണിലൂടെ വീക്ഷിച്ചാൽ മതി. എന്നാൽ, പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിൽ അവരെ വിലയിരുത്തുമ്പോൾ കേരളത്തിൽ ജനിച്ച അപൂർവം വ്യക്തികളിലൊന്നായി വിരാജിച്ചു നിൽക്കുന്നത് വസൂരി ബാധിച്ചവരുടെ അടുത്തേക്കുള്ള വിശുദ്ധയുടെ യാത്രയാണ്. കുടുംബത്തിൽ ആർക്കെങ്കിലും വസൂരി ബാധ വന്നാൽ, ഒന്നുകിൽ മറ്റെല്ലാവരും ആ രോഗിയെ വിട്ടിട്ട് ഓടിപ്പോവുകയായിരുന്നു സാധാരണ കണ്ടുവന്നിരുന്നത്. അങ്ങനെ വിശന്നും ദാഹിച്ചും ഒരിറ്റുവെള്ളം കിട്ടാതെ ആളുകൾ  മരിച്ചുകൊണ്ടിരുന്ന ഒരു കാലം. അവരുടെ അടുത്തേക്ക് ശുശ്രൂഷയുമായി കടന്നുചെല്ലാനുള്ള അസാമാന്യ ധൈര്യമാണ് മറിയം ത്രേസ്യയെ ഏറെ വ്യത്യസ്തയാക്കുന്നത്. ഇന്ന് ആശുപത്രി, മരുന്ന് തുടങ്ങി എല്ലാ സൗകര്യവും ഉണ്ടായിട്ടും ഒരു ചൂടുപനിയോ, ചിക്കൻപോക്സോ പിടിപെട്ടാൽ സ്വന്തം കുടുംബത്തിലുള്ളവർ വരെ ഓടി രക്ഷപെടാൻ ശ്രമിക്കുന്നത് നമുക്ക് സുപരിചിതമാണ്. നൂറുശതമാനവും മരിക്കുമെന്ന് ഉറപ്പുള്ള ഒരു ശുശ്രൂഷയാണ് മറിയം ത്രേസ്യ ഏറ്റെടുത്തത്. എന്നാൽ, ദൈവത്തിലുള്ള അവരുടെ അടിയുറച്ച വിശ്വാസത്തിനു മുൻപിൽ അതിഭീകരമായ വസൂരിയുടെ അണുക്കൾ നിർവീര്യമായി. ഈ ഒറ്റക്കാര്യം കൊണ്ടുതന്നെ കേരളം ദർശിച്ച അപൂർവ വ്യക്തികളിലൊരാളായി വിശുദ്ധ വാഴ്ത്തപ്പെടും.

## കുട്ടികൾ ഇനി പഠിക്കണമോ?

ദൈവം ചിലപ്പോൾ പ്രവർത്തിക്കുന്നത് ആരും ചിന്തിക്കാത്ത ചിലരിലൂടെയാകാം. മനുഷ്യനിർമിത ദുരന്തങ്ങൾ കൊണ്ട് ഭൂമിയുടെ നിലനിൽപ് ഭീഷണി നേരിട്ടിട്ടും ലോക രാഷ്ട്രങ്ങൾ വേണ്ടത്ര പരിഗണന കൊടുക്കാതെ സ്വാർഥ മോഹങ്ങൾക്കായി ഭൂമിയെ ചൂഷണം ചെയ്യുന്നത് തുടർന്ന് കൊണ്ടിരിക്കുന്നതിന് ഒരവസാനം വേണ്ടേ? ഗ്രേറ്റാ തുൻബെർഗ് എന്ന സ്വീഡൻകാരി പെൺകുട്ടിയിലൂടെയാണ് ലോകം ഇന്നതിന് ഉത്തരം തേടുന്നത്. 'ഇല്ലാത്ത ഭാവിക്കു വേണ്ടി നമ്മളെന്തിനു പഠിക്കണം?' എന്ന ഗ്രേറ്റയുടെ ചോദ്യം ലോകമെങ്ങും അലയടിക്കുന്നു. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ ലോക രാഷ്ട്രങ്ങളോട് ഭൂമിയുടെ ഭാവിക്കുവേണ്ടി അവൾ ചോദ്യങ്ങളെറിഞ്ഞു. ഇന്നത്തെ രീതിയിൽ പോയാൽ ഏതാനും ദശകങ്ങൾക്കുള്ളിൽ ഭൂമിയുടെ ഭാവി അനിശ്ചിതത്തിലാണെന്ന സത്യം ആരും ഗൗരവത്തിലെടുക്കുന്നില്ല. 262 വർഷത്തിനിടെ സ്വീഡനിലുണ്ടായ ഏറ്റവും വലിയ ഉഷ്ണ തരംഗത്തിനും കാട്ടുതീക്കുമെതിരേ ക്ലാസ്സ് ബഹിഷ്കരണത്തിലൂടെയാണ് ഗ്രേറ്റ തന്റെ സമരമാർഗം തെരഞ്ഞെടുത്തത്. വെള്ളിയാഴ്ചകളിൽ പാർലമെന്റിനു മുൻപിൽ പ്ലക്കാർഡും പിടിച്ച് കുത്തിയിരുന്നാണ് സമരം അരങ്ങേറിയത്. ഇത് പതുക്കെ വിദ്യാർഥികൾ ഏറ്റെടുത്തു. അത് വിദേശ രാജ്യങ്ങളിലേക്കും പടർന്നു. ഇന്ന് ലോകമാസകലം 20 ലക്ഷത്തിലേറെ കുട്ടികൾ ഈ സമരത്തോടു ചേർന്നു പോരാടുന്നു.

പാരിസ് ഉടമ്പടിയനുസരിച്ച് കാർബൺ കുറയ്ക്കാൻ ഇന്നു പല രാജ്യങ്ങളും തയ്യാറാകുന്നില്ല. അതിൽ മുൻപന്തിയിൽ നിൽക്കുന്നത് അമേരിക്കയാണ്. ഭൂമിയിൽ ഏറ്റവും കൂടുതൽ കാർബൺ നിർഗമിപ്പിക്കുന്നത് അമേരിക്കയാണ്. ഈയിടെ കാലാവസ്ഥാ ഉച്ചകോടിയിൽ വച്ച് അമേരിക്കൻ പ്രസിഡന്റ് ട്രംപ് കടന്നുപോയപ്പോൾ അതിരൂക്ഷമായി ട്രംപിനെ നോക്കുന്ന ഗ്രേറ്റയുടെ ചിത്രം ലോകമാസകലം ചർച്ചയായി.




Image courtesy: Catholic Journal

## വനസംരക്ഷണത്തിനു വേണ്ടി


# മാർപാപ്പ


ഇക്കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ മഡഗാസ്കർ സന്ദർശനത്തിനിടെ വനം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മാർപാപ്പ ഉദ്ബോധിപ്പിക്കുകയുണ്ടായി. 'നിങ്ങളുടെ മനോഹരമായ മഡഗാസ്കർ ദ്വീപ് മരങ്ങളാലും വിവിധതരം മൃഗങ്ങളാലും സമ്പന്നമാണ്. എന്നാൽ ഈ നിധി അതിഭീകരമായ വനനശീകരണത്താൽ ഏറെ ഭീഷണിയിലാണ്. ആവാസ വ്യവസ്ഥയുടെ ഈ അപചയം നാടിന്റെയും നമ്മുടെ പൊതു ഗൃഹമായ ഭൂമിയുടെയും ഭാവിയെ വല്ലാതെ ബാധിക്കും.' *(ഒസ്സെർവത്തോരെ റൊമാനോ, ഒക്ടോബർ4).*

പാൻ-ആമസോൺ സിനഡ് വത്തിക്കാനിൽ കൂടിയതിന്റെ പധാനലക്ഷ്യങ്ങളിലൊന്ന് ആമസോൺ വനങ്ങളുടെ നിലനില്പുമാണ്. വികസനത്തിന്റെ പേരു പറഞ്ഞ് ബഹുരാഷ്ട്ര കമ്പനികളുടെ ചൂഷണം ഇനിയും അനുവദിച്ചുകൂടാ. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ന് പരിസ്ഥിതിക്ക് ഏറ്റവും ആഘാതം സൃഷ്ടിക്കുന്നത് പാറമടകളാണ്. ഇനിയൊരിക്കലും തിരിച്ചുവരാത്ത ജൈവവൈവിധ്യം പാറമടകൾ നശിപ്പിക്കുന്നു. സത്യം പറഞ്ഞാൽ, ഒരു ക്വാറിയിൽ നിന്നും കയറ്റിപ്പോയ പാറയുടെ യഥാർഥ തുക ആ നാട്ടിലെ പാവങ്ങൾക്കു കിട്ടിയിരുന്നുവെങ്കിൽ കോടീശ്വരന്മാരായി അവർ ജീവിക്കുമായിരുന്നു *(ഡോ. ടി. സജീവ് - കേരള വന ഗവേഷണ ശാസ്ത്രജ്ഞൻ).* ചുരുക്കത്തിൽ, ദൈവം എല്ലാവർക്കുമായി നൽകിയ സമ്പത്ത് ചിലർ സ്വന്തമാക്കുന്നു. എല്ലാക്കാലത്തേക്കും വേണ്ടി സൃഷ്ടിച്ച ചിലതുണ്ട്. അനന്തര തലമുറകൾക്കവകാശപ്പെട്ടത് ചൂഷണം ചെയ്യാൻ ആർക്കും അവകാശമില്ല. പുരാതന ഗ്രീസിലെ എപ്പിക്കൂരിയൻ സിദ്ധാന്തത്തിലേക്ക് ലോകം കടന്നുപോകുകയാണ്. ഗ്രീക്ക് സംസ്കാരവും പുരാതന റോമൻ സംസ്കാരവും തകർന്നതുപോലെ, ഇക്കണക്കിനുപോയാൽ ഇന്നത്തെ സംസ്കാരവും സ്വാഭാവികമായി തകർന്നടിയും. ഇതു മനസ്സിലാക്കിയിട്ടാണ് മാർപാപ്പ വളരെ ഗൗരവത്തോടെ പരിസ്ഥിതിക്കുവേണ്ടി സ്വരമുയർത്തുന്നത്.

# ഉണ്ണീശോ

സ്മാർട്ട് കിഡ്സ്


ചിത്രീകരണം: വെങ്കി


ആശയം: ആലീസ് മാത്യു

## കുഞ്ഞുകൂട്ടുകാർക്ക് ഒരു സന്തോഷ വാർത്ത


ഈ ക്രിസ്മസിന് ഉണ്ണീശോയ്ക്കുവേണ്ടി ഒത്തിരി കാര്യങ്ങൾ ചെയ്യാനൊരുങ്ങുകയല്ലേ? ഇതാ, കൺനിറയെ കാണാനും കഥ പറയാനും ഒരു സുവർണാവസരം. മനോഹരമായ ഓരോ ചിത്രങ്ങൾക്കും ഒന്നോ രണ്ടോ വരിയിൽ കുടാതെ അടിക്കുറിപ്പുകളോ കഥയോ എഴുതുക. 1, 2, 3 എന്നീ ക്രമത്തിൽ നമ്പറിട്ട് കെയ്റോസിന് അയച്ചു തരുന്നവയിൽ നിന്നും തെരഞ്ഞെടുക്കുന്നത് ഡിസംബർ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**എഴുതി അയക്കുന്ന എല്ലാവർക്കും ഒരു ക്രിസ്മസ് സമ്മാനം ഉറപ്പ്!**


പൂർണമായ മേൽവിലാസവും ഫോൺ നമ്പറും എഴുതിയ ആളുടെ ഫോട്ടോയും അയക്കേണ്ട വിലാസം:


Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030. ✉ infoin@kairos.global *(കവറിനു മുകളിൽ SMART KIDS എന്ന് എഴുതണം)*


1


2


3


4


5


6



7



8



9



10




11



12




13




14

ചിരിയും ചിന്തയും

# പറങ്കിപ്രേതം


കാർട്ടൂൺ: ജോയ്സ് കെ.ജോസ്


ആശയം: ജോസ് കുര്യൻ









## യൂത്ത് റിട്രീറ്റ് – കോട്ടയം

**SVD പ്രാർഥനാ നികേതൻ, കടുത്തുരുത്തി, കോട്ടയം**

റവ.ഡോ. കുര്യൻ മറ്റത്തിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഒരുക്കുന്ന യുവജന ധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

തിയതികൾ – 2019 നവംബർ 8-10, ഡിസംബർ 13-15

വിവരങ്ങൾക്ക്:

80866 85404, 98478 37474

---

## യൂത്ത് റിട്രീറ്റ് – കോഴിക്കോട്

**SRC ക്രൈസ്റ്റ്ഹാൾ, മാലാപറമ്പ്, കോഴിക്കോട്.**

കോഴിക്കോട് ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി ഒരുക്കുന്ന പ്രാരംഭ ധ്യാനം.

തിയതികൾ – 2019 നവംബർ 8-10, 2020 ജനുവരി 10-12, മാർച്ച് 13-15

വിവരങ്ങൾക്ക്:

ഡാർലിൻ ജോർജ് – 9497113594, നിധിൻ ജോയ് – 9961324164, SRC ഓഫീസ് – 8606182588

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21
Date of publication: 01/11/2019. ₹50.00

# ക്രിസ്മസ് സമ്മാനം!

**Hello Friends!**

## ഇത്തവണ ക്രിസ്മസിന് ഒരു സ്പെഷൽ ഗിഫ്റ്റ് ആയിക്കോട്ടെ!

ആർക്കാണ് സമ്മാനം അയക്കേണ്ടതെന്നു പറഞ്ഞാൽ മതി.
ബാക്കി കാര്യം **ഞങ്ങളേറ്റു.**

നവംബർ 25 നകം ഞങ്ങളെ അറിയിക്കുമല്ലോ.

+91 6238 279115 / +91 6238 105775
circulations@kairos.global

Merry Christmas!




*For Subscriptions:*

**കെയ്റോസ് - മലയാളം/ഇംഗ്ലീഷ്**
**ഒരു വർഷം : 550/-**
**രണ്ടു വർഷം : 1000/-**

**എങ്ങനെയൊക്കെ ചെയ്യാം:**

1. ആർക്കാണ് സമ്മാനം അയക്കേണ്ടതെന്നു പറഞ്ഞാൽ മതി. അവരുടെ മൊബൈൽ നമ്പറും തരുക. നിങ്ങൾ നൽകുന്ന തുകയ്ക്കുള്ള സമ്മാനം ഞങ്ങളെത്തിക്കാം.
2. www.kairos.global വഴി ഓൺലൈനായും ബുക്ക് ചെയ്യാം.
3. നിങ്ങൾക്കാവശ്യമുള്ള കെയ്റോസ് മാസികയ്ക്ക് ബാങ്ക് വഴി പണമടച്ചതിന്റെ വിവരങ്ങളും മറ്റും വാട്ട്സാപ്പ് വഴിയോ ഇ-മെയിലിലോ അറിയിക്കുക.
4. സമ്മാനം സബ്സ്ക്രിപ്ഷനായി ചെയ്യാനാഗ്രഹിക്കുന്നവർ സബ്സ്ക്രിപ്ഷൻ എടുത്തതിന്റെ വിവരങ്ങൾ അറിയിക്കുക.
5. സമ്മാനം നൽകാൻ മറ്റൊരു വഴികൂടിയുണ്ട്: പത്തോ ഇരുപതോ മാസിക ഒരിടവകയിലേക്കോ മറ്റേതെങ്കിലും സ്ഥലത്തേക്കോ മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി അയച്ചുകൊടുക്കാം. ഒരു വർഷത്തേയ്ക്ക്.

**Bank Details:**
IFSC FDRL 0001012, KAIROS TRUST
SB A/c No. 13060100110898
FEDERAL BANK, KALAMASSERY

**Mailing Address:**
Kairos Media, 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

www.kairos.global

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662